# ട്രേഡ് യൂണിയൻ

2021 ഒക്ടോബർ
വാല്യം: 44 ലക്കം: 08






5 **മരണമില്ലാത്ത രാജൻ**
കാനം രാജേന്ദ്രൻ

8 വൈദ്യുതി തൊഴിലാളികളുടെ ധീരനായ നേതാവ്
എം പി ഗോപകുമാർ

9 തൊഴിലാളി പ്രവർത്തനം ജീവിത വ്രതമാക്കിയ നിർഭയനായ പോരാളി
കെ.ജി. ശിവാനന്ദൻ

11 സഖാവ് ശിവരാജൻ മാതൃകാ കമ്മ്യൂണിസ്റ്റ്
ടി.ജെ. ആഞ്ചലോസ്

13 ധനസമ്പാദന പദ്ധതി സ്വകാര്യവൽക്കരണത്തേക്കാൾ വിനാശകരം
വഹിദ നിസാം

17 അശാന്തി പടർത്തുന്ന നവ ബാങ്കിംഗ് രീതികൾ
കെ പി രാജേന്ദ്രൻ

20 വേജ് കോഡിൽ പതിയിരിക്കുന്ന ചതിക്കുഴികൾ
അഡ്വ. വി.ബി. ബിനു

21 സ്വകാര്യവൽക്കരണം: രാഷ്ട്ര പരമാധികാരത്തിനു ഭീഷണി
എസ്. രാമകൃഷ്ണൻ

25 പുന്നപ്ര -വയലാർ സമരം; അതിജീവനത്തിന്റെ പോരാട്ടം
ഡി.പി. മധു






6 **സഖാവ് എ എൻ രാജൻ**
കെ പി രാജേന്ദ്രൻ

28 ചെ ഗുവേരയുടെ ജീവിത കഥ, പോരാട്ടത്തിന്റേയും

31 ദാരിദ്ര്യത്തിനെതിരായ പോരാട്ടം



വിലാസം :
എ.ഐ.ടി.യു.സി കേരള സംസ്ഥാന കൗൺസിൽ ഓഫീസ്, പി.എസ് സ്മാരകം, വൃന്ദാവൻ ഗാർഡൻ, പട്ടം പാലസ് പിഒ., തിരുവനന്തപുരം 4. ഫോൺ : 0471 2443634, 2441579
ഇമെയിൽ: aituckerala@gmail.com



ചീഫ് എഡിറ്റർ: കാനം രാജേന്ദ്രൻ
പത്രാധിപസമിതി: കെ.പി. രാജേന്ദ്രൻ, ജെ. ഉദയഭാനു, വി.ബി. ബിനു, ആർ. പ്രസാദ്, എം.പി. ഗോപകുമാർ, എം.ജി. രാഹുൽ, കവിത രാജൻ
കവർ ഡിസൈൻ, ലെഔട്ട്: അനീഷ് കെ.പി.

## DEPARTMENT OF ECONOMICS & STATISTICS

No.DES/859/2021-P3(1) Thiruvananthapuram, 18/10/2021

### Consumer Price Index Numbers for Agricultural Labourers and Industrial Workers for the Month of August 2021

Vide G.O.(MS) No.103/2013/LBR. dated 31-8-2013 of Labour and Skills (E) Department , Government of Kerala and the G.O.(MS) No. 34/2015/LBR. dated 26-03-2015 published in the Kerala Gazette extra ordinary No.19 ( Vol.IV ) dated 12-05-2015.

| Slno. | Centre | Linking Factor* | Index Numbers for Base : 2011-12 = 100 | | Estimated Indices for Base : 1998-99 = 100 | |
|---|---|---|---|---|---|---|
| | | | July 2021 | August 2021 | July 2021 | August 2021 |
| 1 | Thiruvananthapuram | 2.11 | 181 | 180 | 382 | 380 |
| 2 | Kollam | 2.09 | 176 | 175 | 368 | 366 |
| 3 | Punalur | 2.10 | 181 | 181 | 380 | 380 |
| 4 | Pathanamthitta | 2.03 | 191 | 191 | 388 | 388 |
| 5 | Alappuzha | 2.05 | 189 | 187 | 387 | 383 |
| 6 | Kottayam | 2.08 | 183 | 181 | 381 | 376 |
| 7 | Mundakayam | 2.17 | 179 | 179 | 388 | 388 |
| 8 | Idukki | 1.97 | 178 | 176 | 351 | 347 |
| 9 | Ernakulam | 2.03 | 179 | 178 | 363 | 361 |
| 10 | Chalakkuddy | 2.00 | 190 | 188 | 380 | 376 |
| 11 | Thrissur | 1.87 | 191 | 190 | 357 | 355 |
| 12 | Palakkad | 2.09 | 171 | 171 | 357 | 357 |
| 13 | Malappuram | 2.00 | 185 | 181 | 370 | 362 |
| 14 | Kozhikode | 2.02 | 186 | 184 | 376 | 372 |
| 15 | Wayanad | 1.93 | 184 | 181 | 355 | 349 |
| 16 | Kannur | 2.02 | 193 | 190 | 390 | 384 |
| 17 | Kasargod | 2.05 | 196 | 193 | 402 | 396 |

* Linking factors approved in G.O (MS) No .34/2015/LBR. dated 26-03-2015 have been used with effect from April 2015. Base in old series is 1998-99 = 100 for all centres.

The Consumer Price Index (Cost of Living Index) Numbers applicable to employees in employment under the Minimum Wages Act (Central Act XI of 1948) for the month of February 2019 as ascertained by the Director General of Economics & Statistics under clause (C) of Section 2 of the Act.


Department of Economics & Statistics
Thiruvananthapuram, Dated 18/10/2021

**Sd/-**
**Sajeevu. P. P**
**Director (i/c)**

**Website: www.ecostat.kerala.gov.in**
**Email: ecostatprice@gmail.com**

Copyright 2017 Department of Economics & Statistics

കാനം രാജേന്ദ്രൻ





# മരണമില്ലാത്ത രാജൻ

**കേ**രളത്തിലെ ട്രേഡ് യൂണിയൻ രംഗത്തിന്, പ്രത്യേകിച്ച് വൈദ്യുതി മേഖലയിലെ തൊഴിലാളികൾക്ക് ഒരിക്കലും മറക്കാനാവാത്ത നാമമാണ് എ എൻ രാജന്റേത്. തികച്ചും ആകസ്മികമായ മരണമായിരുന്നു രാജന്റേത്. അസുഖ കിടക്കയിലായിരുന്നിട്ടും മരിക്കുന്നതിന്റെ തലേ ദിവസവും വിളിച്ച് പാർട്ടി കാര്യങ്ങളും എന്റെ സുഖ വിവരങ്ങളും രാജൻ തിരക്കി. അതുകൊണ്ട് തന്നെയാണ് രാജന്റെ മരണവാർത്ത ഇപ്പോഴും വിശ്വസിക്കാൻ കഴിയാതെ വരുന്നത്.

രാജൻ ഒരു പോരാളിയായിരുന്നു. ഒരു സാധാരണ തൊഴിലാളിയായി വൈദ്യുതി ബോർഡിൽ പ്രവർത്തനമാരംഭിച്ച രാജൻ വളരെ വേഗം വൈദ്യുതി തൊഴിലാളികളുടെ അനിഷേധ്യ നേതാവായി. ഒട്ടേറെ ഭീഷണികളെയും വെല്ലുവിളികളെയും നേരിട്ടാണ് രാജൻ തൊഴിലാളി സംഘടനാ പ്രവർത്തനം നടത്തിയത്. പ്രതികാരപൂർവമായ സ്ഥലംമാറ്റൽ, പിരിച്ചുവിടൽ ഭീഷണി ഇതെല്ലാം രാജന് നേരിടേണ്ടി വന്നു. തൊഴിലാളികളുടെ അവകാശപ്പോരാട്ടങ്ങളിൽ ഇതൊന്നും രാജനെ തളർത്തിയില്ല.

തൊഴിലാളികൾ ഏത് രംഗത്തുള്ളവരായാലും സമരം ചെയ്യേണ്ടത്, പോരാടേണ്ടത് സ്വന്തം ആനുകൂല്യങ്ങൾ നേടുന്നതിനു വേണ്ടി മാത്രമല്ല സാമൂഹ്യരംഗത്തെ അസമത്വങ്ങൾക്കെതിരെ കൂടിയാവണമെന്ന് രാജൻ വിശ്വസിച്ചു. അതിനായി തൊഴിലാളികളെ സജ്ജരാക്കി.

വൈദ്യുതി മേഖലയിൽ മാത്രമല്ല. അസംഘടിത മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും രാജൻ മുൻനിന്ന് പ്രവർത്തിച്ചു. ആശുപത്രി ജീവനക്കാരുടെ സംഘടന രൂപീകരിച്ച് പ്രവർത്തിക്കാൻ അദ്ദേഹം മുൻകൈയെടുത്തു.

ട്രേഡ് യൂണിയൻ രംഗത്തും കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടനാ രംഗത്തും രാജനോടൊപ്പം പ്രവർത്തിക്കാൻ എനിക്ക് അവസരം ഉണ്ടായി. എ ഐ ടി യു സി യുടെ സംസ്ഥാന ഭാരവാഹിയെന്ന നിലയിൽ സംഘടന ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ കൃത്യമായും സത്യസന്ധമായും അദ്ദേഹം നിറവേറ്റി. സൗമ്യനായ തൊഴിലാളി നേതാവ്, പ്രക്ഷോഭകാരിയെങ്കിലും പ്രശ്നങ്ങളെ ധീരമായി നേരിട്ട നേതാവ് എന്നീ നിലകളിലെല്ലാം രാജൻ എക്കാലത്തും സ്മരിക്കപ്പെടും.

രാജന്റെ ആകസ്മികമായ വേർപാട് തൊഴിലാളി രംഗത്തിന് മാത്രമല്ല, കേരളത്തിലെ

ഇടതുപ്രസ്ഥാനത്തിനും അപരിഹാര്യമായ നഷ്ടമാണ്. രാജന്റെ സ്മരണ നമ്മുടെ വരുംകാല പ്രവർത്തനങ്ങൾക്ക് കരുത്തു പകരട്ടെ. എ എൻ രാജന്റെ ഒരിക്കലും മരിക്കാത്ത സ്മരണകൾക്കു മുമ്പിൽ ഒരുപിടി രക്തപുഷ്പങ്ങൾ അർപ്പിക്കട്ടെ.



കെ പി രാജേന്ദ്രൻ
ജനറൽ സെക്രട്ടറി,
എ.ഐ.ടി.യു.സി.

# സഖാവ് എ എൻ രാജൻ



എഐടിയുസി ദേശീയ വർക്കിംഗ് കമ്മിറ്റി അംഗവും സംസ്ഥാന വൈസ് പ്രസിഡന്റും കേരളാ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ പ്രസിഡന്റുമായ സഖാവ് എ എൻ രാജൻ അന്തരിച്ചു എന്ന വാർത്ത വിശ്വസിക്കുവാൻ കഴിയുന്നില്ല. കോവിഡ് ബാധിതനായ സഖാവിനെ തൃശൂർ അമല ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ആരോഗ്യനില മെച്ചപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, പെട്ടെന്നുണ്ടായ ഹൃദയാഘാതം മൂലം എ എൻ രാജൻ സഖാക്കളെയും സുഹൃത്തുക്കളെയും എല്ലാവരെയും ഏറെ സങ്കടപ്പെടുത്തിക്കൊണ്ട് കടന്നു പോയി. പാർട്ടി സംസ്ഥാന കൺട്രോൾ കമ്മിഷൻ അംഗമായ രാജേട്ടൻ – ഞങ്ങളെല്ലാം സഖാവിനെ അങ്ങനെയെ വിളിക്കാറുള്ളു – നിരവധി യൂണിയനുകളുടെ ഭാരവാഹിയായിരുന്നു. തന്റെ മുഖ്യപ്രവർത്തന മേഖലയായ വൈദ്യുതി മേഖലയിലെ ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിത്തങ്ങൾ വഹിക്കുമ്പോഴും മറ്റുള്ള മേഖലകളിലെ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും അവരുടെ പ്രശ്നങ്ങളിൽ ഇഴുകിച്ചേർന്ന് അവകാശസമരങ്ങൾ സംഘടിപ്പിക്കുന്നതിനും അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിലും അദ്ദേഹം വളരെ മാതൃകാപരമായി പ്രവർത്തിച്ചു എന്നത് വളരെ ആദരവോടെ സ്മരിക്കുന്നു. സംസ്ഥാന വൈദ്യുതി ബോർഡിൽ ജോലിയിൽ പ്രവേശിച്ച സഖാവ് നല്ല ഒരു ജീവനക്കാരൻ ആയിരുന്നു.

സ്വന്തം ജോലിയും അതിന്റെ ഉത്തരവാദിത്തങ്ങളും നിർവഹിക്കുന്നതോടൊപ്പം വൈദ്യുതിബോർഡിലെ ജീവനക്കാരുടെ ട്രേഡ് യൂണിയൻ നേതാവായി വളരെ വേഗത്തിൽ വളർന്നു വന്നു. എറണാകുളം ജില്ലയിൽ പിറവത്ത് ജനിച്ച സഖാവ് എറണാകുളത്തും കോട്ടയത്തും ബോർഡിലെ ജീവനക്കാരനായി ജോലി ചെയ്യുമ്പോൾ ആ ജില്ലകളിലെ എഐടിയുസിയുടെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും പ്രവർത്തനങ്ങളിൽ വളരെ സജീവമായിരുന്നു. പിന്നീട് ബോർഡിലെ ഏറ്റവും ശക്തനായ ട്രേഡ് യൂണിയൻ സംഘടനാ നേതാവായും കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ നേതൃനിരയിൽ തിളങ്ങിനിന്ന ഉശിരനായ തൊഴിലാളി നേതാവായും സഖാവ് ഉയർന്നു വന്നു. സഖാക്കൾ പി ബാലചന്ദ്രമേനോൻ, കെ സി മാത്യു, കെ എ രാജൻ, ജെ ചിത്തരഞ്ജൻ, എം സുകുമാരപിള്ള എന്നീ പ്രഗത്ഭരായ ട്രേഡ് യൂണിയൻ നേതാക്കളൊന്നിച്ച് പ്രവർത്തിക്കാൻ അവസരവും കിട്ടി. കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ പ്രസിഡന്റും ദേശീയ സംഘടനയായ ഓൾ ഇന്ത്യാ ഫെഡറേഷൻ ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസിന്റെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയുമായി ദേശീയാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരികയായിരുന്നു. ഇന്ന് വൈദ്യുതി മേഖലയിലെ എൻജിനീയർമാരും മുഴുവൻ ജീവനക്കാരും തൊഴിലാളികളും ചേർന്നുള്ള ദേശീയ സംയുക്ത വേദി വളരെ ശക്തമായ പ്രവർത്തിനങ്ങളുമായി മുന്നോട്ടു പോകുന്നു. എൻസിസിഇഇഇ (നാഷണൽ കോഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് എൻജിനീയേഴ്സ്)യുടെ നേതൃത്വത്തിൽ രാജ്യത്തെ മുഴുവൻ വൈദ്യുതി ജീവനക്കാരും ഇപ്പോൾ നടത്തിവരുന്ന ഉജ്ജ്വലമായ സമരത്തിന്റെ നേതൃത്വത്തിൽ സഖാവ് എ

എൻ രാജൻ വഹിച്ച പങ്ക് വളരെ വലുതാണ്.

വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണവും വൈദ്യുതി നിയമഭേദഗതി ബിൽ അവതരിപ്പിച്ചു പാസാക്കാനുള്ള മോഡി സർക്കാരിന്റെ നീക്കം പരാജയപ്പെടുത്താൻ ശക്തമായ തൊഴിലാളി പ്രക്ഷോഭത്തിനു കഴിഞ്ഞു എന്നത് രാജ്യത്തെ മുഴുവൻ തൊഴിലാളികൾക്കും ആവേശം നൽകുന്നതാണ്. 1968–ൽ ജോലിയിൽ പ്രവേശിച്ച അന്നു മുതൽ എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയൻ, പവർ വർക്കേഴ്സ് യൂണിയൻ, പിന്നീട് രൂപംകൊണ്ട് ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെയുമെല്ലാം നേതൃനിരയിൽ പ്രവർത്തിക്കുമ്പോൾ എ എൻ രാജന്റെ മുഖം ഒരു പ്രക്ഷോഭകാരിയുടേതാണ്. പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിട്ടുണ്ട് ഈ കാലഘട്ടത്തിൽ. വൈദ്യുതി ജീവനക്കാരെ വേട്ടയാടാനും അറസ്റ്റ് ചെയ്ത് ജയിലിലടക്കാനുമെല്ലാം നടപടി ഉണ്ടായപ്പോൾ അതിനെയെല്ലാം ഒരു പോരാളിയുടെ ഉശിരോടെ നേരിട്ട നേതാവാണ് സഖാവ്. ഒളിവിലിരുന്നും കുറേ മാസത്തെ സസ്പെൻഷനും എന്തിന് ശാരീരികമായ ആക്രമണംപോലും നേരിടേണ്ടിവന്നു. വൈദ്യുതി ജീവനക്കാരുടെ ദീർഘകാല കരാറുകൾ, സേവന വേതന കാര്യങ്ങൾ സർവ്വീസ് വിഷയങ്ങളോടൊപ്പം വർഗ്ഗബോധമുള്ള തൊഴിലാളികളായി വൈദ്യുതി തൊഴിലാളികളെ വളർത്തിയെടുക്കാനും സഖാവിന്റെ പ്രവർത്തനങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്. മികച്ച സംഘാടകനും തൊഴിലാളികളുടെ പ്രശ്നങ്ങളും വ്യവസായ തൊഴിൽ മേഖലയിലെ പ്രശ്നങ്ങളും നന്നായി അവതരിപ്പിക്കാൻ നല്ല കഴിവും പ്രാപ്തിയും പ്രകടിപ്പിച്ച മികച്ച ഒരു ട്രേഡ് യൂണിയൻ നേതാവായി സഖാവ് എല്ലാ രംഗത്തും അംഗീകരിക്കപ്പെട്ടു.

വൈദ്യുതി തൊഴിലാളികളുടെ ദീർഘകാല കരാർ ചർച്ചയിൽ സഖാവ് കാണിക്കുന്ന മിടുക്കും പ്രാഗത്ഭ്യവും ഏറെ ആദരവ് നേടിക്കൊടുത്തിട്ടുണ്ട്. അതോടൊപ്പം പൊതുമേഖലാ സംരക്ഷണവും പൊതുമേഖലാ വ്യവസായങ്ങളിലെ വിഷയങ്ങളും പഠിക്കുവാനും അതെല്ലാം നന്നായി മറ്റുള്ളവർക്കു പറഞ്ഞു കൊടുക്കാനും ക്യാമ്പയിൻ ചെയ്യാനും എഐടിയുസി നേതാവായ സഖാവിനു കഴിഞ്ഞതു കൊണ്ടുകൂടിയാണ് നിരവധി യൂണിയനുകളുടെ ചുമതല സഖാവിന് ഏറ്റെടുക്കേണ്ടി വന്നത്. തൃശൂരിലെ പീടികത്തൊഴിലാളികളുടെ സമരപാരമ്പര്യമുള്ള സംഘടനയാണ് ഷോപ്പ് എംപ്ലോയീസ് യൂണിയൻ. സഖാക്കൾ കെ കെ വാരിയരും എം എ കാക്കുവിന്റേയും നേതൃത്വത്തിൽ കെട്ടിപ്പടുത്ത ആ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റായിരുന്നു രാജേട്ടൻ. അദ്ദേഹത്തിന്റെയും ഈയിടെ വിട്ടുപിരിഞ്ഞ എം ആർ ഭൂപേശിന്റെയും നേതൃത്വത്തിലുള്ള ഷോപ്പ് എംപ്ലോയീസ് യൂണിയൻ, തൃശൂരിലെ കല്യാൺ സാരീസിലെ തൊഴിലാളികൾക്കായി നടത്തിയ 136 ദിവസം നീണ്ടുനിന്ന സമരം ശ്രദ്ധേയമായിരുന്നു. ആശുപത്രി ജീവനക്കാരുടെയും തൊഴിലാളികളുടേയും സംഘടനയായ പ്രൈവറ്റ് ഹോസ്പിറ്റൽ ആന്റ് ഫാർമസി വർക്കേഴ്സ് യൂണിയന്റെ പ്രസിഡന്റായ സഖാവിന്റെ നേതൃത്വത്തിൽ എണ്ണമറ്റ സമരങ്ങളാണ് നടന്നത്. ചെന്ത്രാപ്പിന്നി അൽ ഇല്ബാതൽ ഹോസ്പിറ്റലിലെ തൊഴിലാളികൾ നടത്തിയ 180 ദിവസം നീണ്ടുനിന്ന സമരം, തേവലക്കര കെ എ സ്പെഷ്യാലിറ്റി ആശുപത്രി ജീവനക്കാർ നടത്തിയ 106 ദിവസം നീണ്ടുനിന്ന സമരം ഇതെല്ലാം സഖാവിന്റെ നേതൃപാടവത്തിന്റെയും തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കാനും സംരക്ഷിക്കുവാനുമുള്ള നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണ്. കേരളാ ഫീഡ്സിലെ തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു നടത്തിയിട്ടുള്ള സമരങ്ങളും ഇതിൽ പ്രധാനമാണ്.

എഐടിയുസി സംസ്ഥാന വൈസ് പ്രസിഡന്റിന്റെ ചുമതല വഹിക്കുന്ന എ എൻ രാജൻ വലിയ ഉത്തരവാദിത്തങ്ങളാണ് വഹിച്ചു വന്നിരുന്നത്. കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾക്കെതിരെ സംയുക്ത സമരങ്ങളും ക്യാമ്പയിനുകളും ഇപ്പോൾ നിരന്തരമായി നടന്നുവരുന്നു. എഐടിയുസി കമ്മിറ്റികളിൽ ഈ വിഷയങ്ങൾ നന്നായി പഠിച്ച് സഖാവ് അവതരിപ്പിക്കും. ഏറ്റവും അവസാനം ലേബർ കോഡുകളുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവണ്മെന്റ് തയാറാക്കിയ കരട് ചട്ടങ്ങളിന്മേൽ ട്രേഡ് യൂണിയൻ സംഘടനകളുടെ അഭിപ്രായങ്ങൾ തയാറാക്കി സർക്കാരിനു സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതിനായി എഐടിയുസി സംസ്ഥാന കമ്മിറ്റി ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. ഞങ്ങൾ ഓൺലൈൻ യോഗങ്ങൾ തുടർച്ചയായി ചേർന്നപ്പോഴെല്ലാം ഏറ്റവും നന്നായി കാര്യങ്ങൾ അവതരിപ്പിക്കാൻ സഖാവിനു കഴിഞ്ഞു. ഇഎസ്ഐ കോർപ്പറേഷൻ സംസ്ഥാന ബോർഡ് അംഗമായിരുന്നു. ഓരോ യോഗങ്ങൾ ചേരുമ്പോഴും കോർപ്പറേഷനിൽ നിന്ന് സർക്കുലറുകളും ഉത്തരവുകളും വരുമ്പോഴെല്ലാം അതീവ ശ്രദ്ധയോടെ അതെല്ലാം നോക്കി എഐടിയുസി യൂണിയൻ നേതാക്കളെ അറിയിക്കാൻ ഏറെ താൽപ്പര്യം കാണിച്ചിരുന്നു. എഐടിയുസി ദേശീയ വർക്കിംഗ് കമ്മിറ്റിയിലെ ഏറ്റവും സജീവമായ അംഗമായിരുന്നു സഖാവ്. ദേശീയ പ്രാധാന്യമുള്ള പല വിഷയങ്ങളും അവതരിപ്പിക്കുമായിരുന്നു. കഴിഞ്ഞ വർക്കിംഗ് കമ്മിറ്റി യോഗത്തിൽ സഖാവ് അവതരിപ്പിച്ചത് ഔഷധ നിർമ്മാണവുമായി ബന്ധപ്പെട്ട ഫാർമസ്യൂട്ടിക്കൽ സ്വകാര്യ കമ്പനികളുടെ കടുത്ത ചൂഷണം, ഫാർമസ്യൂട്ടിക്കൽ മേഖലയുടെ ദേശസാൽക്കരണം, കോവിഡ് വാക്സിനേഷൻ ഉല്പാദനം എന്നിവയുമായി ബന്ധപ്പെട്ടവയായിരുന്നു.

33 വർഷമായി രാജേട്ടൻ തൃശൂരിലാണ് കുടുംബമായി താമസിക്കുന്നത്. ഭാര്യ ഡോ.ടി.ഗിരിജ ആയുർവേദ കോളജിൽ പ്രൊഫസറായി ജോലിയിൽ പ്രവേശിച്ചത് മുതൽ രാജേട്ടൻ തൃശൂർക്കാരനായി. കോലഴിയിൽ താമസിക്കുമ്പോൾ ആ നാട്ടുകാർക്കെല്ലാം പ്രിയപ്പെട്ടവനായി മാറി. ജില്ലാ പഞ്ചായത്തിലേക്ക് മുളംകുന്നത്തുകാവ് ഡിവിഷൻ സിപിഐക്ക് അനുവദിച്ചപ്പോൾ എൽഡിഎഫ് സ്ഥാനർത്ഥിയായി സഖാവ് മത്സരിച്ചു ജയിച്ചു. തൃശൂർ ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായി. ജില്ലാ പഞ്ചായത്തിൽ ഏറ്റവും ആദരവും അംഗീകാരവും നേടിയ ജനപ്രതിനിധിയായി. ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിച്ച് നേതൃത്വം കൊടുത്തുവരുന്ന സന്ദർഭത്തിലാണ് സഖാവിന്റെ അപ്രതീക്ഷിത വേർപാട്. എഐടിയുസി കമ്മിറ്റികളിലും പാർട്ടി കമ്മിറ്റികളിലുമെല്ലാം ഞങ്ങളെ ശാസിക്കാനും തെറ്റുകൾ ചൂണ്ടിക്കാണിച്ചു തിരുത്തിക്കാനുമുള്ള ഒരവകാശം രാജേട്ടന് ഉണ്ടായിരുന്നു. നിലപാടുകളിൽ ഉറച്ചു നിന്ന് അഭിപ്രായം പറയാനും വിട്ടുവീഴ്ചയില്ലാതെ തൊഴിലാളി വർഗ്ഗ രാഷ്ട്രീയ പ്രതിബദ്ധത ഉയർത്തി ക്കാണിക്കാനും പ്രിയ സഖാവ് എ എൻ രാജൻ എന്നും മുൻപന്തിയിൽ നിറഞ്ഞു നിന്നിരുന്നു. ലാൽ സലാം സഖാവേ.....

**എം പി ഗോപകുമാർ**
സെക്രട്ടറി, എ.ഐ.റ്റി.യു.സി സംസ്ഥാന കൗൺസിൽ
ജനറൽ സെക്രട്ടറി, കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ






# വൈദ്യുതി തൊഴിലാളികളുടെ ധീരനായ നേതാവ്

രാഷ്ട്രീയ ട്രേഡ് യൂണിയൻ രംഗത്ത് അതുല്യമായ സംഭാവനകൾ നൽകിയ അനന്യ വ്യക്തിത്വമായിരുന്നു എ എൻ രാജൻ. നാലര പതിറ്റാണ്ടിലേറെക്കാലം സംസ്ഥാന വൈദ്യുതിരംഗത്തെ എല്ലാ തൊഴിലാളി മുന്നേറ്റങ്ങൾക്കും ധീരമായി നേതൃത്വം നൽകാൻ സ.രാജന് കഴിഞ്ഞിട്ടുണ്ട്.

കാറ്റഗറി അടിസ്ഥാനത്തിൽ ഭിന്നിച്ചുനിന്നിരുന്ന വൈദ്യുതി ജീവനക്കാരെ വർക്കേഴ്സ് ഫെഡറേഷൻ എന്ന പൊതു സംഘടനയ്ക്കും എഐടിയുസിക്കും കീഴിൽ അണിനിരത്താൻ ജെ ചിത്തരഞ്ജൻ, പി ബാലചന്ദ്രമേനോൻ, കെ എ രാജൻ, കെ സി മാത്യു, എം സുകുമാരപിള്ള എന്നിവരോടൊപ്പം സജീവ നേതൃനിരയിൽ എ എൻ രാജനുമുണ്ടായിരുന്നു. തൊഴിലാളിപക്ഷ നിലപാടുകളിൽ വിട്ടുവീഴ്ച ചെയ്യാതെ ധീരമായി മുന്നേറിയ രാജൻ പലകുറി അധികാരികളുടെ പ്രതികാര നടപടികൾക്ക് വിധേയനായിട്ടുണ്ട്. കടുത്ത നടപടികൾക്കും ചിറകരിയലുകൾക്കും വിധേയനാകുമ്പോഴും തൊഴിലാളി വർഗ താൽപര്യം അടിയറവയ്ക്കാതെ മുന്നേറുന്നതിൽ ധീരമായ നിലപാടാണ് അദ്ദേഹം എക്കാലവും സ്വീകരിച്ചിട്ടുള്ളത്.

1970 കളുടെ തുടക്കത്തിൽ തന്നെ വൈദ്യുതി തൊഴിലാളി സംഘടനാ പ്രവർത്തനരംഗത്ത് നിലയുറപ്പിച്ച സ.രാജൻ എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയൻ, പവർ വർക്കേഴ്സ് യൂണിയൻ, കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ, ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ്, നാഷണൽ കോഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് എൻജിനീയേഴ്സ് എന്നിവയുടെ നേതൃസ്ഥാനത്ത് മാതൃകാ പ്രവർത്തനങ്ങൾ കാഴ്ച വച്ചു. കേരളത്തിന്റെ നാല് ചുവരുകൾക്കപ്പുറം ദേശീയ തലത്തിലേക്കും ഊർജ്ജരംഗത്ത് സ.രാജന്റെ പ്രവർത്തനങ്ങൾ വ്യാപിച്ചു. ഇന്ത്യൻ വൈദ്യുതി തൊഴിലാളികളുടെ ഏറ്റവും വലിയ സംഘടനയായ ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസിന്റെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയായി ചുമതല നിർവഹിച്ചുവരികയായിരുന്നു.

ഊർജ്ജരംഗത്തെ വിവിധ വിഷയങ്ങൾ ആഴത്തിൽ പഠിക്കാനും അത് തൊഴിലാളികൾക്ക് മനസിലാക്കി കൊടുക്കാനുമുള്ള രാജന്റെ കഴിവും തൊഴിൽ വിഷയങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ മാനേജ്മെന്റുമായി കണിശമായി വിലപേശി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിൽ പുലർത്തിയിട്ടുള്ള മാതൃകയും അദ്ദേഹത്തെ ഊർജ്ജരംഗത്തെ തൊഴിലാളി പ്രവർത്തനരംഗത്ത് മുൻനിര നേതാവാക്കി മാറ്റി. എഐടിയുസി സംസ്ഥാന വൈസ് പ്രസിഡന്റും സിപിഐ കേരള സംസ്ഥാന കൺട്രോൾ കമ്മിഷൻ അംഗവുമായി പ്രവർത്തിച്ചു വന്നിരുന്ന സ.രാജൻ സംഘടിത അസംഘടിത മേഖലകളിലെ നിരവധി ട്രേഡ് യൂണിയൻ സംഘടനകളുടെ സ്ഥാപകനും നേതാവുമാണ്.

വൈദ്യുതി ബോർഡിലെ അംഗീകൃത തൊഴിലാളി സംഘടനയായ കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ (എഐടിയുസി) പ്രസിഡന്റായ സ.എ എൻ രാജന്റെ നിര്യാണം ഊർജ്ജമേഖലയിലെ സംഘടനാരംഗത്ത് വലിയ വിടവാണ് സൃഷ്ടിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ അപരിഹാര്യമായ ദേഹവിയോഗത്തിൽ കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ അനുശോചനം രേഖപ്പെടുത്തുന്നു.

കെ.ജി. ശിവാനന്ദൻ

# തൊഴിലാളി പ്രവർത്തനം ജീവിത വ്രതമാക്കിയ നിർഭയനായ പോരാളി

സഖാവ് എ.എൻ.രാജന്റെ അപ്രതീക്ഷിതമായ ദേഹവിയോഗവാർത്ത വിശ്വസിക്കാൻ മിക്കവരും പ്രയാസപ്പെട്ടു. പലരും പാർട്ടി കേന്ദ്രങ്ങളിലും ടി.യു.ഓഫീസുകളിലും വിളിച്ച് സ്ഥിരീകരിക്കുകയായിരുന്നു. തൊഴിലാളി പ്രസ്ഥാനത്തേയും തൊഴിലാളികളേയും പ്രാണനുതുല്യം സ്നേഹിച്ചിരുന്ന നേതാവായിരുന്നു എ.എൻ.രാജൻ. കോവിഡ് മഹാമാരി നിരവധി പ്രിയപ്പെട്ടവരുടെ ജീവൻ കവർന്നെടുത്തിരുന്നു. കോവിഡ് ബാധിതനായിരുന്നെങ്കിലും ഹൃദയാഘാതം മൂലമാണ് മരണം എന്നാണ് മരണവാർത്ത പുറത്തുവിട്ടുകൊണ്ട് ആശുപത്രി അധികൃതർ പറഞ്ഞത്. ഒക്ടോബർ 4 ന് രാവിലെ 10 മണിയോടടുത്ത സമയത്തായിരുന്നു മരണം സംഭവിച്ചത്.ഊർജ്ജസ്വലതയോടെയുള്ള നടപ്പും സംസാരവുമെല്ലാം ഒളിമിന്നൽ വേഗത്തിൽ മനസ്സിലൂടെ കടന്നുപോയി. അടുത്ത് പരിചയമുള്ളവരെല്ലാം അദ്ദേഹത്തെ വിളിച്ചിരുന്നത് രാജേട്ടൻ എന്നായിരുന്നു.

രാജേട്ടന്റെ ഭാര്യ ഗിരിജ ആയുർവേദ ഡോക്ടർ ആണ്. ആശുപത്രിയിൽ ചികിത്സക്ക് ചെന്ന അവരിൽ പരിശോധന നടത്തിയപ്പോഴാണ് കോവിഡ് പോസറ്റീവ് ആണെന്നറിഞ്ഞത്. ഭാര്യയ്ക്ക് കോവിഡ് ബാധിച്ചതിനാൽ രാജേട്ടൻ കോറന്റെയിനിലായി. ഡോക്ടറുടെ നിർദ്ദേശങ്ങൾ മാനിച്ച് ഭാര്യയെ പരിചരിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. കോറന്റെയിനാലാണെങ്കിലും ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. പ്രവർത്തകരെ വിളിച്ച് കാര്യങ്ങൾ അന്വേഷിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ സംസ്ഥാന സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചതിനാൽ സമ്മേളന പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. സഹധർമ്മിണിയുടെ രോഗം മാറി, നെഗറ്റീവ് സ്ഥിരീകരിക്കുകയും ചെയ്തു. ഫോൺ സംഭാഷണത്തിൽ അനുഭവപ്പെട്ട ഒച്ചയടപ്പും തൊണ്ട വേദനയും മനസ്സിലാക്കിയ സഖാക്കളുടെ നിർബന്ധ പ്രകാരം നടത്തിയ പരിശോധനയിലാണ് കൊറോണ ബാധിച്ച വിവരം മനസ്സിലായത്. വിദഗ്ധ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഓരോ ദിവസവും പിന്നിടുമ്പോഴും ഭേദപ്പെട്ട അനുഭവമാണ് ഉണ്ടായത്. വേഗത്തിൽ സുഖം പ്രാപിച്ച് ഉത്തരവാദിത്ത നിർവഹണത്തിലേക്ക് മടങ്ങണമെന്ന ആഗ്രഹം ഡോക്ടർമാരുമായി പങ്ക്വെച്ചു. ഡോക്ടർമാർ നൽകിയ ആശ്വാസവചനങ്ങൾ രോഗിയെ കൂടുതൽ ഉത്തേജിതനാക്കുകയും ഉന്മേഷവാനാക്കുകയും ചെയ്തു. മരണ ദിവസം രാവിലെ പ്രഭാതഭക്ഷണം കഴിക്കുകയും

പരിശോധനയ്ക്കെത്തിയ ഡോക്ടറുമായി നടത്തിയ സംഭാഷണം മറ്റുള്ളവരുമായി ഫോണിൽ പങ്കുവെക്കുകയും ചെയ്തു. വളരെപ്പെട്ടന്നാണ് കാര്യങ്ങൾ തകിടം മറിഞ്ഞത്. ശരീരം കുഴഞ്ഞുപോകുന്ന അവസ്ഥ കണ്ട് നേഴ്സുമാർ അതിവേഗതയിൽ ഐ.സി.യുവിലേക്ക് മാറ്റാനുള്ള ശ്രമം നടത്തി. ഐ.സി.യു വിൽ അടിയന്തിര ചികിത്സ ലഭിക്കും മുമ്പെ, എല്ലാവരേയും പരിഭ്രാന്തരാക്കി രാജേട്ടൻ യാത്രയായി.

കോവിഡ് രോഗബാധിതനായിരുന്നതിനാൽ കോവിഡ് നിയന്ത്രണങ്ങൾക്കു വിധേയമായിട്ടായിരുന്നു പിന്നീടുള്ള കാര്യങ്ങൾ പാലിച്ചിരുന്നത്. പ്രിയസഖാവിന്റെ ചേതനയറ്റ ശരീരം ഒരു നോക്കുകാണാൻ ഉള്ള അവസരം പോലും കോവിഡ് –19 മുടക്കി. ശവ സംസ്കാരം 'നിളപുണ്യതീരത്ത്' നടന്നു. കോലഴിയിലെ വസതി മുതൽ ചിതയൊരുക്കിയ ഇടം വരെ വടക്കാഞ്ചേരിയിലെ എ.ഐ.വൈ.എഫിന്റെ സന്നദ്ധ സേനാംഗങ്ങൾ അനുഗമിച്ചു. സി.പി.ഐയുടെയും എ.ഐ.ടി.യു.സി.യുടെയും നേതാക്കളും ഏതാനും പ്രവർത്തകരും ശവസംസ്കാര ചടങ്ങിൽ പങ്കെടുത്തു. സഖാക്കളുടെ കണ്ഠങ്ങളിൽ നിന്നുയർന്ന അഭിവാദ്യശബ്ദങ്ങൾ അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നു. തൊഴിലാളി പ്രവർത്തകനായ കമ്മ്യൂണിസ്റ്റിന്റെ ദേഹം തീ നാളങ്ങൾ വിഴുങ്ങുന്നതിന് ഭാരതപ്പുഴയും സാക്ഷിയായി.

രാജേട്ടൻ തന്റെ തട്ടകമാക്കി തൃശ്ശൂരിനെ മാറ്റിയെടുത്തിട്ട് മൂന്നരപ്പതിറ്റാണ്ട്ക്കാലം ആയി. ജനനസ്ഥലം എറണാകുളം ജില്ലയിലെ പിറവത്തിനടുത്ത് വടുക്കുന്നപ്പുഴയിലാണ്. ജോലിയുടെ ഭാഗമായിട്ടാണ് കോലഴിയിലെത്തിയത്. കോലഴി ഗ്രാമം അദ്ദേഹത്തെ ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. ജീവിതത്തിൽ ഒരിക്കൽ മാത്രമാണ് രാജേട്ടൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലാപഞ്ചായത്തിലേക്ക് കോലഴി ഉൾപ്പെടുന്ന മുളങ്കുന്നത്ത് കാവ് ഡിവിഷണനിൽ നിന്ന് മത്സരിച്ച് ജയിച്ചു. അഞ്ച് വർഷം സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചെയർമാനായി പ്രവർത്തിച്ചു. പിന്നീട് ഒരിക്കൽ ക്കൂടി മത്സരിക്കുന്നതിനുള്ള ശ്രമം തൃശ്ശൂരിലെ പാർട്ടി കമ്മറ്റി നടത്തിയിരുന്നു. രാജേട്ടൻതന്നെ ആ ശ്രമത്തെ ശക്തിയുക്തം എതിർത്ത് തോൽപ്പിച്ചു. തനിക്കിഷ്ടം തൊഴിലാളി പ്രവർത്തനമാണെന്ന് അദ്ദേഹം തുറന്ന് പറഞ്ഞു.

ജില്ലയിലും സംസ്ഥാനത്തും ഒരേ പോലെ ട്രേഡ് യൂണിയൻ പ്രവർത്തനത്തെ നയിച്ച നേതാവായിരുന്നു എ.എൻ.രാജൻ. കെ.എസ്.ഇ.ബി.യിൽ ജോലിയിൽ പ്രവേശിച്ചക്കാലം മുതൽ തൊഴിലാളി സംഘടനയിൽ സജീവമായി. വിവിധ തസ്തികയിൽ സേവനമനുഷ്ഠിച്ചു. സബ്.എഞ്ചിനിയറായിരിക്കെയാണ് ജോലിയിൽ നിന്ന് വിരമിച്ചത്. കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ സാധാരണ അംഗമായി പ്രവർത്തനമാരംഭിച്ച സഖാവ് പടിപടിയായി ഉയർന്ന് സംസ്ഥാന പ്രസിഡന്റായി ചുമതല വഹിച്ചു. സംഘടന

ഏൽപ്പിച്ച ഓരോ ചുമതലയും വർഗ്ഗവീക്ഷണത്തോടെ, ആത്മാർത്ഥതയോടെയും സത്യസന്ധമായും നിർവ്വഹിച്ചു. വൈദ്യുതി മേഖലയിലെ ആധികാരിക ശബ്ദമായിരുന്നു സഖാവിന്റേത്. ദേശീയ അംഗീകാരവും അദ്ദേഹത്തെ തേടിയെത്തി. അഖിലേന്ത്യാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ അഡീഷണൽ സെക്രട്ടറി ജനലറൽ സ്ഥാനത്തും ചുമതല വഹിച്ച് പ്രവർത്തിച്ചു. മോദി സർക്കാരിന്റെ വൈദ്യുതി സ്വകാര്യവത്ക്കരണ നയത്തിനെതിരെ വൈദ്യുതി മേഖലയിലെ തൊഴിലാളികളുടെ ഐക്യനിര ദേശവ്യാപകമായി ഉയർത്തിക്കൊണ്ടുവരുവാനും, സന്ധിയില്ലാത്ത പോരാട്ടം സംഘടിപ്പിക്കുവാൻ തൊഴിലാളികളുടെ ദേശീയ ഫെഡറേഷന് സാധിച്ചു. കെ.സി.മാത്യൂ, കെ.എ. രാജൻ,ജെ.ചിത്തരഞ്ജൻ, എം.സുകുമാരപ്പിള്ള തുടങ്ങിയ പരിണിത പ്രജ്ഞരായ നേതാക്കൾ സഖാവിന്റെ ഗുരുതുല്യരായ സഹപ്രവർത്തകരായിരുന്നു. ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷനെ ഐ.ടി.യു.സി.യിൽ അഫിലിയേറ്റ് ചെയ്യുന്നതിൽ പ്രധാന പങ്കുവഹിച്ച നേതാവാണ് എ.എൻ. രാജൻ. തൊഴിലാളികളുടെ അവകാശ-അധികാരങ്ങൾ സംരക്ഷിക്കുന്നതിനും ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും അതീവ ശ്രദ്ധയും ശുഷ്ക്കാന്തിയും കാണിച്ചിരുന്നു. തൊഴിൽ നിയമങ്ങളിലുള്ള പരിജ്ഞാനം അതീവ ശ്രദ്ധയോടെ തൊഴിലാളികൾക്കുവേണ്ടി വിനിയോഗിച്ചു. സമരരംഗത്തും സജീവമായിരുന്നു. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ കാണിച്ചിരുന്ന നിഷ്ക്കർഷത മൂലം ജോലിയിൽ നിന്നുള്ള സസ്പെൻഷനും ജയിൽവാസവും അനുഭവിക്കേണ്ടിവന്നു. സമരരംഗത്ത് തളരാതെ പൊരുതിയ നേതാവായിരുന്നു എൻ. എൻ.രാജൻ.

വൈദ്യുത രംഗത്ത് മാത്രമല്ല നിരവധിയായ തൊഴിൽ മേഖലകളും രാജേട്ടന്റെ പ്രവർത്തനരംഗമായിരുന്നു. സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്തിരുന്നവരുടെ കുറഞ്ഞ വേതനവും കൂടിയ തൊഴിൽ സമയവും അവർ അനുഭവിക്കുന്ന കഷ്ടപ്പാടും പൊതു സമൂഹത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരുവാനും ചർച്ചാവിഷയമാക്കി മാറ്റുന്നതിനും രാജേട്ടന്റെ ഇടപെടൽ മൂലം സാധിച്ചിട്ടുണ്ട്. മറ്റ് തൊഴിലിടങ്ങളിലേതുപോലെ ആശുപത്രികൾ സമരമുഖമാക്കുവാൻ കഴിയില്ലാ എന്നതിനാൽ കൊടിയ ചൂഷണമാണ് ഈ മേഖലയിൽ നടമാടിയിരുന്നത്. സമരത്തിലൂടെയല്ലാതെ ചർച്ചകളിലൂടെയുള്ള പ്രശ്നപരിഹാര മാർഗങ്ങളാണ് ഈ മേഖലയിൽ സ്വീകരിച്ചിരുന്നത്. സഖാവിനെ ഉത്സാഹിച്ചിരുന്നത്. വ്യത്യസ്തമായ അനുഭവം ഉണ്ടായിട്ടുണ്ട്. ചെന്ത്രാപ്പിന്നിയിൽ ഒരു സ്വകാര്യആശുപത്രിയ്ക്കു മുന്നിൽ മാസങ്ങൾ നീണ്ടുനിൽക്കുന്ന സമരം നടത്തേണ്ടി വന്നു. സ്ഥാപനത്തിന്റെ തൊഴിലാളികളെ പെരുവഴിയിലാക്കി സ്ഥാപനമടച്ചിടുന്ന സമീപനം സ്ഥാപനത്തിന്റെ ഉടമ സ്വീകരിച്ചതു മൂലമാണ് മാസങ്ങൾ നീണ്ടുനിന്ന സമരം നടത്താൻ ഇടവന്നത്. പ്രത്യക്ഷസമരത്തോടൊപ്പം നിയമപരമായ പോരാട്ടവും തുടർന്നു.

തൃശ്ശൂരിലെ ഷോപ്പ് എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ നടന്ന സമരവും ചരിത്ര സംഭവമാണ്. രാജേട്ടനായിരുന്നു ആ യൂണിയന്റെ പ്രസിഡന്റ്. യാതൊരു കാരണവുമില്ലാതെ ആറ് സ്ത്രീ തൊഴിലാളികളെ ഷോപ്പ് ഉടമ പിരിച്ചുവിട്ടു. നിരവധി തവണ ചർച്ച നടത്തിയെങ്കിലും തൊഴിലാളികളെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ സ്ഥാപന ഉടമ തയ്യാറായിരുന്നില്ല. ഒടുവിൽ തൊഴിലാളികൾ സ്ഥാപനത്തിനു മുന്നിൽ സമരമാരംഭിച്ചു. സമരം 136 ദിവസം നീണ്ടു നിന്നു. കല്യാൺസാരിസിനു മുന്നിൽനടന്ന ഈ സമരം സംസ്ഥാനമാകെ ചർച്ചയായി. സമരത്തിൽ ഉന്നയിച്ചിരുന്ന ഒരാവശ്യം ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഷോപ്പുകളിൽ ജോലി ചെയ്യുന്നവർക്ക് ഇരിപ്പിടം അനുവദിച്ചിരുന്നില്ല. ഷോപ്പുകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് ഇടയ്ക്കൊന്ന് ഇരിക്കാൻ ഒരിപ്പിടമെന്ന ആവശ്യത്തെ ആദ്യമൊക്കെ ഒരുവിഭാഗം ആളുകൾ പുച്ഛത്തോടെയാണ് കണ്ടത്. പൊതുസമൂഹം ചർച്ച ചെയ്ത ഈ ആവശ്യം സംസ്ഥാന സർക്കാർ നിയമം മൂലം യാഥാർത്ഥ്യമാക്കി.

ഒന്നരപ്പതിറ്റാണ്ടായി എ.ഐ.ടി. യു.സി.തൃശ്ശൂർ ജില്ലാഘടകത്തിന്റെ പ്രസിഡന്റായി പ്രവർത്തിച്ചു വരികയായിരുന്നു രാജേട്ടൻ. ഈ ചുമതല ഏറ്റെടുക്കുമ്പോഴും സംസ്ഥാന ഭാരവാഹികളിൽ ഒരാളായിരുന്നു അദ്ദേഹം. അനവധി മേഖലകളിൽ ട്രേഡ് യൂണിയൻ രൂപീകരിക്കുന്നതിലും പ്രവർത്തനം സജീവമാക്കുന്നതിലും രാജേട്ടൻ തന്റെ കഴിവുകൾ വിനിയോഗിക്കുകയുണ്ടായി. കേരളഫീഡ്സ്, സീതാറാം ടെക്സ്റ്റയിൽസ്, അപ്പോളടയേഴ്സ്, ഐ.ടി.അലൈഡ്, കേരള ലക്ഷ്മി മിൽ, ഹാന്റ്ടെക്സ്, സീഡ് അതോറിറ്റി തുടങ്ങി നിരവധി സ്ഥാപനങ്ങളിൽ തൊഴിലാളി യൂണിയനുകളെ നയിച്ചു.

ഇന്നത്തെ ഇന്ത്യൻ സാഹചര്യങ്ങൾ, അതീവ ഗുരുതരാവസ്ഥയെ അഭിമുഖീകരിക്കുകയാണ്. ആഗോളവത്ക്കരണ-സാമ്രാജ്യത്വ സാമ്പത്തിക നയങ്ങളെ പിൻതുടരുന്ന കേന്ദ്ര സർക്കാർ നയങ്ങൾ മൂലം സ്വകാര്യവത്ക്കരണവും കോർപ്പറേറ്റ് വത്ക്കരണവും വ്യാപകമായിരിക്കുന്നു.ഇതു മൂലം മൂലധനകേന്ദ്രീകരണം ശക്തിപ്പെടുന്നു. അതിരൂക്ഷമായ തൊഴിലില്ലായ്മയും സൃഷ്ടിക്കപ്പെടുന്നു. തൊഴിൽ നിയമങ്ങളിൽ നടത്തിയ പൊളിച്ചെഴുത്തു മൂലം തൊഴിലാളി വർഗ്ഗം നേടിയെടുത്ത പരിമിതമായ തൊഴിലവകാശങ്ങൾ പോലും നഷ്ടപ്പെടുകയാണ്. ഇതുസംബന്ധമായി പഠനം നടത്തുകയും അറിവ് ആർജ്ജിക്കുകയും ചെയ്ത നേതാവാണ് എ.എൻ. രാജൻ.

നവലിബറൽ നയങ്ങളുടെ 'ചക്രവാതചുഴി' യിൽ പ്പെട്ടുകിടക്കുന്ന രാജ്യമാണ് ഇൻഡ്യ. ഇതിന്റെ അപഥസഞ്ചാരം വരുത്തിയിട്ടുള്ള വിനകൾ അനവധിയാണ്. ഇതിന്റെ ഫലമായി ഏറ്റവും കുടുതൽ അപകടം സംഭവിച്ചിട്ടുള്ളത് തൊഴിൽ മേഖലയ്ക്കാണ്. പണിയെടുക്കുന്ന ജനങ്ങളുടെ ജീവിത ദുരിതം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. ആപത്തുകളെ തിരിച്ചറിയുന്നതിനുള്ള അറിവുണ്ടാകണമെന്ന നിലപാടുകാരനായിരുന്നു എ.എൻ.രാജൻ. എങ്കിൽ മാത്രമേ പോരാട്ടങ്ങൾക്ക് ഫലം കാണുകയുള്ളുവെന്നതായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച അഭിപ്രായം. അദ്ദേഹം അക്കാര്യത്തിലൊരു മാതൃകയായിരുന്നു. സഖാവിനെപോലുള്ളവരുടെ പ്രവർത്തനം കൂടുതലായി ആവശ്യമുള്ളക്കാലമാണിത്. അങ്ങിനെയൊക്കെ ചിന്തിക്കുമ്പോൾ അദ്ദേഹത്തിന്റെ ദേഹവിയോഗം തൊഴിലാളി പ്രസ്ഥാനത്തിനുണ്ടാക്കിയിട്ടുള്ളത് കനത്ത വിടവാണ്. അത് നികത്തുകയെന്നത് ക്ഷിപ്രസാദ്ധ്യമല്ല.

രാജ്യത്ത്, തൊഴിലാളികളും കർഷകരും സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കു നിയമങ്ങൾക്കുമെതിരെ ശക്തമായ പ്രക്ഷോഭത്തിലാണ്, ട്രേഡ് യൂണിയൻ ഐക്യം കൂടുതൽ പ്രബലപ്പെടുത്തി മുന്നോട്ട് പോകേണ്ടത് കാലഘട്ടം ഏൽപ്പിച്ചിട്ടുള്ള കടമയാണ്. അതിന് പ്രചോദനമാണ് രാജേട്ടന്റെ പ്രവർത്തനവീര്യം. ആശയസമ്പന്നവും ആദർശാധിഷ്ഠിതമവുമായ അദ്ദേഹത്തിന്റെ നിലപാട് ആവേശഭരിതമാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ കാലാവസ്ഥയിലാണ് നാം ജീവിക്കുന്നത്. പുതിയ കാലത്തിന്റെ പാഠങ്ങൾ ദൈനംദിനപഠനത്തിലൂടെ സ്വാംശികരിക്കാനാകണം. പ്രസ്ഥാനത്തെ പോരാട്ടങ്ങളിലൂടെ മുന്നോട്ട് നയിക്കാൻ പ്രചോദനവും പ്രകാശരശ്മി പരത്തുന്നതുമാണ് സഖാവ് എ.എൻ.രാജന്റെ ഉജ്ജ്വല ജീവിത സ്മരണകൾ.

ടി.ജെ. ആഞ്ചലോസ്
എക്സ്.എം.പി.





# സഖാവ് എ. ശിവരാജൻ മാതൃകാ കമ്മ്യൂണിസ്റ്റ്

**ചേ**ർത്തലയിലെ പരിപാടി റദ്ദാക്കി നേരെ കായംകുളത്തേക്ക് പായുകയായിരുന്നു. ബി.കെ.എം.യു. ജില്ലാ സെക്രട്ടറി ആർ. അനിൽകുമാറിന്റെ ശബ്ദം പതറിയിരുന്നു. വേഗം പ്രധാന ആശുപത്രിയിലേക്ക് മാറ്റുവാൻ നിർദ്ദേശം നൽകി. പെട്ടെന്ന് മറുപടി വന്നു."ശിവരാജൻ ചേട്ടൻ പോയി".

രാവിലെയും തമ്മിൽ സംസാരിച്ചതാണ്. വണ്ടി അദ്ദേഹത്തിന്റെ വീട്ടിലേക്ക് തിരിച്ചു. മകൻ ഉണ്ണിയേയും കയറ്റി കായംകുളത്തേക്ക്. ഉണ്ണി മരണ വിവരം അറിഞ്ഞിട്ടില്ല. ആലപ്പുഴയിൽ നിന്നും ആർ.സുരേഷിനേയും കയറ്റി. എല്ലാ ഭാഗത്തു നിന്നും കോളുകൾ. എന്ത് മറുപടി പറയും. രാവിലെ അച്ഛനെ യാത്രയാക്കിയ മകനാണ് കൂടെയുള്ളത്. മരണ വിവരം എങ്ങനെ മകനോട്



പറയും. ഉണ്ണി നോക്കുന്നത് ഞങ്ങളുടെ മുഖത്തേക്കാണ്. കാർ ഹരിപ്പാട് എത്തിയപ്പോൾ ഉണ്ണി എങ്ങലടിച്ചു. പിന്നെ പൊട്ടിക്കരച്ചിലായി. ഞങ്ങൾ പറയാതെ ഉണ്ണി എല്ലാം ഞങ്ങളുടെ മുഖത്ത് നിന്നും ഊഹിച്ചെടുത്തു.

കായംകുളത്തെ സഖാക്കളാകെ ആശുപത്രി മുറ്റത്ത് തടിച്ചുകൂടിയിരുന്നു. കായംകുളത്തും, ഹരിപ്പാടും, അമ്പലപ്പുഴയും ഒരു നോക്ക് കാണുവാൻ സഖാക്കൾ ഒത്തു കൂടി. അദ്ദേഹം സെക്രട്ടറിയായിരിക്കുമ്പോൾ പണി കഴിപ്പിച്ച ജില്ലാ കൗൺസിൽ ഓഫീസ്സിൽ എത്തുമ്പോൾ തൊണ്ട പൊട്ടുമാറുച്ചത്തിൽ മുദ്രാവാക്യം വിളി ഉയർന്നു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ, ജനപ്രതിനിധികൾ ഉൾപ്പെടെ വൻ ജനാവലി അവിടെയുണ്ടായിരുന്നു. അവിടെ നിന്നും പാതിരപ്പള്ളിയിലെ വീട്ടിലേക്ക്.

അടുത്ത ദിവസം ഉച്ചയ്ക്ക് ഒരു മണി വരെ രാവും പകലുമായി ആയിരങ്ങളാണ് ജില്ലയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും പ്രിയ നേതാവിനെ അവസാനമായി കാണുവാനെത്തിയത്.

സംസ്ഥാന എക്സി യോഗം റദ്ദാക്കി സി.പി.ഐ. യുടെ സംസ്ഥാന നേതൃത്വം ഒന്നാകെ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രന്റെ നേതൃത്വത്തിൽ സഹപ്രവർത്തകനെ യാത്രയാക്കുവാനെത്തി. എ.ഐ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.രാജേന്ദ്രന്റെ നേതൃത്വത്തിൽ തൊഴിലാളി നേതാക്കളും രാവിലെ മുതൽ ഉണ്ടായിരുന്നു.

മന്ത്രിമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, പുരോഹിതർ, സാധാരണ തൊഴിലാളികൾ അങ്ങനെ സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവർ ആദരാഞ്ജലിയർപ്പിച്ചു.

സഖാവ് ശിവരാജന്റെ നിര്യാണത്തോടെ നഷ്ടമായത് മാതൃകാ കമ്മ്യൂണിസ്റ്റിനെയാണ്. ലാളിത്യവും സ്നേഹവും കാർക്കശ്യവും എല്ലാം മുഖമുദ്രയാക്കിയ അദ്ദേഹം പാർട്ടി നിലപാട് നടപ്പിലാക്കുന്നതിൽ വിജയിച്ചിരുന്നു. സംശുദ്ധ രാഷ്ട്രീയത്തിന്റെ പ്രതീകമായിരുന്ന സഖാവിന്റെ സംഘാടക പാടവത്തിലെ ആശയത്തെളിമ പ്രസ്ഥാനത്തിന് എന്നും മുതൽക്കൂട്ടായി. ശാന്തനും സൗമ്യനുമായ അദ്ദേഹത്തിന്റെ പെരുമാറ്റം ഉത്തമ കമ്മ്യൂണിസ്റ്റ് മാതൃകയായിരുന്നു. എത്ര ദുർഘടമായ സംഘടനാ പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ അദ്ദേഹം കാണിച്ച മാതൃക അനുകരണീയമാണ്. അദ്ദേഹ ത്തിന്റെ നിലപാടുകളിലെ ആശയ തെളിമ മൂലം പാർട്ടിക്ക് ഉണ്ടായ ഗുണം ചെറുതല്ല. പാർട്ടി ഏൽപ്പിച്ച മേഖലകളിൽ എല്ലാം കടമ നിറവേറ്റുന്നതിൽ മാതൃകാപരമായി പ്രവർത്തിച്ച അദ്ദേഹത്തിന്റെ വേർപാട് നികത്താനാകാത്തതാണ്.

കമ്മ്യൂണിസ്റ്റ് വളക്കൂറുള്ള ആര്യാട് പഞ്ചായത്തിൽ എ.ഐ.വൈ.എഫിന്റെ പ്രവർത്തകനായിട്ടാണ് പൊതു പ്രവർത്തനം ആരംഭിക്കുന്നത്. പാർട്ടിയുടെ ബ്രാഞ്ച് സെക്രട്ടറി , ലോക്കൽ സെക്രട്ടറി, മാരാരിക്കുളം മണ്ഡലം സെക്രട്ടറി, ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി, ജില്ലാ സെക്രട്ടറി, സംസ്ഥാന എക്സി അംഗം എന്നീ നിലകളിൽ തന്റെ സംഘടനാ പാടവം അദ്ദേഹം പ്രകടിപ്പിച്ചു. പാർട്ടിയുടെ വോളന്റിയർ സേനയുടെ ജില്ലാ ചുമതലക്കാരനായിരുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പിനെ തുടർന്ന് സിപിഐ പ്രവർത്തകർ രാഷ്ട്രീയ എതിരാളികളുടെ ആക്രമണങ്ങൾക്ക് തുടർച്ചയായി വിധേയമാകുന്ന കാലം. ആര്യാട് പ്രദേശത്ത് സിപിഐ പ്രവർത്തകരെ സംഘടിപ്പിക്കാനായി പാർട്ടി ചുമതല ഏൽപ്പിച്ചത് എ.ശിവരാജനെ ആയിരുന്നു. പുന്നപ്ര-വയലാർ സമരസേനാനി എൻ.കെ. രാഘവനൊപ്പം മരണം മുന്നിൽ കണ്ട നിമിഷങ്ങളും ഏറെ. രാഷ്ട്രീയ എതിരാളികൾക്ക് മാത്രമല്ല ആർക്കും അടിച്ചമർത്താൻ പറ്റുന്നതായിരുന്നില്ല കാർക്കശ്യം മുഖമുദ്രയാക്കിയ ആ മാതൃകാ കമ്മ്യൂണിസ്റ്റിനെ. എത്ര കുരുക്കഴിഞ്ഞ സംഘടനാ പ്രശ്നങ്ങളും പരിഹരിക്കാൻ പാർട്ടി പലഘട്ടത്തിൽ നിയോഗിച്ചത് എ.ശിവരാജനെ. അത്രമേൽ ഹൃദ്യമായിരുന്നു പാർട്ടി സഖാക്കളുമായുള്ള ഹൃദയബന്ധം.

ഒരു സാധാരണ പാർട്ടി പ്രവർത്തകന്റെ പ്രശ്നങ്ങൾ പോലും അദ്ദേഹത്തെ ആകുലതപ്പെടുത്തിയിരുന്നു. അത്തരം വിഷയങ്ങളിൽ സജീവമായി ഇടപെട്ടിരുന്ന എ.ശിവരാജൻ നടന്ന് കയറിയത് ജനഹൃദയങ്ങളിലേക്ക്. തൊഴിലാളി പ്രശ്നങ്ങളിലും സജീവമായി ഇടപെട്ടിരുന്ന എ ശിവരാജൻ തൊഴിലാളികൾക്കും പ്രിയപ്പെട്ടവരായി. എത്ര കാഠിന്യം നിറഞ്ഞ തൊഴിൽ പ്രശ്നങ്ങളും പരിഹരിക്കാനും അദ്ദേഹം കാണിച്ച സാമർത്ഥ്യവും തൊഴിലാളി കൾക്ക് പ്രിയപ്പെട്ടവനാക്കി. കർഷക തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും, അവരെ ധീരമായി നയിക്കുന്നതിനും മുൻപന്തിയിലുണ്ടായിരുന്ന സഖാവ് ബി.കെ.എം.യു ജില്ലാ പ്രസിഡന്റായും പ്രവർത്തിച്ചിരുന്നു.

കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്റ്ററായി ജോലി ലഭിക്കുമ്പോഴും അദ്ദേഹം ജോലിക്കൊപ്പം പൊതു പ്രവർത്തന ത്തിലും നിറഞ്ഞു നിന്നു. ബോട്ട് ക്രൂ അസോസിയേഷൻ ജനറൽ സെക്രട്ടറി, എ.ഐ.ടി.യു.സി ജില്ലാ പ്രസിഡന്റ്, ജനയുഗം കൊച്ചി യൂണിറ്റ് മാനേജർ, ആലപ്പുഴ അർബൻ ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിലെല്ലാം മാതൃകാപരമായ പ്രവർത്തനങ്ങൾ അദ്ദേഹം കാഴ്ച വെച്ചു.



വഹിദ നിസാം

(എ.ഐ.ടി.യു.സി. ദേശീയ സെക്രട്ടറി)




# ധനസമ്പാദന പദ്ധതി സ്വകാര്യവൽക്കരണത്തേക്കാൾ വിനാശകരം

**ഏ**ഴു വർഷം മുമ്പ് മോദി സർക്കാർ അധികാരത്തിലേറിയ നാൾ മുതൽ കൗതുകരങ്ങളായ പേരുകളിട്ട് പല പല പദ്ധതികൾ പ്രഖ്യാപിക്കാറുണ്ട്. ഈ പദ്ധതികളെല്ലാം തങ്ങളുടെ ചങ്ങാതിമാരും ലാഭമോഹികളുമായ കോർപ്പറേറ്റുകളുടെ മടിശീല വീർപ്പിക്കുന്ന പദ്ധതികളാണെന്ന് ഇന്ന് നാമെല്ലാം തിരിച്ചറിയുന്നു. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ധന സമ്പാദന പൈപ്പ് ലൈൻ (മോണിറ്റൈസേഷൻ പൈപ്പ് ലൈൻ) എന്ന പദ്ധതിയും അത്തരത്തിലുള്ള ഒന്നല്ലാതെ മറ്റൊന്നുമല്ല.

സ്വകാര്യവൽക്കരണം മോദി സർക്കാരിന്റെ അജണ്ടയിൽ ആദ്യം മുതൽക്കേ ഉള്ളതാണ്. ഈ നയത്തിനെതിരേ ഉയരുന്ന സാധാരണ ജനങ്ങളുടേയും തൊഴിലാളികളുടേയും കർഷകരുടേയുമെല്ലാം എതിർപ്പുകളെ സർക്കാർ പാടേ അവഗണിച്ചു കൊണ്ട് തങ്ങളുടെ അജണ്ടയുമായി മുന്നോട്ട് പോകുകയാണ്. ഇത്തവണ സ്വകാര്യവൽക്കരണത്തിന് പുതിയൊരു തന്ത്രവുമായാണ് സർക്കാർ അവതരിച്ചിരിക്കുന്നത്. തികച്ചും ആകസ്മികമായി കഴിഞ്ഞ ആഗസ്റ്റ് 23-ന് ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ ഈ തന്ത്രം പുതിയ പദ്ധതിയായി അവതരിപ്പിക്കുകയായിരുന്നു. അടുത്ത 4 വർഷം കൊണ്ട് 6 ലക്ഷം കോടി രൂപ സമാഹരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് അവർ പ്രഖ്യാപിച്ചു. അതായത് ഒരു വർഷം 1.50 ലക്ഷം കോടി രൂപ വീതം സമാഹരിക്കും. രാജ്യത്തിന്റെ പുരോഗതിക്ക് അനിവാര്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാരിന്റെ കൈവശം പണമില്ല. അതിന് വേണ്ട പണം രാജ്യത്തിന്റെ ആസ്തികൾ നടത്തിപ്പിനായി പാട്ടത്തിന് വിട്ടുകൊടുത്തുകൊണ്ട് സമാഹരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് അവർ വെളിപ്പെടുത്തി. ഇത് സ്വകാര്യവൽക്കരണമോ പൊതു സ്വത്തിന്റെ വിൽപ്പനയോ അല്ലന്നും ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തി നടത്തിപ്പ് മാത്രമാണ് കൈമാറുന്നതെന്നും അവർ വിശദീകരിച്ചു.

ആഗസറ്റ് 23 എന്ന തിയതി നാം പ്രത്യേകം ശ്രദ്ധിക്കണം. അതിനും കഷ്ടിച്ച് ഒരാഴ്ച മുമ്പാണ് പാർലമെന്റിന്റെ വർഷകാല സമ്മേളനം സമാപിച്ചത്. രാജ്യത്തെ ജനങ്ങളെ മുഴുവൻ ബാധിക്കുന്ന സുപ്രധാനമായ ഈ വിഷയം പാർലമെന്റിനെ അറിയിക്കാൻ സർക്കാർ തയ്യാറായില്ല. പൊടുന്നനെ ആകാശത്ത് നിന്നും പതിക്കുന്ന വെള്ളിടി പോലെ ആ പ്രഖ്യാപനം നടത്തുകയാണ് സർക്കാർ ചെയ്തത്. 2019 ഡിസംബറിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് സമാഹരിക്കാൻ നാഷണൽ ഇൻഫ്രാസ്ട്രക്ച്ചർ പൈപ്പ് ലൈൻ സ്ഥാപിക്കുമെന്നും അതുവഴി 102.5 ലക്ഷം കോടി രൂപ സമാഹരിക്കുമെന്നും ആ തുക പ്രയോജനപ്പെടുത്തി 2030 ആകുമ്പോഴേക്കും രാജ്യത്തിന്റെ സുസ്ഥിര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിരിക്കുമെന്നുമെല്ലാമുള്ള മോദി സർക്കാരിന്റെ പ്രഖ്യാപനങ്ങളുടെ തുടർച്ചയാണ് ഈ നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈനും.

ഇത്തരം മനോഹര സങ്കൽപ്പങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള പദ്ധതികളാണ് മോദി സർക്കാർ ഇടക്കിടെ പ്രഖ്യാപിക്കുന്നത്. എന്നാൽ ആ പദ്ധതികളുടെ വിശദാംശങ്ങളോ അവയുടെ പ്രയോജനങ്ങളോ ഒന്നും ജനങ്ങളുമായി പങ്ക് വക്കാനോ അവരെ ബോദ്ധ്യപ്പെടുത്താനോ സർക്കാർ തയ്യാറല്ല. ഈ പദ്ധതിയെ സംബന്ധിച്ചടത്തോളവും സ്ഥിതി വ്യത്യസ്ഥമല്ല. രാജ്യത്തിന്റെ സ്വത്തുക്കൾ സ്വകാര്യവൽക്കരിക്കുകയല്ല നടത്തിപ്പിനായി കുറച്ച് നാൾ വിട്ടുകൊടുക്കുക മാത്രമേ ചെയ്യുന്നുള്ളുവെന്നെല്ലാം സർക്കാർ വാദിക്കുന്നുണ്ടെങ്കിലും ഇത് സ്വകാര്യവൽക്കരണത്തിന്റേയും രാജ്യത്തിന്റെ സമ്പത്ത് വിൽക്കുന്നതിന്റേയും മറ്റൊരു രൂപമാണെന്ന കാര്യം രാജ്യത്തെല്ലാവർക്കും ബോദ്ധ്യപ്പെട്ടിരിക്കുന്നു.



**രാജ്യത്തെ ജനങ്ങളുടെ നികുതിപ്പണം കൊണ്ട് അവരുടെ ആവശ്യങ്ങൾക്കും അവർക്ക് വേണ്ട സേവനങ്ങൾക്കുമായി നിർമ്മിക്കപ്പെട്ട പൊതു സ്വത്തുക്കളും ആസ്തികളും ഫലപ്രദമായി ഉപയോഗിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന് മാത്രമല്ല അവയെ സ്വകാര്യ കുത്തകകൾക്ക് ലാഭമുണ്ടാക്കുന്നതിനായി വിട്ടു കൊടുക്കുക കൂടി ചെയ്യുകയാണ് മോദി സർക്കാർ.**

ദേശീയ പാതകളും, റയിലുകളും, റയിൽവേസ്റ്റേഷനുകളും, തുറമുഖങ്ങളും, വിമാനത്താവളങ്ങളും, പെട്രോൾ-ഗ്യാസ് പൈപ്പ് ലൈനുകളും വൈദ്യുതി പ്രസരണ ശൃംഖലകളുമൊക്കെയായി പതിമൂന്നോളം മേഖലകളാണ് വിൽപ്പനക്കായി സർക്കാർ നിരത്തി വച്ചിരിക്കുന്നത്. രാജ്യത്തെ ജനങ്ങളുടെ നികുതിപ്പണം കൊണ്ട് പടുത്തുയർത്തിയ ഈ ആസ്തികൾ എന്തൊക്കെ വ്യവസ്ഥകൾക്കനുസ്സരിച്ചാണ് പാട്ടത്തിന് നൽകുന്നത്? എത്ര വർഷത്തേക്കാണ് പാട്ടത്തിന് നൽകുന്നത്? ഇതുകൊണ്ട് സാധാരണക്കാരന് ഗുണമാണോ ദോഷമാണോ? ഇതൊന്നും ആർക്കും അറിയില്ല. ഇത്തരം ചോദ്യങ്ങൾക്ക് സർക്കാർ വ്യക്തമായ മറുപടി പറയുന്നുമില്ല.

നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര മൊത്ത ഉദ്പാദന (ജി.ഡി.പി.) മൂല്യം പ്രതിവർഷം ഏതാണ്ട് 200 ലക്ഷം കോടി രൂപ വരും. ഈ 200 ലക്ഷം കോടി ആകാശത്ത് നിന്നും വീണു കിട്ടുന്ന ഒന്നല്ല. രാജ്യത്തിലെ പൊതുമുതലും അടിസ്ഥാന സൗകര്യങ്ങളും ഉപയുക്തമാക്കി നാം അദ്ധ്വാനിച്ച് സൃഷ്ടിക്കുന്നതാണ്. ആ പൊതുമുതൽ സ്വകാര്യ മുതലാളിമാർക്ക് പാട്ടത്തിന് നൽകിയാൽ ഇന്ന് നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം എങ്ങിനെ നാം സമാഹരിക്കും? ഈ ആസ്തികളിൽ നിന്നും നാം ഉദ്പാദിപ്പിക്കുന്ന സമ്പത്തിന്റെ നഷ്ടം നാം എങ്ങിനെ പരിഹരിക്കും? ഇതിനെക്കുറിച്ചൊന്നും സർക്കാർ ചിന്തിക്കുന്നില്ല.

കോടികൾ മുടക്കി രാജ്യം സൃഷ്ടിച്ച ഈ പൊതു മുതലുകൾ നാം വേണ്ട വിധം പ്രയോജനപ്പെടുത്തുന്നില്ലന്നാണ് സർക്കാർ പറയുന്നത്. അവ നന്നായി പ്രയോജനപ്പെടുത്താനുള്ള കെൽപ്പും പ്രാപ്തിയും സ്വകാര്യ മേഖലക്ക് മാത്രമേ ഉള്ളു വത്രേ. അതിനാൽ അവയുടെ ഫലപ്രദമായ നടത്തിപ്പിന് ഈ ആസ്തികൾ അവർക്ക് വിട്ടു കൊടുക്കുകയാണ്. പകരം ഒരു തുക അവരിൽ നിന്നും ഈടാക്കും. ആ തുക കൊണ്ട് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കും. ഇങ്ങിനെ പോകുന്നു സർക്കാരിന്റെ ന്യായീകരണങ്ങൾ.

രാജ്യത്തിന്റെ പൊതുമുതൽ ഫലപ്രദമായി വിനിയോഗിക്കുന്ന കാര്യത്തിൽ തങ്ങൾ പരാജയപ്പെട്ടുവെന്ന് അൽപ്പം പോലും ലജ്ജകൂടാതെ സർക്കാർ പ്രഖ്യാപിക്കുകയാണ്. രാജ്യത്തെ ജനങ്ങളുടെ നികുതിപ്പണം കൊണ്ട് അവരുടെ ആവശ്യങ്ങൾക്കും അവർക്ക് വേണ്ട സേവനങ്ങൾക്കുമായി നിർമ്മിക്കപ്പെട്ട പൊതു സ്വത്തുക്കളും ആസ്തികളും ഫലപ്രദമായി ഉപയോഗിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന് മാത്രമല്ല അവയെ സ്വകാര്യ കുത്തകകൾക്ക് ലാഭമുണ്ടാക്കുന്നതിനായി വിട്ടു കൊടുക്കുക കൂടി ചെയ്യുകയാണ് മോദി സർക്കാർ.

പൊതു മേഖല സ്ഥാപനങ്ങൾ ജനങ്ങളോട് ഉത്തരവാദിത്വമുള്ളവയാണ്. അവയുടെ കാര്യക്ഷമമായ നടത്തിപ്പിന്റെ ചുമതല സർക്കാരിലാണ് അർപ്പിതമായിട്ടുള്ളത്. മത്സരാധിഷ്ഠിതമായ കമ്പോളത്തിൽ പിടിച്ച് നിൽക്കാനുള്ള ശേഷി പൊതുമേഖലക്കുണ്ടാക്കി കൊടുക്കാനുള്ള ബാധ്യതയും സർക്കാരിനുണ്ട്. ഈ കടമകളൊന്നും നിർവ്വഹിക്കുന്നില്ലന്ന് മാത്രമല്ല പൊതു മേഖലയെ നശിപ്പിക്കാനും അവയെ ഒന്നടങ്കം സ്വകാര്യമേഖലക്ക് തീറെഴുതുവാനുമാണ് സർക്കാർ ശ്രമിക്കുന്നത്. പൊതുമേഖല രാജ്യത്തിന് നൽകുന്ന സംഭാവനകളെക്കുറിച്ചോ അവ രാജ്യത്തിന്റെ ഉദ്പാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചോ ചുരുങ്ങിയ ചെലവിൽ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെക്കുറിച്ചോ പ്രതിസന്ധി ഘട്ടങ്ങളിൽ പൊതുമേഖയെക്കൊണ്ടുള്ള പ്രയോജനങ്ങളെക്കുറിച്ചോ സർക്കാർ ചിന്തിക്കുന്നില്ല. തങ്ങളെ അധികാരത്തിലേറ്റിയ ജനങ്ങളോടല്ല മറിച്ച് കുത്തക മുതലാളിമാരോടും ശതകോടീശ്വരന്മാരോടുമാണെന്നതിന് ഇതിലും വ്യക്തമായ മറ്റെന്ത് തെളിവാണ് വേണ്ടത്? ഇത്തരത്തിലുള്ള ചെയ്തികൾക്ക് സർക്കാരിന് യാതൊരു അധികാരവുമില്ല തന്നെ.

പൊതുമേഖല സംരഭങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നല്ല മാതൃകകൾ യൂറോപ്യൻ യൂണിയനിൽപ്പെട്ട രാജ്യങ്ങൾ, കൊറിയ തുടങ്ങി പല വിദേശ രാജ്യങ്ങളിലും കാണാം. പല രാജ്യങ്ങളിലും ആരോഗ്യം, ഗതാഗതം, വൈദ്യുതി മുതലായ സേവന മേഖലകൾ ഇപ്പോഴും പൊതുമേഖലയിൽ നിലനിർത്തിയിരിക്കുകയാണ്. പൊതുമേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും മത്സരരംഗത്ത് പിടിച്ച് നിൽക്കാനുമാവശ്യമായ നടപടികൾ അവർ കൈക്കൊള്ളാറുണ്ട്. ഉദാഹരണമായി ലിത്വാനിയ എന്ന രാജ്യത്ത് പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണത്തിന് ഒരു പ്രത്യേക വകുപ്പ് തന്നെ സ്ഥാപിച്ചിട്ടുണ്ട്. ഈപ്പറഞ്ഞ രാജ്യങ്ങളൊന്നും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളല്ല. മുതലാളിത്ത രാജ്യങ്ങളാണ്.

എന്നാൽ ഭരണഘടന പ്രകാരം നമ്മുടെ രാജ്യം ഒരു ജനാധിപത്യ, സോഷ്യലിസ്റ്റ് റിപ്പബ്ലിക്കാണ്. നമ്മുടേത് ഒരു ക്ഷേമ രാഷ്ട്രമാണ്. ക്ഷേമ രാഷ്ട്രമെന്നാൽ എല്ലാ ജനങ്ങളും ക്ഷേമത്തോടെ വസിക്കുന്ന രാജ്യമെന്നർത്ഥം. ജനങ്ങളുടെ ക്ഷേമം ഉറപ്പ് വരുത്തണമെങ്കിൽ അടിസ്ഥാന സേവന സൗകര്യങ്ങൾ സർക്കാർ ഉടമസ്ഥതയിൽ നിലനിന്നേ മതിയാവൂ.

ഖജനാവിലെ കമ്മി നികത്താനാണ് ആസ്തികൾ പാട്ടത്തിന് നൽകുന്നതെന്നാണ് സർക്കാർ പറയുന്നത്. ആരാണ് ഈ ഭീമമായ കമ്മിക്ക് ഉത്തരവാദികൾ? രാജ്യത്തെ സാധാരണക്കാരാണോ സർക്കാരിന്റെ ധനക്കമ്മിക്ക് ഉത്തരവാദികൾ? ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കായി ധനം ചെലവഴിച്ചതിനാലാണോ ഈ കമ്മി ഉണ്ടായത്? രാജ്യത്തെ ജനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുകയും കോർപ്പറേറ്റ് ചങ്ങാതിമാർക്ക് വേണ്ടി അനുവദിച്ച ഇളവുകളും തമ്മിൽ താരതമ്യപ്പെടുത്തിയാൽ ജനങ്ങൾക്ക് വേണ്ടി ചെലവഴിച്ചത് എത്രയോ തുച്ഛമാണെന്ന് കാണാൻ കഴിയും. അതും പോരാഞ്ഞ് തൊഴിലാളികളുടെ വേതനം വെട്ടിക്കുറച്ചു. സബ്സിഡികൾ നിർത്തലാക്കി. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ബജ

റ്റ് വിഹിതം വെട്ടിക്കുറച്ചു. എന്നിട്ടും സർക്കാരിന്റെ കൈവശം പണമില്ലന്ന് പറഞ്ഞ് ജനങ്ങളുടെ സ്വത്ത് കുത്തകകൾക്ക് വിൽക്കുകയാണ്. എന്നിട്ട് ജനങ്ങൾക്ക് വേണ്ടിയാണ് ഈ വിൽപ്പനയെന്ന അവകാശപ്പെടുന്നു!

ധന സമ്പാദനത്തിന് സർക്കാരിന് മുന്നിൽ അനവധി മാർഗ്ഗങ്ങളുണ്ട്. സമ്പന്നന്മാരിൽ നിന്നും അതിസമ്പന്നന്മാരിൽ നിന്നും കൂടുതൽ നികുതി പിരിച്ച് ധനം സമാഹരിക്കാം. എന്നാൽ മോദി സർക്കാർ അതിനൊരുക്കമല്ല. പകരം അവർക്ക് കൂടുതൽ കൂടുതൽ സൗജന്യങ്ങൾ അനുവദിക്കുന്നു. കൂടുതൽ കൂടുതൽ നികുതിയിളവുകൾ പ്രഖ്യാപിക്കുന്നു. അതൊന്നും പോരാഞ്ഞിട്ട് ഇപ്പോഴിതാ രാജ്യത്തിന്റെ സ്വത്തുവകകൾ തന്നെ സ്വകാര്യമുതലാളിമാർക്ക് അടിയറ വക്കുന്നു.

സ്വകാര്യവൽക്കരണത്തേക്കാൾ അപകടകരമാണ് ഈ ധനസമ്പാദന പൈപ്പ് ലൈൻ പദ്ധതി. റോഡുകളും റയിലുകളും ടെലിഫോൺ ഉപകരണങ്ങളും തുറമുഖങ്ങളുമെല്ലാം വാടകക്ക് നൽകി വർഷങ്ങൾ കഴിയുമ്പോൾ തിരികെ ലഭിക്കുന്നത് ഉപയോഗ ശൂന്യമായ നിലയിലായിരിക്കും. ഇവയിൽ നിന്നെല്ലാം പരമാവധി വരുമാനം ഊറ്റിയെടുത്ത ശേഷം മൂല്യശോഷണം സംഭവിച്ച വസ്തുവകകളായിരിക്കും തിരികെ ജനങ്ങൾക്ക് കിട്ടുക. ഈ ആസ്തികൾ ലേലം കൊള്ളാൻ പോകുന്നവർ രാജ്യത്തിനകത്തും പുറത്തുമുള്ള വൻകിട കുത്തകകളായിരിക്കും. അവർ അദാനിമാരോ അംബാനിമാരോ ആയിരിക്കും. ആരായാലും രാജ്യത്തിന്റെ വിവിധ മേഖലകളിൽ പ്രത്യേകിച്ച് സേവന മേഖലകളിൽ കുത്തകാധിപത്യം സ്ഥാപിക്കപ്പെടാൻ പോകുകയാണ്. അതോടെ സാധാരണക്കാരായ ജനങ്ങൾ ദുരിതത്തിലാകും. പരമാവധി ലാഭം മാത്രം നോട്ടമിടുന്ന കുത്തകകൾ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും കൂടുതൽ വിലയീടാക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. അതേ സമയം ആ വിലക്കയറ്റം തടയാൻ സർക്കാരിന് കഴിയുകയുമില്ല. പല മുതലാളിത്ത രാജ്യങ്ങളിലും നിലവിലുള്ള പോലെ കുത്തകകളേയും അവരുടെ അനാരോഗ്യകരമായ മത്സരങ്ങളേയും നിയന്ത്രിക്കാനാവശ്യമായ ഫലപ്രദമായ നിയമങ്ങളൊന്നും നമ്മുടെ നാട്ടിലില്ല.

സ്വകാര്യവൽക്കരണം നിലവിലുണ്ടായിരുന്ന പല രാജ്യങ്ങളും 2008-ലെ സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് ദേശസാൽക്കരണത്തെക്കുറിച്ച് ഇന്ന് ഗൗരവ പൂർവം ചിന്തിക്കുന്നു. സിങ്കപ്പൂർ ഇതിനൊരുദാഹരണമാണ്. അവിടെ റയിൽ ഗതാഗതത്തിന് ചുമതലപ്പെട്ട കമ്പനിക്ക് യാത്രക്കാരെ പിഴിയുന്നതിനേ താൽപ്പര്യമുണ്ടായിരുന്നുള്ളു. റയിൽവേ ലൈനുകളിലെ അറ്റകുറ്റപ്പണികൾ നടത്താനോ മെച്ചപ്പെട്ട സേവനം യാത്രക്കാർക്ക് നൽകാനോ അവർ തയ്യാറായിരുന്നില്ല. റയിൽ ഗതാഗതം മിക്കപ്പോഴും തടസ്സപ്പെട്ടു. ഇതെല്ലാം വ്യാപകമായ പരാതികൾക്കിടയാക്കി. സിംഗപ്പൂരിൽ റയിൽവേ ദേശസാൽക്കരിക്കാൻ പോകുകയാണ്. ബ്രിട്ടനും ഇതുപോലെ റയിൽവേ ദേശസാൽക്കരണ ത്തിനൊരുങ്ങുന്നു. അമേരിക്കയിൽ റോഡുകളും റയിലുകളും തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാനും സൈബർ സുരക്ഷയൊരുക്കാനും മറ്റുമുള്ള പദ്ധതികൾ പൊതുമേഖലയിൽ നടപ്പാക്കാൻ പ്രത്യേക പാക്കേജിന് രൂപം കൊടുത്തിരിക്കുന്നു. ആസ്ട്രേലിയയിൽ തുറമുഖങ്ങൾ സ്വകാര്യമേഖലക്ക് തുറന്ന് കൊടുത്തത് അബദ്ധമായി എന്നും അതുകൊണ്ട് രാജ്യത്തിനോ ജനങ്ങൾക്കോ യാതൊരു പ്രയോജനവുണ്ടായില്ലന്നും അവിടുത്തെ ഉപഭോക്തൃ കമ്മീഷന്റെ അദ്ധ്യക്ഷൻ പറയുന്നു. അവിടുത്തെ തുറമുഖങ്ങൾ വീണ്ടും സർക്കാർ ഏറ്റെടുക്കാനുള്ള പുറപ്പാടിലാണ്. ന്യൂ സൗത്ത്‌വെയിൽസിൽ വൈദ്യുതി വിതരണം സ്വകാര്യ കമ്പനിയാണ് നടത്തുന്നത്. കമ്പനി അമിതമായ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതിനാൽ ജനങ്ങൾ പ്രക്ഷോഭമാരംഭിച്ചു. ഒടുവിൽ സർക്കാരിന് ഇടപെടേണ്ടി വന്നു. ജനങ്ങൾക്ക് താങ്ങാൻ പറ്റുന്ന ചാർജ്ജ് നടപ്പാക്കാൻ ഒരു പാക്കേജിന് രൂപം നൽകാൻ സർക്കാർ നിർബന്ധിതമായി. ഇങ്ങിനെ നമുക്ക് ചുറ്റും പല രാജ്യങ്ങളിലും നടക്കുന്ന യാഥാർത്ഥ്യങ്ങൾ കാണാനോ വസ്തുതകൾ ഉൾക്കൊള്ളാനോ നിർഭാഗ്യവശാൽ സർക്കാർ തയ്യാറല്ല.

വിൽപ്പനയായാലും പാട്ടത്തിന് നൽകുന്നതായാലും അതെല്ലാം സ്വകാര്യവൽക്കരണം തന്നെയാണ്. സ്വകാര്യവൽക്കരണം തൊഴിലില്ലായ്മ വർദ്ധിപ്പിക്കും. എത്ര കുറവ് തൊഴിലാളികളെ നിയമിക്കാം എന്നായിരിക്കും ഓരോ മുതലാളിമാരും ചിന്തിക്കുക. കഴിഞ്ഞ 45 വർഷത്തിനിടയിലെ ഏറ്റവും രൂക്ഷമായ തൊഴിലില്ലായ്മ നേരിടുന്ന നമ്മുടെ രാജ്യത്ത് ഇത് കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കും. കുത്തകകൾ രാജ്യത്തെ തൊഴിൽ നിയമങ്ങളെ ബഹുമാനിക്കുമെന്നും അനുസരിക്കുമെന്നും കരുതുക വയ്യ. തന്റെ സാമ്രാജ്യത്തിലെ സേവന വേതന വ്യവസ്ഥകൾ താൻ നിശ്ചയിക്കുന്നതായിരിക്കുമെന്നാവും ഓരോ കുത്തകകളും കരുതുക. അവിടെ തൊഴിൽ സുരക്ഷയും തൊഴിലിടങ്ങളിലെ സുരക്ഷയും സാമൂഹ്യ സുരക്ഷയുമെല്ലാം അവതാളത്തിലാകും. തൊഴിലാളിയുടെ വിലപേശൽ ശക്തി ദുർബ്ബലമാകും. ഇപ്പോൾതന്നെ തൊഴിൽ നിയമങ്ങൾ കോർപ്പറേറ്റുകൾക്കനുകൂലമായി തിരുത്തിയെഴുതി ക്കൊണ്ടിരിക്കുന്ന സർക്കാരിൽ നിന്നും തൊഴിലാളിക്കനുകൂലമായ നീക്കങ്ങൾ പ്രതീക്ഷിക്കാനുമാവില്ല.

ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താൻ സർക്കാർ ഒരുക്കമല്ല. ഈ വിഷയം പാർലമെന്റിൽ അവതരിപ്പിക്കാനോ ചർച്ചകൾക്ക് വിധേയമാക്കാനോ സർക്കാർ തയ്യാറല്ല. ഇടതുപക്ഷ സാമ്പത്തിക വിദഗ്ദ്ധർ മാത്രമല്ല മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ പിന്തുണക്കുന്ന സാമ്പത്തിക വിദഗ്ദ്ധർ പോലും അഭിപ്രായപ്പെടുന്നത് ഈ പദ്ധതി രാജ്യത്തിനും ജനങ്ങൾക്കും ഒരു പോലെ വിനാശകരമെന്നാണ്. സാമ്പത്തിക ശാസ്ത്രത്തിൽ പാണ്ഡിത്യമില്ലാത്ത സാധാരണക്കാർക്ക് പോലും ഈ പദ്ധതി തങ്ങൾക്ക് വിനാശകരമായ ഒന്നാണെന്ന് മനസ്സിലാക്കാൻ പ്രയാസ്സമില്ല.

വിനാശകരമായ ഈ ധനാഗമ പദ്ധതി നടപ്പിലാകുമ്പോൾ അതേറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് പതിവ് പോലെ തൊഴിലാളികളേയും സാധാരണക്കാരേയുമായിരിക്കും. അത് രാജ്യത്തിന് മേൽ ദുരന്തം വിതക്കും. രാജ്യത്തെ ജനങ്ങളെ ദുരിതത്തിലാഴ്ത്തും. രാജ്യത്തെ സമ്പദ് വ്യവസ്ഥയെ തകർക്കും. കുത്തക മുതലാളിത്തം രാജ്യത്തെ സമ്പദ് വ്യവസ്ഥയേയും ആത്യന്തികമായി രാഷ്ട്രീയ നയങ്ങളേയും നിയന്ത്രിക്കും. ചുരുക്ക ത്തിൽ കാര്യമായ മുതൽ മുടക്കാതെ കൊള്ള ലാഭം കൊയ്യാൻ കോർപ്പറേറ്റുകൾക്ക് സുവർണ്ണാവസരം പ്രദാനം ചെയ്യുകയാണ് സർക്കാർ. ഇവിടെ ധനസമ്പാദനം സാർത്ഥകമാകുന്നത് സർക്കാരിനോ രാജ്യത്തിനോ അല്ല; മറിച്ച് കുത്തക മുതലാളിമാർക്കാണ്. അതിനാലാണ് ഈ പദ്ധതി സ്വകാര്യവൽക്കരണത്തേക്കാൾ അപകടകരവും വിനാശകരവുമായി ത്തീരുന്നതും.



26700 കി.മീ.ദേശീയപാത – (1.6 ലക്ഷം കോടി)



400 റയിൽവേസ്റ്റേഷനുകൾ, 150 ട്രയിനുകൾ,
2141 കി.മീ. റയിൽപ്പാത, 265 ഗുഡ്സ് യാർഡുകൾ
15 റയിൽവേ സ്റ്റേഡിയങ്ങൾ,
റയിൽവേ കോളനികൾ... (1.5 ലക്ഷം കോടി)



42300 സർക്യൂട്ട് കി.മി. വൈദ്യുതി
പ്രസരണ ലൈനുകൾ – (0.5 ലക്ഷം കോടി)



5000 മെഗാവാട്ട ഊർജ്ജോദ്പാദനം
(0.4 ലക്ഷം കോടി)



8000 കി.മി.ഗ്യാസ് പൈപ്പ് ലൈൻ
(0.2 ലക്ഷം കോടി)




4000 കി.മി. പെട്രോൾ പൈപ്പ് ലൈൻ
(0.2 ലക്ഷം കോടി)



റിയൽ എസ്റ്റേറ്റ്
(0.2 ലക്ഷം കോടി)



160 ഖനികൾ
(0.3 ലക്ഷം കോടി)



ടെലികോം ആസ്തികൾ
(0.4 ലക്ഷം കോടി)



31 തുറമുഖങ്ങളും അനുബന്ധ
സൗകര്യങ്ങളും (0.1 ലക്ഷം കോടി)



വെയർഹൗസുകൾ
(0.3 ലക്ഷം കോടി)



സ്റ്റേഡിയങ്ങൾ – (0.1 ലക്ഷം കോടി)



21 വിമാനത്താവളങ്ങൾ – (0.2 ലക്ഷം കോടി)

കെ പി രാജേന്ദ്രൻ
ജനറൽ സെക്രട്ടറി,
എ.ഐ.ടി.യു.സി.



# അശാന്തി പടർത്തുന്ന നവ ബാങ്കിംഗ് രീതികൾ

സംസ്ഥാനത്തെ ബാങ്കിംഗ് സേവന രംഗത്ത് കേരളമാസ്ഥാനമായുള്ളതും നൂറു വർഷം പിന്നിട്ടതുമായ കാത്തലിക് സിറിയൻ ബാങ്കിൽ കേട്ടുകേൾവിയില്ലാത്ത തൊഴിലാളി - വിരുദ്ധ സമീപനങ്ങൾ അരങ്ങേറിയിരിക്കുകയാണ്. സേവന വ്യവസ്ഥകളിൽ ഏകപക്ഷീയ മാറ്റങ്ങൾ, അന്യായമായ ശിക്ഷണ നടപടികൾ, സ്ഥിരം ജോലി ക്രമം ഇല്ലാതാക്കി കരാർ തൊഴിൽ രീതി നടപ്പാക്കൽ, വിരമിക്കൽ പദ്ധതി നടപ്പാക്കി പിരിഞ്ഞു പോകുവാൻ പ്രേരിപ്പിക്കൽ എന്നിവ ഇതിനകം കൊണ്ടു വന്നിട്ടുള്ള തൊഴിലാളി വിരുദ്ധ നടപടികളാണ്. ഇതു കൂടാതെ, 2017 നവംബർ 1 മുതൽ നടപ്പാക്കേണ്ട ശമ്പള പരിഷ്ക്കരണം മറ്റ് എല്ലാ ബാങ്കുകളിലും നടപ്പാക്കിക്കഴിഞ്ഞിട്ടും കാത്തലിക് സിറിയൻ ബാങ്കിൽ തടഞ്ഞുവെച്ചിരിക്കുകയാണ്.

മാനേജ്മെന്റിന്റെ ഇത്തരം കിരാത നടപടികൾക്കെതിരായി ആ ബാങ്കിലെ മുഴുവൻ സ്ഥിരം ജീവനക്കാരും ഓഫീസർമാരും ഒന്നടങ്കം അവിടത്തെ സംയുക്ത ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 20 - മുതൽ മൂന്ന് ദിവസം പണിമുടക്കുകയുണ്ടായി. ഇതേ ആവശ്യങ്ങൾ ഉന്നയിച്ച് മാർച്ച് 26-നും സെപ്തംബർ 29, 30, ഒക്ടോബർ 1 - തീയതികളിലും പണിമുടക്ക് നടന്നു. ഈ പണിമുടക്കിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് സംസ്ഥാനത്തെ എല്ലാ ബാങ്കുകളിലേയും, അതായത്, പൊതുമേഖല, സ്വകാര്യ - സഹകരണ - ഗ്രാമീണ ബാങ്കിംഗ് മേഖലയിലെ, ജീവനക്കാരും ഓഫീസർമാരും ഒക്ടോബർ 22-ന് പണിമുടക്കി.

## ഉടമസ്ഥത-നിയന്ത്രണ മാറ്റങ്ങൾ

കാനഡയിലെ ടൊറോന്റോ ആസ്ഥാനമായ ഫെയർ ഫാക്സ് ഫിനാൻഷ്യൽ ഹോൾഡിംഗ്സ് മൗറീഷ്യസ് എന്ന സ്വകാര്യ ഇൻവെസ്റ്റ്മെന്റ് കമ്പനി 2018-ലാണ് നൂറു വർഷം പഴക്കമുള്ള കാത്തലിക് സിറിയൻ ബാങ്കിൽ 1200 കോടി രൂപ നിക്ഷേപിച്ച് ബാങ്കിനെ ഏറ്റെടുത്തത്. തുടർന്ന് ബാങ്കിന്റെ പേര് സി എസ് ബി ബാങ്ക് എന്നാക്കി മാറ്റി. ഏറ്റെടുക്കലിന് ഒരുവർഷം മുമ്പ് തന്നെ അവരുടെ പ്രതിനിധിയെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും (എം.ഡി.&സി.ഇ.ഒ) ആയി അവരോധിക്കാൻ അവർക്ക് കഴിഞ്ഞു. സ്വകാര്യ ബാങ്കിൽ 74% വിദേശമൂലധനം അനുവദിക്കാമെന്ന നയത്തിന്റെ ഇന്ത്യയിലെ ആദ്യത്തെ പരീക്ഷണമാണ് സി എസ് ബി ബാങ്കിൽ നടന്നത്. ഇന്ത്യൻ ബാങ്കിംഗ് രംഗത്ത് മുൻപരിചയമില്ലാത്ത കമ്പനി ഏതു വിധേനയും തങ്ങളുടെ ഓഹരി നിക്ഷേപമൂല്യം വർദ്ധിപ്പിക്കുന്നതിൽ മാത്രമായിരുന്നു ശ്രദ്ധിച്ചത്. അത്തരത്തിലുള്ള ദർശനരേഖ തന്നെ മാനേജ്മെന്റുണ്ടാക്കി. നൈതികതയില്ലാത്തതും ജനകീയ ബാങ്കിംഗ് സേവനങ്ങളോട് പ്രതിബദ്ധതയില്ലാത്തതുമായ ഇവരുടെ സമീപനത്തിന്റെ ബലിയാടുകൾ ബാങ്കിന്റെ ഗ്രാമീണ ശാഖകളിലെ ഇടപാടുകാരും തൊഴിലന്വേഷകരായ ചെറുപ്പക്കാരും വായ്പാനന്വേഷികളായ സാധാരണക്കാരുമായി മാറി.

വിദേശ ബാങ്കായി മാറിയ സി എസ് ബി ബാങ്ക് ഉദ്യോഗസ്ഥ തലത്തിൽ വൻ അഴിച്ചുപണി നടത്തി. താക്കോൽ സ്ഥാനങ്ങളിലെല്ലാം വിദേശ മുതലാളിയുടെ പാർശ്വവർത്തികളെ നിയമിച്ചു. സി എസ് ബി ബാങ്ക് എന്ന പുതിയ പേരുമാറ്റത്തിന് 2019 ഒക്ടോബർ 19 ന് റിസർവ്വ് ബാങ്ക് അനുമതി നൽകി. ജനകീയ ബാങ്കിംഗ് പ്രവൃത്തികൾ ഒന്നൊന്നായി നിർത്തലാക്കി. സാധാരണ ഇടപാടുകാർ ലാഭകരമല്ല എന്ന പേരിൽ അവരെ ഘട്ടം ഘട്ടമായി പുറത്താക്കണമെന്നാണ് അധികാരികളുടെ കർശന നിർദ്ദേശം. കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ബിസിനസ് വായ്പ, ഭവന വായ്പ എന്നിവയെല്ലാം വേണ്ടെന്നുവച്ചു. കോർപ്പറേറ്റ് വായ്പയിലും പെട്ടെന്ന് ലാഭം കൊയ്യാൻ കഴിയുന്ന ഓഹരി വിപണി പോലുള്ള ഊഹക്കച്ചവട മേഖലയിലുമാണ് ബാങ്ക് പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നത്. പിന്നെ പെട്ടെന്ന് വരുമാനം ലഭ്യമാകുന്ന സ്വർണ പണയ വായ്പയും. ഭവന വായ്പകൾ വന്നാൽ അതു സി എസ് ബി കമ്പനിയിലേക്ക് റഫർ ചെയ്യുമ്പോൾ കിട്ടുന്ന കമ്മീഷനിലാണ് ഇപ്പോഴത്തെ ശ്രദ്ധ. 2017 മാർച്ചിലെ ഭവന വായ്പ 342 കോടിയായിരുന്നത് 2021 മാർച്ചിൽ 245 കോടിയായി കുറഞ്ഞു. വിദ്യാഭ്യാസ വായ്പ 178 കോടിയിൽ നിന്ന് 77 കോടിയായി കുറഞ്ഞു. എന്നാൽ കോർപ്പറേറ്റ് വായ്പ 942 കോടിയിൽ നിന്ന് 3600 കോടിയായി കുതിക്കുകയാണുണ്ടായത്. കോർപ്പറേറ്റ് വായ്പയിലെ 85% തുകയും കേരളത്തിനു പുറത്തുള്ള ശാഖകളിലാണ് വിതരണം ചെയ്തത്.

1920 ൽ സ്വാതന്ത്ര്യസമരത്തിന്റേയും സ്വദേശി പ്രസ്ഥാനത്തിന്റേയും ഭാഗമായി സ്വദേശാഭിമാനി കളാൽ സ്ഥാപിതമായ ബാങ്ക് സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷത്തിൽ വിദേശ കോർപ്പറേറ്റ് മുതലാളിമാരുടേതായി മാറി എന്നത് വിരോധാഭാസമാണ്.

വിദേശ മുതലാളിയുടെ പ്രതിനിധിയായ മാനേജിംഗ് ഡയറക്ടർ 20.2.2018 നും 15.10.2018 നും ഫെയർ ഫാക്സ് കമ്പനിയുമായി ഉണ്ടാക്കിയ ഓഹരി നിക്ഷേപ ഉടമ്പടിയിലെ വ്യവസ്ഥകൾ അതീവ രഹസ്യമായി തുടരുകയാണ്. ബന്ധപ്പെട്ട വകുപ്പിൽ വിവരാവകാശനിയമം (ആർ.റ്റി.ഐ. ആക്ട് 2005) അനുസരിച്ചുള്ളചോദ്യത്തിന്, ഇൻഫർമേഷൻ സോട്ട് ഈസ് എക്സെപ്റ്റ് അണ്ടർ സെക്ഷൻ 8(1) (ഡി) ഓഫ് ആർ.റ്റി.ഐ. ആക്ട്, 2005) എന്ന മറുപടിയാണ് ലഭിച്ചത്. ജീവനക്കാർക്കും സാധാരണ ഇടപാടുകാർക്കും വായ്പാവശ്യക്കാർക്കും എതിരായ ദ്രോഹനടപടികൾക്ക് ഈ ഉടമ്പടിയിലെ വ്യവസ്ഥകൾ ബലമേകി എന്നത് അനുഭവങ്ങൾ

വെളിപ്പെടുത്തുന്നു.

### സി എസ് ബി ബാങ്കിലെ ജീവനക്കാർക്കെതിരെയുള്ള ദ്രോഹങ്ങൾ

2016 ൽ നിയമിതരായ 82 പ്രൊബേഷണറി ഓഫീസർമാരെ പിരിച്ചുവിട്ടുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ അരങ്ങേറ്റം. എന്നാൽ ട്രേഡ് യൂണിയനുകളും രാഷ്ട്രീയ-സാമൂഹ്യ സംഘടനകളും ജനപ്രതിനിധികളും ഈ മനുഷ്യത്വരഹിതമായ നടപടിക്കെതിരെ ശക്തമായി പ്രതിഷേധിച്ചപ്പോൾ 82 ഓഫീസർമാരേയും സ്ഥിരപ്പെടുത്താൻ മാനേജ്മെന്റ് നിർബന്ധിതമായി.

ഇന്ത്യയിലെ ബാങ്ക് ഓഫീസർമാരുടെ വിരമിക്കൽ പ്രായം 60 ആയി നിലനിൽക്കെ ഇന്ത്യൻ ബാങ്ക് അസോസിയേഷന്റെ പെൻഷൻ ഉടമ്പടികൾക്ക് വിരുദ്ധമായി സിഎസ് ബി ബാങ്കിലെ ഓഫീസർമാരുടെ പെൻഷൻ പ്രായം 58 ആക്കി കുറയ്ക്കുകയും ഒറ്റദിവസം കൊണ്ട് 400 പേരുടെ സേവനം അവസാനിപ്പിക്കുകയും ചെയ്തു. തീർന്നില്ല, ഈ രാജ്യത്തെ നിയമങ്ങളെ അവഗണിച്ചുകൊണ്ട് ഒരു ഒറ്റ പേജ് സർക്കുലറിലൂടെ വിരമിക്കൽ പ്രായം വീണ്ടും അമ്പതായി കുറച്ചു. എന്നാൽ ഹൈക്കോടതി ഈ വിഷയത്തിൽ ഇടപെടുകയും നടപടി മരവിപ്പിക്കുകയും ചെയ്തു. നൂറുകണക്കിന് സ്ഥിരം ജീവനക്കാർ വിരമിച്ചപ്പോൾ അവർക്കു പകരം യുവാക്കളിലെ തൊഴിലില്ലായ്മ ചൂഷണം ചെയ്ത് ഉന്നത വിദ്യാഭ്യാസമുള്ള യുവാക്കളെ കുറഞ്ഞ ശമ്പളത്തിന് കരാർ അടിസ്ഥാനത്തിൽ നിയമിച്ച് അടിമപ്പണി ചെയ്യിക്കുകയാണ്.

സ്ഥിരം ഓഫീസർമാരെ എങ്ങനെയും പുറത്താക്കാനുള്ള കുതന്ത്രങ്ങൾ മാനേജ്മെന്റ് മെനഞ്ഞു കൊണ്ടിരുന്നു. ഓഫീസർമാരുടെ സേവനവ്യവസ്ഥകളിൽ ഏകപക്ഷീയമായി മാറ്റംവരുത്തി അവർക്ക് കൈവരിക്കാൻ കഴിയാത്ത ടാർഗറ്റുകൾ നിശ്ചയിച്ചു. പിന്നീട് 100 ശതമാനം ലക്ഷ്യം കൈവരിക്കാനായില്ല എന്നാരോപിച്ച് എല്ലാവർക്കും ചാർജ് ഷീറ്റ് നൽകി അന്വേഷണ-പ്രഹസനം നടത്തി അവരുടെ ശമ്പളം 30 ശതമാനം വെട്ടിക്കുറച്ചു.

കൃത്രിമമായി ഓഹരിമൂല്യം വർദ്ധിപ്പിച്ചുകാണിക്കുന്നതിന് തടസ്സമാകുമെന്നതിനാൽ ബാങ്കിലെ ട്രേഡ് യൂണിയനുകളെ തകർക്കാനാണ് വിദേശ മുതലാളിയുടെ നീക്കം.

2020 ലെ കോവിഡ് വ്യാപനസമയത്ത് കേന്ദ്രസർക്കാർ ദേശവ്യാപകമായി ലോക്ഡൗൺ പ്രഖ്യാപിക്കുകയും തൊഴിലുടമകൾ 50% ജീവനക്കാർക്ക് വീട്ടിൽ നിന്ന് ജോലി ചെയ്യാൻ സൗകര്യം ഒരുക്കണമെന്ന് ഉത്തരവ് നൽകുകയും ചെയ്തിരുന്നു. ബാങ്കിലും അതിനനുസരണമായി ഉത്തരവ് ഇറക്കിയെങ്കിലും സർക്കാർ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട്, വീട്ടിലിരുന്ന് ജോലി ചെയ്തവരെക്കൊണ്ട് അത്രയും ദിവസത്തെ അവധിക്ക് അപേക്ഷ നൽകിച്ചു. ലീവില്ലാത്തവർ വരുംകാല ലീവ് സറണ്ടർ ചെയ്യണമെന്ന വിചിത്രമായ ഉത്തരവും ഉണ്ട്. കോവിഡ് കാലത്ത് വാഹന സൗകര്യം ഇല്ലാത്തതിനാൽ ആപ്പീസുകളിലെത്താൻ കഴിയാതിരുന്ന സബോർഡിനേറ്റ് ജീവനക്കാരുടേയും സ്വീപ്പർമാരുടേയും ശമ്പളം നൽകിയതുമില്ല. കേന്ദ്ര - കേരള സർക്കാർ ഉത്തരവുകൾക്ക് യാതൊരു വിലയും കൽപ്പിച്ചില്ലെന്നു മാത്രമല്ല മാനുഷികമായ ഒരു സമീപനവും ഉണ്ടായില്ല. മറ്റെല്ലാ ബാങ്കുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ തീരുമാനമാണ് ഇക്കാര്യത്തിൽ സി എസ് ബി ബാങ്ക് കൈക്കൊണ്ടത്.

സി എസ് ബി യിലെ സ്ഥിരം ജീവനക്കാരെ ബാങ്കിൽ നിന്ന് ഒഴിവാക്കാൻ വിവിധ മാർഗ്ഗങ്ങൾ മാനേജ്മെന്റ് തേടിക്കൊണ്ടിരുന്നു. 50 വയസ്സുകഴിഞ്ഞ സബോർഡിനേറ്റ് - ക്ലരിക്കൽ ജീവനക്കാരുടെ സേവനങ്ങൾ തൃപ്തികരമല്ലെന്നും അവരെ സ്വമേധയാ വിരമിക്കാൻ അനുവദിക്കാമെന്നും ഉത്തരവ് നൽകി ഒരു സ്വയം വിരമിക്കൽ പദ്ധതി (വി.ആർ.എസ്. പാക്കേജ്) പ്രഖ്യാപിക്കുകയും ചെയ്തു. ജീവനക്കാർ ആ പാക്കേജ് സ്വീകരിക്കാൻ തയ്യാറാകാതെ വന്നപ്പോൾ മറ്റൊരു ആയുധം പുറത്തെടുത്തു. പാസ് വേഡ് ഷെയർ ചെയ്തു എന്നാരോപിച്ച് അവർക്കെല്ലാം ചാർജ് ഷീറ്റ് നൽകുകയാണുണ്ടായത്

ഏറ്റവും ഒടുവിലായി 10 ഓഫീസർമാരെ 14.9.2021 മുതൽ സസ്പെൻഡ് ചെയ്തിരിക്കുകയാണ്. തങ്ങളുടെ സ്വകാര്യ മൊബൈൽ ഫോണിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്തില്ല എന്നതാണ് ആരോപിക്കപ്പെടുന്ന കുറ്റം. തന്റെ സ്വകാര്യ മൊബൈൽ ഫോണിലൂടെ ബാങ്കിന്റെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തില്ല എന്നാരോപിച്ചാണ് മറ്റൊരു ഓഫീസറെ സസ്പെൻഡ് ചെയ്തത്.

3 വർഷംമുമ്പ് 3500 ജീവനക്കാരുണ്ടായിരുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം ഇപ്പോൾ 1500 ആക്കി കുറച്ചു എന്നതു തന്നെ മാനേജ്മെന്റിന്റെ തൊഴിലാളി വിരുദ്ധ അജണ്ടയുടെ സാക്ഷ്യപത്രമാണ്. വനിതാ ജീവനക്കാരെ വളരെ അകലെയുള്ള ആപ്പീസുകളിലേക്ക് സ്ഥലംമാറ്റി രാജിക്കായി സമ്മർദ്ദം ചെലുത്തുകയാണ്. നിസ്സാര കുറ്റങ്ങൾക്കു പോലും ചാർജ് ഷീറ്റ് കൊടുത്ത് അന്വേഷണ പ്രഹസനങ്ങൾ നടത്തി പിരിച്ചുവിടലടക്കമുള്ള കടുത്ത ശിക്ഷാനടപടികൾ കൈക്കൊള്ളുന്ന മാനേജ്മെന്റ് ജീവനക്കാരുടെ ജീവിതം പ്രതിസന്ധിയിലാഴ്ത്തുകയാണ്. ബാങ്കിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ നശിപ്പിച്ചാൽ മുഴുവൻ സി എസ് ബി ജീവനക്കാരേയും വിവിധ കാരണങ്ങൾ കാണിച്ച് പുറത്താക്കാനും കരാർ ജീവനക്കാരെ നിയമിച്ച് ചൂഷണം ചെയ്യാനും സുഗമമായിരിക്കുമെന്ന് മാനേജ്മെന്റ് കരുതുന്നു.

തൊഴിൽ മേഖലയിൽ സമാധാനം ഉറപ്പാക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ ഭരണകൂടമുള്ള കേരളത്തിലാണ് അന്യായവും അധാർമ്മികവുമായ തൊഴിൽ രീതികൾ ഒരു പ്രമുഖ ധനകാര്യ സ്ഥാപനത്തിൽ തുടരുന്നത്. ഈ ബാങ്കിന്റെ തെറ്റായതും നിരുത്തരവാദപരവുമായ സമീപനം മൂലം സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയിലാകെ അശാന്തി പടരുകയാണ്.

കാത്തലിക് സിറിയൻ ബാങ്കിൽ മാനേജ്മെന്റ് തുടരുന്ന കടുത്ത തൊഴിൽ നീതി ലംഘനങ്ങൾ സൃഷ്ടിച്ചിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഗൗരവമായി ഇടപെടണം.






ഓർഡനൻസ് ഫാക്ടറി സ്വകാര്യവൽക്കരണത്തിനെതിരേ ഒക്ടോബർ 1-ന് ആചരിച്ച
കരിദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം ആർ.എം.എസിന് മുന്നിൽ നടന്ന പ്രകടനം




കർഷക തൊഴിലാളികൾക്ക് ഉപാധിരഹിതായി പെൻഷൻ നൽകുക എന്ന ആവശ്യമുന്നയിച്ച്
ബി.കെ.എം.യു. സെക്രട്ടറിയേറ്റിന് മുന്നിൽ ഒക്ടോബർ 21-ന് സംഘടിപ്പിച്ച ധർണ്ണ
ദേശീയ വൈസ് പ്രസിഡന്റ് കെ.ഇ.ഇസ്മയിൽ ഉദ്ഘാടനം ചെയ്യുന്നു




കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ) ഒക്ടോബർ 16, 17 തിയതികളിൽ സംഘടിപ്പിച്ച
ലേബർ കോഡ് ശിൽപ ശാലയിൽ അഡ്വ. വി.ബി. ബിനു സംസാരിക്കുന്നു.



അഡ്വ. വി.ബി. ബിനു

# വേജ് കോഡിൽ പതിയിരിക്കുന്ന ചതിക്കുഴികൾ

**കേ**ന്ദ്ര സർക്കാർ ധൃതിപിടിച്ച് തയ്യാറാക്കിയ വേജ്കോഡിൽ പതിയിരിക്കുന്ന തൊഴിലാളി വിരുദ്ധതയ്ക്കെതിരെ വലിയ പ്രതിഷേധമാണ് രാഷ്ട്രീയഭേദമെന്യേ തൊഴിലാളി സംഘടനകളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. 29 തൊഴിൽ നിയമങ്ങൾ റദ്ദു ചെയ്ത് നാല് ലേബർ കോഡുകളാക്കി മാറ്റുവാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയായിരുന്നു. തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്ത് അവരുടെ ആശങ്കകൾ അകറ്റി വിശ്വാസം നേടിയെടുത്തു കൊണ്ടായിരിക്കണം തൊഴിൽ നിയമ പരിഷ്ക്കരണം എന്ന ആവശ്യം സർക്കാർ ചെവിക്കൊണ്ടതേയില്ല.

നാലു ലേബർ കോഡുകളിൽ വേജ് കോഡാണ് ആദ്യമേ പാസ്സാക്കി പ്രസിഡന്റിന്റെ അംഗീകാരം നേടിയത്. 30-7-2019-ൽ ലോക്സഭയിലും 2-08-2019 ൽ രാജ്യസഭയിലും പാസ്സാക്കിയ വേജ്കോഡ് 2019 ആഗസ്റ്റ് മാസം 8-ാം തീയതി തന്നെ പ്രസിഡന്റിന്റെ അംഗീകാരത്തോടെ നിലവിൽ വന്നു. 1936-ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട്, 1965-ലെ പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, 1976ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് എന്നീ നിലവിലെ നാല് തൊഴിൽ നിയമങ്ങളാണ് വേജ്കോഡ് നിലവിൽ വന്നപ്പോൾ റദ്ദാക്കപ്പെട്ടത്.

നാളിതുവരെ തൊഴിൽ നിയമങ്ങളെക്കുറിച്ച് ഉണ്ടായിരുന്ന കാഴ്ചപ്പാട് തൊഴിൽ സുരക്ഷ, മാന്യമായ ശമ്പളം, ജോലി സമയം ക്ലിപ്തപ്പെടുത്തൽ, ശമ്പളത്തിലുള്ള വ്യതിയാനം ഇവയ്ക്കെല്ലാം നിയമപരമായ പരിരക്ഷ എന്നതായിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ നിലപാട് പുതിയ ലേബർ കോഡുകൾ വരുന്ന തോടുകൂടി നിലവിലെ നാൽപ്പത്തിനാല് തൊഴിൽനിയമങ്ങളും കോർപ്പറേറ്റ് ഭീമൻമാർക്കുവേണ്ടി പൊളിച്ചെഴുതുക എന്നതായിരുന്നു. തൊഴിലാളി സംഘടനകൾ ഇല്ലാതാക്കി നിലവിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ തകിടംമറിച്ചു കൊണ്ട് വ്യവസായ വളർച്ചയ്ക്കു വേണ്ടി എന്ന പേരിൽ നിയമം മാറ്റി എഴുതുക എന്നതായിരുന്നു സർക്കാർ ലക്ഷ്യം.

സാമ്പത്തിക ശാസ്ത്രത്തിലുള്ള 2021-ലെ നോബൽ സമ്മാനം യു. എസ്.ലെ മൂന്ന് ഗവേഷകരായ ഡേവിഡ് കാർഡ്, ജോഷ്വ ആംഗ്രിസ്റ്റ്, ഗിഡോ ഇമ്പൻസ് എന്നിവർക്കായിരുന്നു. പുരസ്ക്കാര ജേതാക്കളിൽ ഡേവിഡ്കാർഡിന്റെ കണ്ടെത്തൽ ഇത്തരുണത്തിൽ ശ്രദ്ധേയവും പഠനാർഹവുമാണ്. ഉയർന്ന മിനിമം വേതനം തൊഴിലവസരം കുറയ്ക്കില്ല എന്ന ഡേവിഡ്കാർഡിന്റെ ഗവേഷണ കണ്ടെത്തലുകളാണ് സ്വീഡിഷ് അക്കാഡമി അദ്ദേഹത്തിന് പുരസ്ക്കാരം നൽകുവാൻ തീരുമാനിച്ചത്. അവാർഡുതുകയിൽ പകുതിയും ഡേവിഡ് കാർഡിനു തന്നെ നൽകുവാനും അവാർഡ് കമ്മറ്റി തീരുമാനിച്ചു. ഉയർന്ന മിനിമം വേതനത്തിന്റെ ഫലങ്ങളെ സംബന്ധിച്ച് ന്യൂജഴ്സിയിലെയും, പെൻസിൽ വാനിയയിലെയും റസ്റ്റോറന്റുകളിലാണ് പഠനം നടത്തിയത്. മിനിമം കൂലി വർദ്ധിപ്പിച്ചാൽ തൊഴിലവസരം കുറയുമെന്നും വ്യവസായത്തിന് തളർച്ച ഉണ്ടാകുമെന്നും ഉള്ള പരമ്പരാഗത ധാരണകളെയാണ് ഈ കണ്ടെത്തൽ നിരാകരിച്ചത്.

വേജ്കോഡ് നിലവിൽ വന്നു കഴിഞ്ഞാൽ ലേബർ ഓഫീസർമാരെ ഇൻസ്പെക്ടർ കം ഫെസിലിറ്റേറ്റർ എന്ന തസ്തികയിലേക്ക് മാറ്റപ്പെടുത്തുകയാണ്. തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന തൊഴിലുടമകളെ ഉപദേശിക്കുകയും സഹായിക്കുകയും ചെയ്യുന്ന ഓഫീസർമാരായിരിക്കണം ഈ ഉദ്യോഗസ്ഥൻമാർ. തൊഴിലാളികളുടെ ആവലാതികൾ കേൾക്കുകയും തീർപ്പു കൽപിക്കേണ്ടതും ഒരു ഗസറ്റഡ് ഓഫീസർ തസ്തികയിൽ ഉള്ള ആൾ ആയിരിക്കും. അദ്ദേഹത്തിന്റെ തീരുമാനത്തിൻ മേൽ അപ്പിൽ നൽകുന്നതിന് ഗസറ്റഡ് ഓഫീസറേക്കാൾ ഒരു റാങ്ക് കൂടിയ ഉദ്യഗസ്ഥനെ സർക്കാർ നിയമിക്കണം. ഗസറ്റഡ് ഓഫീസർക്കോ അപ്പലേറ്റ് അതോറിറ്റിക്കോ യാതൊരു വിധ ക്വാളിഫിക്കേഷനും നിഷ്ക്കർഷിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. നിയമത്തെക്കുറിച്ച് യാതൊരു വിധ പരിജ്ഞാനവുമില്ലാത്ത ഉദ്യോഗസ്ഥൻമാരായിരിക്കും അപ്പീൽ കേട്ട് തീർപ്പു കൽപിക്കുന്നത്.

തൊഴിലാളികളുടെ ദീർഘകാലത്തെ ആവശ്യവും സുപ്രീംകോടതി ഉൾപ്പെടെയുള്ള കോടതികളുടെ നിർദ്ദേശവുമായിരുന്നു തൊഴിൽ നിയമങ്ങൾ ആവർത്തിച്ച് ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ കടുത്ത ശിക്ഷ നൽകിയെങ്കിൽ മാത്രമേ തൊഴിൽ നിയമങ്ങൾ പാലിക്കാൻ തൊഴിലുടമകൾ തയ്യാറാവുകയുള്ളൂ എന്നുള്ളത്. സുപ്രീം കോടതിയുടെ ചരിത്ര പ്രസിദ്ധമായ ആസിഡ് കേസിൽ (പീപ്പിൾസ് യൂണിയൻ ഫോർ ഡമോക്രാറ്റിക് റൈറ്റ്സ് & അദേഴ്സ് Vs യുണിയൻ ഓഫ് ഇന്ത്യ) കോടതിയുടെ വിധി ന്യായത്തിൽ പറഞ്ഞിട്ടുള്ളത് തൊഴിൽ നിയമങ്ങൾ ലംഘിച്ചാൽ കടുത്ത ശിക്ഷ നൽകുന്നില്ല എങ്കിൽ പല്ലും നഖവുമില്ലാത്ത കടലാസ് പുലികൾ മാത്രമായിരിക്കും തൊഴിൽ നിയമങ്ങൾ എന്നാണ്. എന്നാൽ റദ്ദുചെയ്ത തൊഴിൽ നിയമങ്ങൾക്ക് പകരമായി കൊണ്ടുവന്ന വേജ് കോഡ് പ്രകാരം ജുഡീഷ്യൽ മജിസ്ട്രേറ്റ് എന്നതിനു പകരമായി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എന്നു മാറ്റി എഴുതിയതിനെ തുടർന്ന് കോടതികളുടെ ജുഡീഷ്യൽ നടപടി ക്രമങ്ങളിൽ നിന്ന് തൊഴിലുടമകൾക്ക് സംരക്ഷണം നൽകുകയാണ് ഉണ്ടായത്. തൊഴിൽ നിയമങ്ങൾ ലംഘിച്ചാൽ ക്രിമിനൽ ശിക്ഷയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു എന്ന് മാത്രമല്ല ആവർത്തിച്ച് കുറ്റം ചെയ്താലും നാമമാത്രമായ ഫൈൻ അടച്ച് തൊഴിലുടമക്ക് രക്ഷപെടാനുള്ള മാർഗ്ഗവും ലേബർ കോഡ് ഉറപ്പാക്കി. ശിക്ഷ വിധിച്ചു കഴിഞ്ഞാലും കേസുകൾ ഒത്തുതീർപ്പാക്കുന്നതിനും പ്രതികൾക്ക് ഡിസ്ചാർജ് ലഭിക്കുന്നതിനുള്ള വകുപ്പുകൾ കൂടി ഉൾപ്പെടുത്തിയപ്പോൾ തൊഴിൽ നിയമങ്ങൾ ലംഘിക്കാൻ തൊഴിലുടമകൾക്ക് കൂടുതൽ അവസരം നൽകുകയാണ് ഉണ്ടായത്. തുല്യജോലിക്ക് തുല്യവേതനം എന്ന ആശയം തന്നെ അപ്രസക്തമാവുകയാണ് ലേബർ കോഡുകളിലൂടെ.

എസ്. രാമകൃഷ്ണൻ



# സ്വകാര്യവൽക്കരണം: രാഷ്ട്ര പരമാധികാരത്തിനു ഭീഷണി

**1991** ൽ പി.വി. നരസിംഹ റാവു പ്രധാനമന്ത്രിയും ഡോ. മൻമോഹൻ സിംഗ് ധനമന്ത്രിയുമായിരിക്കെ പ്രഖ്യാപിച്ച "പുത്തൻ" സാമ്പത്തിക നയങ്ങളുടെ ഭാഗമായാണ് സ്വകാര്യവൽക്കരണം രാജ്യത്ത് വൻതോതിൽ ചർച്ചാ വിഷയമായത്. ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നീ മൂന്നു വാക്കുകളിൽ നിർവ്വചിക്കാവുന്ന സാമ്പത്തിക നയങ്ങൾ അക്കാലം മുതൽ മാറിമാറിവരുന്ന ഭരണകൂടങ്ങളെല്ലാം ഇന്ത്യയിൽ അവലംബിച്ചുവരുന്നു. ലോകത്തെ നിരവധി വികസ്വര രാജ്യങ്ങളും സമാന്തരമായി ഇതേ നയങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ പ്രത്യാഘാതങ്ങൾ പല രാജ്യങ്ങളിലും പല വിധത്തിലാണ് അനുഭവപ്പെട്ടിട്ടുള്ളത്. പൊതുവിൽ സാമ്പത്തികമായി സമൂഹത്തിൽ വലിയ വിടവ് സൃഷ്ടിക്കുകയും ഒരു വശത്ത് ഏതാനും ചിലരിൽ സമ്പത്തിന്റെ കേന്ദ്രീകരണം ഉണ്ടാകുമ്പോൾ മറുവശത്ത് ദരിദ്രർ കൂടുതൽ ദരിദ്രരാവുകയും പല വിഭാഗം ജനങ്ങളും പാർശ്വവൽകൃതരായിത്തീരുകയും ചെയ്യുന്ന അനുഭവമാണ് ലോകമെമ്പാടും കാണപ്പെടുന്നത്.

രാജ്യമൊട്ടാകെ ട്രേഡ് യൂണിയനുകളുടെ ഭാഗത്തുനിന്നും മറ്റു പുരോഗമന പ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായ വൻതോതിലുള്ള ചെറുത്തുനിൽപ്പുമൂലം പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുക എന്ന സർക്കാരിന്റെ അജണ്ട ഭരണക്കാർ ഉദ്ദേശിച്ച വേഗതയിൽ നടപ്പാക്കാനായില്ല. സ്വാഭാവികമായും ഈ വിൽപ്പനയിൽ കണ്ണും നട്ടിരിക്കുന്ന മൂലധന ശക്തികൾ ഇതിനെ വിമർശിക്കുകയും "പരിഷ്ക്കാരങ്ങൾക്ക് " വേഗത പോരെന്ന് കുറ്റപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. 1999 മുതൽ അധികാരത്തിലിരുന്ന വാജ്പേയ് സർക്കാർ പൊതുമേഖലയുടെ ഓഹരി വിൽപ്പനയ്ക്കായി ഒരു പ്രത്യേക സർക്കാർ വകുപ്പ് തന്നെ രൂപീകരിച്ചു. അരുൺ ഷൂരി ആയിരുന്നു ഈ ഡിസ്ഇൻവെസ്റ്റ്മെന്റ് വകുപ്പിന്റെ ചുമതലക്കാരനായ മന്ത്രി. ആദ്യഘട്ടത്തിൽ വിഎസ്എൻഎൽ, മോഡേൺ ബ്രഡ്, ബാൽകോ മുതലായ സ്ഥാപനങ്ങളാണ് വിൽപ്പന പട്ടികയിൽ ഇടംപിടിച്ചത്. ആ സർക്കാരിന്റെ ഉദാരവൽക്കരണ നയങ്ങൾ രാജ്യത്ത് വൻതോതിൽ അസംതൃപ്തി പടർത്തി. അതിന്റെ ഫലമായി ആ ഗവൺമെന്റ് തെരഞ്ഞെടുപ്പിൽ നിഷ്കാസിതമായി. തുടർന്ന് 2004 മുതൽ ഭരിച്ച മൻമോഹൻ സിംഗ് സർക്കാർ ഇടതുപക്ഷ പിന്തുണയോടെയാണ് ഭരണം നടത്തിയിരുന്നത്. അതുകൊണ്ടുതന്നെ അന്ന് രാഷ്ട്രീയ കൂട്ടുകെട്ടിന്റെ ഭാഗമായി ഉണ്ടാക്കിയ പൊതു മിനിമം പരിപാടി അംഗീകരിച്ചുപോകാൻ ആ സർക്കാർ നിർബന്ധിതമായിരുന്നു. 2008 ൽ ഇടതുപക്ഷം പിന്തുണ പിൻവലിച്ചപ്പോൾ മൻമോഹൻ സിംഗ് നടത്തിയ ആഹ്ലാദ പ്രകടനം മറക്കാറായിട്ടില്ല. ഇനി തനിക്ക് നിയന്ത്രണങ്ങളില്ലാതെ സാമ്പത്തിക പരിഷ്ക്കാരങ്ങളുമായി മുന്നോട്ടു പോകാം എന്ന അർത്ഥത്തിൽ അദ്ദേഹം ഒരു പ്രസ്താവനയും നടത്തുകയുണ്ടായി. അതിനുശേഷം രണ്ടാം യുപിഎ സർക്കാരിന്റെ കാലഘട്ടം കഴിയുന്നതുവരെയും സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടുന്ന നടപടികൾ തന്നെയാണ് ആ സർക്കാർ സ്വീകരിച്ചത്.

2014 ൽ അധികാരത്തിൽ വന്ന മോദി സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ ഒരുതരത്തിലും നിലവാര മികവ് പുലർത്തിയിട്ടില്ല എന്ന് പറയേണ്ടിവരുന്നു. അധികാരങ്ങളും സർക്കാർ ഫണ്ടും തുടരെ തുടരെ കേന്ദ്രീകരിക്കുക എന്നതായിരുന്നു മോദി സർക്കാരിന്റെ നയങ്ങളുടെ ഒരു മുഖമുദ്ര. പ്ലാനിംഗ് കമ്മീഷൻ പിരിച്ചുവിട്ട് നീതി ആയോഗ് രൂപീകരിച്ചത് ഇതിന്റെ തുടക്കമായിരുന്നു. അതോടെ പദ്ധതി ചിലവും പദ്ധതിയേതര ചിലവും തമ്മിൽ ഉണ്ടായിരുന്ന വ്യതിരിക്തത നഷ്ടപ്പെടുകയും, ഫണ്ടുകൾ വിനിയോഗിക്കുന്നതിന്റെ അധികാരം സർക്കാരിൽ, വിശേഷിച്ച് പ്രധാനമന്ത്രിയുടെ ഓഫീസിൽ കേന്ദ്രീകരിക്കുകയും ചെയ്തു. യുജിസി ഫണ്ടുകളുടെ കാര്യത്തിൽ കൊണ്ടുവന്ന ചില നിയന്ത്രണങ്ങൾ ഇതേ രീതിയിലുള്ളവയായിരുന്നു. 2017 ൽ നടപ്പാക്കിയ ജിഎസ്ടി സമ്പ്രദായത്തിന്റെ ഫലമായി സംസ്ഥാന സർക്കാരുകൾ നികുതി പിരിക്കുകയും ഒരു വിഹിതം കേന്ദ്ര സർക്കാരിൽ അടയ്ക്കുകയും ചെയ്യുന്ന രീതി മാറി, കേന്ദ്രം നേരിട്ട് നികുതി പിരിക്കുകയും സംസ്ഥാനങ്ങൾക്ക് പിന്നീടുമാത്രം വിഹിതം നൽകുകയും ചെയ്യുന്ന സമ്പ്രദായം നിലവിൽ വന്നു. റെയിൽവെ ബഡ്ജറ്റ് വേണ്ടെന്നുവെച്ച് പൊതു ബഡ്ജറ്റിന്റെ ഭാഗമാക്കി. പിന്നീട് റിസർവ് ബാങ്കിന്റെ കരുതൽ ധനത്തിൽ നിന്നും സർക്കാർ ഒന്നേമുക്കാൽ ലക്ഷം കോടി രൂപയോളം പിടിച്ചുവാങ്ങിയ സംഭവവും ഉണ്ടായി. ഇതൊക്കെ ധനകാര്യമാനേജ്മെന്റിൽ വൻതോതിലുള്ള അധികാര കേന്ദ്രീകരണത്തിന് വഴിതെളിച്ചു.

നാണയപ്പെരുപ്പം നിയന്ത്രിക്കാനോ വിലക്കയറ്റം പിടിച്ചുനിർത്താനോ ധനകമ്മി പ്രഖ്യാപിതമായ 3% ആയി ചുരുക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല. ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പൊതുമേഖലാ വിൽപ്പനയെ ആ

ശ്രയിക്കേണ്ട സ്ഥിതിവിശേഷത്തിലേക്കാണ് കേന്ദ്ര സർക്കാർ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട അസറ്റ് മോണിറ്റൈസേഷൻ പദ്ധതിയെ വിലയിരുത്തേണ്ടത്. റോഡുകൾ, വിമാനത്താവളങ്ങൾ, റെയിൽവെ, വാതക പൈപ്പ് ലൈനുകൾ, മൊബൈൽ ടവറുകൾ, വൈദ്യുതി, പ്രതിരോധ സ്ഥാപനങ്ങൾ തുടങ്ങി ഏതാണ്ട് എല്ലാ മേഖലകളിലും ഉള്ള ആസ്തികൾ വിൽപ്പന നടത്തിയോ പാട്ടത്തിനുകൊടുത്തോ ആറു ലക്ഷം കോടി രൂപ സമാഹരിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുക എന്നതാണ് സർക്കാർ മുന്നോട്ടുവെച്ച ആശയം. എന്നാൽ ഇതിന്റെ പ്രായോഗിക വിജയം ഏറെ സംശയാസ്പദമാണ്. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും പ്രകൃതി വിഭവങ്ങളുമെല്ലാം അതിവേഗം സ്വകാര്യ മേഖലയുടെ കൈവശം എത്തിക്കുകയും സ്വകാര്യ മൂലധനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഒരു പ്രക്രിയയായിട്ടാണ് ഇത് കലാശിക്കുക. സ്വാഭാവികമായും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ അളവ് ഗണ്യമായി കുറയും. ഇത് സർക്കാരിന്റെ കരുത്തിനെയാകെ ശോഷിപ്പിക്കാൻ സാധ്യതയുള്ള നടപടിയാണ്.

പ്രതിരോധം ഏറ്റവും തന്ത്രപ്രധാനമായ മേഖലയാണ്. ഈ മേഖലയിലെ 41 ആയുധ-യുദ്ധസാമഗ്രി നിർമ്മാണ ശാലകളെ ഏഴു കമ്പനികളാക്കി പുനഃസംഘടിപ്പിക്കുകയാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്. ഈ കമ്പനികളെ വിറ്റഴിക്കുക എന്നതാണ് ലക്ഷ്യം. ഇത് സർക്കാരിന്റെ ശക്തിക്ക് വരുത്താനിടയുള്ള ശോഷണം വളരെ പ്രകടമാണ്. എന്നിട്ടും മൂലധന ശക്തികളുടെ സമ്മർദ്ദങ്ങൾക്കു വഴങ്ങിയും സ്വയം നിർമ്മിത സാമ്പത്തിക പരാധീനതകൾക്ക് കീഴ്പ്പെട്ടും, ഇത്തരമൊരു നടപടിയിലേക്ക് സർക്കാർ കടക്കുന്നു. ഇതിനെതിരെ ആ മേഖലയിലെ ജീവനക്കാർ വൻതോതിലുള്ള പ്രക്ഷോഭം കെട്ടിപ്പടുത്തപ്പോൾ അവരുടെ സമരങ്ങളെ നിയമനിർമ്മാണം കൊണ്ട് അടിച്ചമർത്താൻ സർക്കാർ ഒരു മടിയും കാണിച്ചില്ല എന്നത് ശ്രദ്ധേയമാണ്.

ലോകത്തെ ഏറ്റവും ബൃഹത്തായ റെയിൽവെയാണ് ഭാരതത്തിന്റേത്. ഇത് ഒന്നടങ്കം കരസ്ഥമാക്കാൻ ശേഷിയുള്ള സ്വകാര്യ ഗ്രൂപ്പുകൾ വിരളമാണ്. അതുകൊണ്ട് റെയിൽവേയെ പല കഷണങ്ങളായി വിഭജിച്ച് വിറ്റഴിക്കാനാണ് സർക്കാർ പദ്ധതിയിടുന്നത്. പ്ലാറ്റ്ഫോമുകൾ, ട്രെയിനുകൾ, വസ്തു വഹകൾ, തുടങ്ങിയവയൊക്കെ പ്രത്യേകം പ്രത്യേകം വിറ്റഴിക്കാനാണ് പരിപാടി. പൊതുയാത്രാ സംവിധാനത്തിന്റെയും ചരക്കുഗതാഗതത്തിന്റെയും നട്ടെല്ലായ റെയിൽവേയുടെ ഇത്തരത്തിലുള്ള സ്വാകര്യവൽക്കരണം ജനജീവിതം തന്നെ താറുമാറാക്കും എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

എയർ ഇന്ത്യാ വിൽപ്പന ഏതാണ്ട് തീരുമാനിക്കപ്പെട്ടുകഴിഞ്ഞു. ടാറ്റ ഗ്രൂപ്പ് ഏറ്റെടുക്കൽ പ്രക്രിയ ആരംഭിച്ചു കഴിഞ്ഞു. ലോകമെമ്പാടും വലിയ പ്രതിസന്ധി നേരിടുന്ന വ്യോമയാന മേഖല ഈ വർഷം മാത്രം 50 ബില്യൺ ഡോളർ നഷ്ടമാണ് ഉണ്ടാക്കുക എന്നാണ് വിദഗ്ധർ പറയുന്നത്. ഇന്ത്യയിൽ ഇപ്പോൾ നിലവിലുള്ള വിമാനകമ്പനികളൊന്നും ലാഭത്തിൽ പ്രവർത്തിക്കുന്നില്ല. മുൻപ് കൊട്ടിഘോഷിക്കപ്പെട്ടിരുന്ന പല കമ്പനികളും പൂട്ടിപ്പോയത് നമ്മൾ കണ്ടു. എയർ ഇന്ത്യാ വിൽപ്പനയോടെ ഇന്ത്യയ്ക്ക് ഒരു ദേശീയ വ്യോമഗതാഗത സ്ഥാപനം ഇല്ലാതെയായി. ഇനി ടാറ്റ കുറച്ചുവർഷങ്ങൾക്കുശേഷം ലാഭകരമായി എയർ ഇന്ത്യയെ നടത്തിക്കൊണ്ടുപോകാൻ കഴിയില്ലാ എന്നറിയിച്ചാൽ എന്തായിരിക്കും സർക്കാരിന്റെ മുന്നിലുള്ള മാർഗ്ഗം. വീണ്ടും ദേശസാൽക്കരണം? അതോ നഷ്ടം നികത്താൻ ടാറ്റയ്ക്ക് സർക്കാർ പണം നൽകുമോ?

രാജ്യത്തിന്റെ വിവിധ കോണുകളിലുള്ള ആറ് വിമാനത്താവളങ്ങൾ വിറ്റഴിക്കപ്പെടുകയും അവയെ എല്ലാം ഒരേ സ്വകാര്യ ഗ്രൂപ്പ് (അഡാനി ഗ്രൂപ്പ്) ഏറ്റെടുക്കുകയും ചെയ്യുന്ന കാഴ്ച നമ്മൾ അടുത്ത കാലത്ത് കാണുകയുണ്ടായി. തിരുവനന്തപുരം വിമാനത്താവളവും ഇതിൽ ഉൾപ്പെടും. കൊച്ചി വിമാനത്താവള മാതൃകയിൽ കമ്പനി രൂപീകരിച്ച് കേരള സർക്കാർ തന്നെ മുൻകൈയെടുത്ത് തിരുവനന്തപുരം വിമാനത്തവാളം നടത്തിക്കൊണ്ടുപോകാം എന്നുള്ള ഓഫർ പോലും തിരസ്ക്കരിച്ചാണ് അഡാനി ഗ്രൂപ്പിന് വിമാനത്താവളം കൈമാറിയത്. തുറമുഖങ്ങളുടെ കഥയും ഇതിൽ നിന്ന് ഏറെ വിഭിന്നമല്ല.

വൈദ്യുതി മേഖലയിൽ സ്വകാര്യവൽക്കരണ ശ്രമങ്ങൾ ആരംഭിച്ചിട്ട് ഏതാണ്ട് രണ്ടുപതിറ്റാണ്ട് ആകുന്നു. ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മൂന്ന് വിഭാഗങ്ങളാക്കി തിരിച്ച് പ്രത്യേകം പ്രത്യേകം സ്വകാര്യവൽക്കരിക്കാനാണ് പരിപാടി. വൻതോതിലുള്ള ചാർജ്ജ് വർദ്ധനയും കാർഷിക മേഖല ഉൾപ്പെടെയുള്ള മുൻഗണനാ മേഖലകൾക്ക് ഇപ്പോൾ ലഭിക്കുന്ന എല്ലാത്തരം ആനുകൂല്യങ്ങളുടെയും പിൻവലിക്കലുമാണ് ഇത്തരം നടപടികളുടെ അനന്തരഫലമായി നമ്മളെ കാത്തിരിക്കുന്നത്.

റോഡുകളുടെ സ്വാകര്യവൽക്കരണം ഇപ്പോൾ തന്നെ വൻതോതിൽ നടന്നുകഴിഞ്ഞു. ഗണ്യമായ തുക ടോൾ നൽകാതെ രാജ്യത്തെ ഹൈവേ കളിലെവിടെയും സഞ്ചരിക്കാൻ കഴിയില്ല എന്ന സ്ഥിതിവിശേഷം ഇപ്പോൾ തന്നെയുണ്ട്. ഇതിന് ആക്കം കൂട്ടുന്ന പരിഷ്ക്കാരങ്ങളാണ് വൻതോതിലുള്ള സ്വകാര്യവൽക്കരണം കൊണ്ട് ഈ മേഖലയിൽ ഉണ്ടാവുക.



എണ്ണകമ്പനികളുടെ സ്വകാര്യവൽക്കരണം മറ്റൊരു വമ്പിച്ച ഭീഷണിയാണ്. ഇപ്പോൾ തന്നെ ഇന്ധനവില അങ്ങേയറ്റം ദുസ്സഹമായിക്കഴിഞ്ഞു. സ്വകാര്യവൽക്കരണം കൂടുതൽ വിലക്കയറ്റത്തിലേക്ക് നയിക്കുമെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. ഇവിടെ എന്തുകൊണ്ടാണ് എണ്ണക്കമ്പനികൾ ദേശസാൽക്കരിക്കേണ്ടി വന്നത് എന്ന കാര്യവും പരിശോധിക്കേണ്ടതുണ്ട്. 1971 ലെ ബംഗ്ലാദേശ് വിമോചനത്തിനായുള്ള ഇന്തോ-പാക്ക് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ വ്യോമസേനയ്ക്ക് ഇന്ധനം ലഭിക്കാനായി സ്വകാര്യ എണ്ണ കമ്പനികളോട് ഗവൺമെന്റ് ഒരഭ്യർത്ഥന നടത്തി ഇന്ധനം ഉടനടി ലഭ്യമാക്കണമെന്നും പണം പിന്നീട് തന്നുകൊള്ളാമെന്നും ആണ് ഗവൺമെന്റ് മുന്നോട്ടുവെച്ച ആവശ്യം. ഗുരുതരമായ യുദ്ധ സാഹചര്യം നിലനിന്നിട്ടുപോലും സ്വകാര്യ എണ്ണ കമ്പനികൾ ഈ ആവശ്യം മാനിക്കാൻ തയ്യാറായില്ല. ഇതാണ് എണ്ണ കമ്പനികളുടെ സ്വകാര്യവൽക്കരണത്തിലേക്ക് നയിച്ച പ്രധാന വിഷയം. ഇപ്പോൾ ഈ കമ്പനികളുടെ പുനർസ്വകാര്യവൽക്കരണം എത്ര കണ്ട് രാജ്യതാൽപ്പര്യത്തിന് വിരുദ്ധമാണെന്ന് വ്യക്തമാണല്ലോ.

ഇതുവരെയില്ലാത്ത രീതിയിൽ ആണവ നിലയ മേഖലയിലും ബഹിരാകാശ ഗവേഷണ മേഖലയിലുമെല്ലാം സ്വകാര്യവൽക്കരണം നടത്തുമെന്നാണ് കഴിഞ്ഞ വർഷം നിർമ്മലാ സീതാരാമൻ നടത്തിയ പ്രഖ്യാപനം. ഇതുവരെ സർക്കാരിന്റെ നിയന്ത്രണത്തിലായിരുന്ന തന്ത്രപ്രധാനമായ ഈ മേഖലകളുടെ സ്വകാര്യവൽക്കരണം രാജ്യസുരക്ഷയ്ക്കു മറ്റൊരു ഭീഷണിയായി മാറും.

കൽക്കരി ഖനന മേഖലയിലെ സ്വകാര്യവൽക്കരണം രാജ്യത്തെ ഏതുരീതിയിലാണ് വൈദ്യുതി സ്തംഭനത്തിലേക്ക് നയിച്ചതെന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. രാജ്യത്തെ താപവൈദ്യുത നിലയങ്ങൾക്ക് ആവശ്യമായ അളവിൽ കൽക്കരി ലഭിക്കുന്നില്ല. അതേസമയം അഡാനിയുടെ കൽക്കരിപ്പാടങ്ങളിൽ നിന്ന് ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് അസംസ്കൃത കൽക്കരിയുടെ കയറ്റുമതി നിർബാധം തുടരുകയാണ്.

**സ്വകാര്യ ടെലികോം കമ്പനികളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി ബിഎസ്എൻഎലിന് 4ജി സാങ്കേതിക വിദ്യ നിഷേധിച്ചും ആവശ്യമായ ഉപകരണങ്ങളും മറ്റു സാമഗ്രികളും വാങ്ങാൻ അനുമതി നൽകാതെയും സാങ്കേതിക വിദ്യയിൽ പുരോഗമനം ഇല്ലാതെ തടുത്തു നിർത്തിയും ആ സ്ഥാപനത്തെ മനഃപൂർവ്വം ഇല്ലായ്മ ചെയ്യാനാണ് സർക്കാർ താൽപ്പര്യമെടുത്തത്.**

ബിഎസ്എൻഎൽ എന്ന ശ്രേഷ്ഠമായ സ്ഥാപനത്തെ എപ്രകാരമാണ് സർക്കാർ ബോധപൂർവ്വം നശിപ്പിച്ചത് എന്നതിനും നമ്മൾ സാക്ഷിയായി. സ്വകാര്യ ടെലികോം കമ്പനികളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി ബിഎസ്എൻഎലിന് 4ജി സാങ്കേതികവിദ്യ നിഷേധിച്ചും ആവശ്യമായ ഉപകരണങ്ങളും മറ്റു സാമഗ്രികളും വാങ്ങാൻ അനുമതി നൽകാതെയും സാങ്കേതിക വിദ്യയിൽ പുരോഗമനം ഇല്ലാതെ തടുത്തു നിർത്തിയും ആ സ്ഥാപനത്തെ മനഃപൂർവ്വം ഇല്ലായ്മ ചെയ്യാനാണ് സർക്കാർ താൽപ്പര്യമെടുത്തത്. ഒരു ലക്ഷത്തോളം തൊഴിലാളികളെ പുറത്താക്കി. അതേസമയം ടെലികോം മേഖലയിലെ ഏതാണ്ട് എല്ലാ സ്വകാര്യ കമ്പനികളും വൻ നഷ്ടത്തിലാണ് എന്ന യാഥാർത്ഥ്യത്തിനുനേരെ സർക്കാർ കണ്ണടയ്ക്കുകയാണ്.

സ്വകാര്യവൽക്കരണ ശ്രമങ്ങൾ ആദ്യം തന്നെ ലക്ഷ്യമിട്ട മേഖലയാണ് ധനമേഖല. എൽഐസിയുടെ സ്വകാര്യവൽക്കരണം ഈ സാമ്പത്തിക വർഷംതന്നെ നടപ്പാക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഇത് രാജ്യത്തിന് ഗുണകരമായ എന്തോ ഒരു നടപടിയാണ് എന്ന മട്ടിലാണ് ബന്ധപ്പെട്ടവരുടെ അവതരണം. കേവലം അഞ്ചുകോടി രൂപ മുതൽമുടക്കിൽ ആരംഭിച്ച സ്ഥാപനമാണ് എൽഐസി. ഇൻഷൂറൻസ് ദേശസാൽക്കരണത്തിന്റെ പശ്ചാത്തലവും സ്മരണീയം തന്നെ. സ്വകാര്യ ഇൻഷൂറൻസ് കമ്പനികളുടെ തട്ടിപ്പും തുടരെത്തുടരെയുള്ള തകർച്ചയും ജനങ്ങളെ ആകെ ദുരിതത്തിലാഴ്ത്തുന്ന സാഹചര്യമാണ് 1950 കളിൽ നിലനിന്നിരുന്നത്. ഈ പശ്ചാത്തലത്തിലാണ് 1956 നവംബർ 1 മുതൽ പ്രാബല്യത്തോടെ രാജ്യത്തെ ഇൻഷൂറൻസ് കമ്പനികളെ ദേശസാൽക്കരിച്ച് എൽഐസി രൂപീകരിച്ചത്. ഇന്ന് എൽഐസിയുടെ പോളിസി നിക്ഷേപം 30 ലക്ഷം കോടിയോളം രൂപയാണ്. രൂപീകരിച്ച കാലം തൊട്ട് ഇന്നോളം വിവിധ പഞ്ചവത്സര പദ്ധതികളിലായി 55 ലക്ഷം കോടി രൂപയോളമാണ് രാഷ്ട്ര വികസനത്തിനായി എൽഐസി എന്ന സ്ഥാപനം നടത്തിയ നിക്ഷേപം. സ്വകാര്യവൽക്കരണം നടപ്പായാൽ ഇത്തരത്തിലുള്ള എന്തെങ്കിലും നിക്ഷേപം ആ സ്ഥാപനത്തിൽ നിന്ന് പ്രതീക്ഷിക്കേണ്ടതില്ലെന്ന് ആർക്കാണ് അറിയാത്തത്? എന്നിട്ടും വിനാശകരമായ സ്വകാര്യവൽക്കരണ ശ്രമവുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

ബാങ്കിംഗ് മേഖലയുടെ കാര്യവും ഇതുപോലെതന്നെ. 1950 കളിലും 60 കളിലും സാധാരണ ജനങ്ങൾക്ക് വായ്പകൾ ലഭ്യമാക്കാനും, രാഷ്ട്രത്തിന്റെ വികസന പ്രക്രിയയിൽ പങ്കാളികളാകാനും ഉള്ള ഗവൺമെന്റിന്റെ തുടരെ തുടരെയുള്ള അഭ്യർത്ഥനകൾക്ക് സ്വകാര്യമേഖലയിലെ ബാങ്കുകൾ പുല്ലുവില പോലും കൽപ്പിക്കാതിരുന്ന സാഹചര്യത്തിലാണ് ബാങ്ക് ദേശസാൽക്കരണം ഒരു അനിവാര്യതയായി തീർന്നത്. 1955 ൽ ഇംപീരിയൽ ബാങ്കിനെ ദേശസാൽക്കരിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ രൂപീകരിച്ചു. പിന്നീട് അസോസിയേറ്റ് ബാങ്കുകളുടെ രൂപീകരണം നടന്നു. 1969 ൽ 14 വൻകിട ബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടു. പിന്നീട് 1980 ൽ ആറു ബാങ്കുകൾ കൂടി പൊതുമേഖലയിലേക്കു വന്നു. ഇന്ത്യയുടെ സാമ്പത്തിക വികാസത്തിൽ ഈ നടപടിക്കുള്ള പങ്ക് എല്ലാവർക്കും അറിയാവുന്നതാണ്. 2008 ൽ ആഗോളതലത്തിൽ വികസിത രാജ്യങ്ങളുടെ സമ്പദ്ഘടന തകർന്നപ്പോൾ ഇന്ത്യൻ സമ്പദ് ഘടന പിടിച്ചുനിന്നത് ബാങ്കുകൾ പൊതുമേഖലയിലായതിനാലാണ് എന്ന് മൻമോഹൻ സർക്കാരിന് സമ്മതിക്കേണ്ടിവന്നു. 1990 കളിൽ പുതിയ സ്വകാര്യബാങ്കുകൾക്ക് അനുമതി നൽകാൻ ആരംഭിച്ചു. അന്നാരംഭിച്ച ടൈംസ് ബാങ്ക്, സെഞ്ചൂറിയൻ ബാ




ങ്ക്, ഗ്ലോബൽ ട്രസ്റ്റ് ബാങ്ക് തുടങ്ങിയ പല സ്ഥാപനങ്ങളും ഇന്ന് നിലവിലില്ല. പൊതുമേഖലാ ബാങ്കുകളുടെ എണ്ണം കുറയ്ക്കാൻവേണ്ടി അവയെ കൂട്ടിലയിപ്പിച്ചും സ്വകാര്യമേഖലയിൽ ബാങ്കുകൾക്ക് ഉദാരമായി ലൈസൻസുകൾ നൽകിയും പൊതുമേഖലാ ബാങ്കുകളുടെ വിപണി വിഹിതം കുറച്ചുകൊണ്ടുവരാൻ ബോധപൂർവ്വമായ ശ്രമങ്ങളാണ് സർക്കാർ നടത്തിയത്. ഇന്ന് പൊതുമേഖലാ ബാങ്കുകളുടെ എണ്ണം 12 ആയി കുറയ്ക്കപ്പെട്ടിരിക്കുന്നു.

ബാങ്കുകൾ രാജ്യത്തിന്റെ മൂലധനം കേന്ദ്രീകരിക്കുന്ന നിക്ഷേപ ഇടങ്ങളാണ്. ഇന്ത്യയുടെ ജിഡിപി 200 ലക്ഷം കോടി രൂപയ്ക്കടുത്താണ്. അതേ സമയം ബാങ്കുകളിലെ നിക്ഷേപം 100 ലക്ഷം കോടിക്ക് മുകളിലുമാണ്. ഇതിൽ നിന്നും ബാങ്ക് നിക്ഷേപങ്ങളുടെ തോത് നമുക്ക് ഊഹിക്കാം. ഈ ബൃഹത്തായ നിക്ഷേപങ്ങളുടെ നിയന്ത്രണം കൈയ്യടക്കാൻ സ്വകാര്യ മൂലധന ശക്തികൾക്ക് താൽപ്പര്യമുണ്ടാവുക സ്വാഭാവികം മാത്രം. ഇങ്ങനെ താൽപ്പര്യപ്പെടുന്ന ഗ്രൂപ്പുകളിലേറെയും വിദേശ ഗ്രൂപ്പുകളായിരിക്കും. ഇതിനെല്ലാം പരവതാനി വിരിക്കുന്ന നയങ്ങളാണ് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ നിക്ഷേപങ്ങളുടെ നിയന്ത്രണം ഏതാനും സ്വകാര്യ സ്ഥാപനങ്ങളുടെ കൈയ്യിലെത്തിയാൽ ആ സ്ഥാപനങ്ങൾ സമ്പദ് വ്യവസ്ഥയുടെ ആകെ ഭാവിയും ഭാഗധേയവും നിർണ്ണയിക്കാൻ തക്കവിധം സ്വാധീനശക്തിയാർജ്ജിക്കും. ധനവകുപ്പും റിസർവ് ബാങ്കുമെല്ലാം വെറും നോക്കുകുത്തിയായി മാറും.

ഇതിന്റെ സാമൂഹ്യപ്രത്യാഘാതങ്ങളും ഗുരുതരമായിരിക്കും. സാധാരണക്കാർക്ക് ലഭിക്കുന്ന അവകാശങ്ങൾ ഒന്നൊന്നായി റദ്ദു ചെയ്യപ്പെടും. വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് പൊതുമേഖലയിലുള്ള സ്ഥാപനങ്ങൾ പുറത്തേക്കുപോകും, വിജിലൻസിന്റെ നിയന്ത്രണവും ഈ സ്ഥാപനങ്ങൾക്ക് ഉണ്ടാവില്ല. സംവരണ മാനദണ്ഡങ്ങളൊന്നും ബാധകമായിരിക്കില്ല. ഇന്ന് പൊതുമേഖലയിൽ 1000 ഒഴിവുകൾ നികത്തുമ്പോൾ അവയിൽ 150 എണ്ണം പട്ടികജാതിക്കാർക്കും 75 എണ്ണം പട്ടികവർഗ്ഗക്കാർക്കും 270 തസ്തികകൾ മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും 100 ഒഴിവുകൾ വിമുക്ത സൈനികർക്കും 3 നിയമനങ്ങൾ ഭിന്നശേഷിക്കാർക്കും ഇനിയൊരു 100 നിയമനങ്ങൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങൾക്കും ലഭിക്കും. സ്വകാര്യമേഖലയിൽ ഇത്തരം ഒരു പരിഗണനയും ഇല്ല. സ്ത്രീകൾക്ക് സുരക്ഷിതവും തുല്യാവകാശങ്ങളും പ്രത്യേക പരിഗണനകൾ ലഭിക്കുന്നതുമായ തൊഴിൽ മേഖല പൊതുമേഖലയിൽ മാത്രമാണുള്ളത്.

സ്വകാര്യവൽക്കരണം എങ്ങോട്ടാണ് രാഷ്ട്രത്തെ നയിക്കുക എന്നത് മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും സുവ്യക്തമാണല്ലോ. തന്ത്രപ്രധാന മേഖലകളെല്ലാം കയ്യൊഴിഞ്ഞും സാമ്പത്തികമായി കരുത്തുറ്റ സ്ഥാപനങ്ങളെയെല്ലാം വിട്ടുനൽകിയും സർക്കാർ അനുക്രമം ദുർബ്ബലമായിത്തീരുകയും സ്വകാര്യമേഖല ആനുപാതികമായി കരുത്താർജ്ജിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിലേക്കാണ് ഇത് രാജ്യത്തെ നയിക്കുക. ഇതിന്റെ ഫലമായി ഏതാനും സ്വകാര്യ ഗ്രൂപ്പുകൾ രാജ്യത്തിന്റെ ഭരണകൂടത്തെക്കാൾ കരുത്താർജ്ജിക്കുന്ന സ്ഥിതിവിശേഷം സംജാതമാകും. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഏതാനും ചില മൂലധന ശക്തികളുടെ ആജ്ഞാനുവർത്തിയായി കേവലം പാവസർക്കാരായി ഇന്ത്യൻ ഭരണകൂടം അധഃപതിക്കുന്ന സ്ഥിതിവിശേഷത്തിലേക്കാണ് ഈ നയങ്ങൾ രാജ്യത്തെ എത്തിക്കുക.

മോദി ഭരണകൂടം ശക്തമായ ഭരണകൂടമാണെന്ന ഒരു പ്രതിച്ഛായ സൃഷ്ടിക്കാൻ ബോധപൂർവ്വം ശ്രമിച്ചുവരുന്നുണ്ട്. എന്നാൽ ജവഹർലാൽ നെഹ്റു, ഇന്ദിരാ ഗാന്ധി തുടങ്ങിയ ഭരണസാരഥികളുമായി തട്ടിച്ചുനോക്കുമ്പോൾ മോദി ഏറെ ദുർബ്ബലനായ ഭരണാധിപനാണെന്ന് കാണാൻ കഴിയും. സ്വകാര്യ മുതലാളിമാരുടെ നിസ്സഹകരണത്തെ തട്ടിമാറ്റി പൊതുമേഖലയിൽ ഇരുമ്പുരുക്കുശാല പണിയാൻ തന്റേടം കാട്ടിയ നെഹ്റുവിനെ നമ്മൾ ഓർക്കുക, ഇംപീരിയൽ ബാങ്കും സ്വകാര്യ ഇൻഷൂറൻസ് കമ്പനികളും മാത്രമല്ല, മുൻകാല രാജകുടുംബങ്ങളുടെ ഉടമസ്തതയിലായിരുന്ന ബാങ്കുകളെക്കൂടി ഏറ്റെടുത്ത് അസോസിയേറ്റ് ബാങ്കുകൾ എന്ന പ്രത്യേക വിഭാഗം പൊതുമേഖലാ ബാങ്കുകൾക്ക് രൂപം നൽകിയ നെഹ്റുവിനെ വീണ്ടും ഓർക്കുക. വിദേശ കുത്തകകളുടെ ധാർഷ്ട്യത്തെ അടിച്ചമർത്തി എണ്ണക്കമ്പനികൾ ദേശസാൽക്കരിച്ച ഇന്ദിരാഗാന്ധിയെ ഓർക്കുക. പ്രിവിപേഴ്സ് നിർത്തലാക്കാൻ ധൈര്യം കാണിച്ച, പതിനാലു വൻകിട ബാങ്കുകൾ ഒറ്റയടിക്ക് ദേശസാൽക്കരിക്കാൻ ചങ്കൂറ്റം കാണിച്ച ഇന്ദിരാ ഗാന്ധിയെ താരതമ്യം ചെയ്യുക. പതിറ്റാണ്ടുകളിലൂടെ രാഷ്ട്രം നേടിയ സമ്പത്ത് കേവലം സമ്മർദ്ദങ്ങൾക്കു വഴങ്ങിയും നിത്യനിദാന ചെലവുകൾ നടത്താൻ ഗതിമുട്ടിയും സ്വദേശ-വിദേശ കുത്തകൾക്ക് ചുളുവിലയ്ക്ക് സ്വന്തമാക്കാൻ കൂട്ടുനിൽക്കുന്ന നരേന്ദ്ര മോദി സർക്കാർ ഏതു അളവുകോലിലാണ് കരുത്തിന്റെ പര്യായമായി അളക്കപ്പെടുക?

മാധ്യമങ്ങളെ കയ്യിലെടുത്ത് കൃത്രിമമായി നിർമ്മിക്കപ്പെടുന്ന പ്രതിച്ഛായയുടെ പിൻബലത്തിൽ രാജ്യത്തിന്റെ പൊതുസ്വത്ത് വിൽക്കുന്നത് ഒരു പുരോഗമന നടപടിയായി കേന്ദ്ര ഭരണകൂടം അവതരിപ്പിച്ചു മുന്നോട്ടുപോകുമ്പോൾ അതിനെ ചെറുക്കാൻ തൊഴിലാളികളുടെയും കർഷകരുടെയും ബഹുജനങ്ങളുടെയും വമ്പിച്ച ഐക്യനിര കെട്ടിപ്പടുത്ത് പോരാട്ടങ്ങൾ നയിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവും ഇല്ല.



ഡി.പി. മധു

# പുന്നപ്ര -വയലാർ സമരം; അതിജീവനത്തിന്റെ പോരാട്ടം



**രാ**ജ്യത്തിന്റെ സമ്പത്തൊക്കെ സ്വദേശ-വിദേശ കോർപ്പറേറ്റുകൾക്ക് തീറെഴുതി കൊടുക്കുന്നതിൽ സംഘപരിവാറിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്ര സർക്കാർ മത്സരിക്കുകയാണ്. ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ ഒരുപങ്കും വഹിച്ചിട്ടില്ലാത്തവർ നാടിന്റെ സ്വാതന്ത്ര്യവും ജനാധിപത്യവും അടിയറവ് വയ്ക്കുന്നു. പൊതുമേഖല പണയപ്പെടുത്തി ആറ് ലക്ഷം കോടി രൂപ ഖജനാവിലേക്ക് സമാഹരിക്കുവാൻ നടപടി സ്വീകരിച്ചിരിക്കുന്നു. ജനാധിപത്യ സംവിധാനത്തിൽ പരമ പ്രധാനമായി കണക്കാക്കുന്ന പാർലമെന്റിനെ നോക്കുകുത്തിയാക്കി ചർച്ചകൾ കൂടാതെ കേവലം 10 മിനിറ്റുകൾകൊണ്ട് ദോശചുട്ടെടുക്കുന്നതുപോലെ കരിനിയമങ്ങൾ പാസ്സാക്കുന്നു. തൊഴിലില്ലായ്മ, വിലക്കയറ്റം, പട്ടിണി, അരാജകത്വം, എന്നിങ്ങനെ "നല്ല ദിനങ്ങൾ" അവർ ജനങ്ങൾക്ക് സമ്മാനിക്കുകയാണ്. ബ്രിട്ടീഷ് ഭരണകാലത്ത് നേടിയെടുത്ത തൊഴിൽ നിയമങ്ങൾ പോലും തച്ചുതകർത്ത് തൊഴിൽ സ്ഥിരതയും തൊഴിൽ സുരക്ഷിതത്വവും അവകാശങ്ങളും നഷ്ടപ്പെടുന്ന ഭീതിതമായ അവസ്ഥയിലാണ് ഇന്നത്തെ ഇന്ത്യ. സർ സി. പി.-യെ അനുസ്മരിപ്പിക്കുന്നവിധം പ്രധാനമന്ത്രി ഏകാധിപതിയായി വാഴുന്നു. സമാനമായ സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷത്തിലാണ് ഐതിഹാസികമായ പുന്നപ്ര-വയലാർ സമരത്തിന്റെയും ആരംഭം.

ദക്ഷിണേന്ത്യയിൽ അടക്കം നിരവധി പോരാട്ടങ്ങളുടെ മാർഗ്ഗ ദീപമായ ഈ സമരത്തിന്റെ 75-ാം വാർഷികമാണ് തൊഴിലാളി വർഗ്ഗം ആചരിക്കുന്നത്. രക്തസാക്ഷികൾ എന്നും ജ്വലിക്കുന്ന രക്ത നക്ഷത്രങ്ങളായി മാറിയതിന്റെ എഴുപത്തിയഞ്ചാണ്ടുകൾ.

അടിമ സമാനമായ ജീവിതം നിയിച്ച അമ്പലപ്പുഴ- ചേർത്തല (ഇന്നത്തെ കുട്ടനാട് അടക്കം) താലൂക്കിലെ സാധരണക്കാരായ തൊഴിലാളികൾ നടത്തിയ സമരം ചരിത്രത്തിന്റെ ഭാഗമാണ്. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ പട്ടികയിൽ പുന്നപ്ര വയലാർ സമരവും സ്ഥാനം പിടിച്ചത് കമ്മ്യൂണിസ്റ്റ് നേതാവ് ഇന്ദ്രജിത്ത് ഗുപ്ത ആഭ്യന്തര മന്ത്രി ആയിരുന്നപ്പോഴാണ്. ജീവിതത്തിന്റെ മുഖ്യ ധാരയിൽനിന്നും അകറ്റി നിർത്തപ്പെട്ട കയർ-കള്ള് ചെത്ത് - കർഷക- മത്സ്യതൊഴിലാളികളുടെ ചെറിത്തുനിൽപ്പിന്റെയും, ഉയർത്തെഴുന്നേൽപ്പിന്റെയും അദ്ധ്യായമാണിത്. അഖില തിരുവിതാംകൂർ ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ (എ.റ്റി.റ്റി.യു.സി.) നേതാക്കളായ റ്റി.വി. തോമസ്, ആർ. സുഗതൻ, കെ.കെ. കുഞ്ഞൻ, കെ.വി. പത്രോസ്, കെ.സി. ജോർജ്ജ്, സി.

കെ. കുമാരപ്പണിക്കർ, അടക്കമുള്ള തൊഴിലാളി പ്രവർത്തകരുടെ ധീരമായ നേതൃത്വം തൊഴിലാളികളിൽ വലിയ ആവേശവും, ആത്മവിശ്വാസവും ഉയർത്തി. ആ ആത്മവിശ്വാസമാണ് തീ തുപ്പുന്ന തോക്കിന് മുന്നിൽ വാരിക്കുന്തം എടുക്കുവാൻ തൊഴിലാളികളെ പ്രാപ്തരാക്കിയത്.

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം നാട്ടിൽ വ്യാപിച്ച തൊഴിലില്ലായ്മയും പട്ടിണിയും, വസൂരി അടക്കമുള്ള തീരാവ്യാധികളും മൂലം തൊഴിലാളികളാകെ അസ്വസ്തരും രോഷാകുലരുമായിരുന്നു. തൊഴിലെടുക്കുന്നവർക്കാകട്ടെ ശരിയായ കൂലിയും, ഭക്ഷണവും ലഭ്യമാക്കുവാൻ കഴിയാത്ത അവസ്ഥ. ജന്മി-മാടമ്പിമാരുടെയും, പോലീസിന്റെയും തേർവാഴ്ച്ച. മുതലാളികൾ ആവശ്യപ്പെടുന്നത്രയും സമയം തൊഴിലെടുക്കാൻ വിധിക്കപ്പെട്ട തൊഴിലാളികൾ.


ഏറ്റവും ദുരിതപൂർണ്ണമായ സാഹചര്യം കർഷക തൊഴിലാളികൾക്കായിരുന്നു. കൂലി പണമായി നൽകിയിരുന്നില്ല. അഥവാ കൂലി ചോദിച്ചാൽ തെങ്ങിൽ കെട്ടിയിട്ട് തല്ലിചതയ്ക്കും നിസ്സാര തെറ്റിന് പോലും കുപ്പമാടം കത്തിക്കുകയും കുടിയിറക്കുകയും ചെയ്യും. സ്ത്രീ തൊഴിലാളികൾ എല്ലാതരത്തിലും ജന്മിമാർക്കും ശിൽപന്തികൾക്കും വഴങ്ങിക്കൊടുക്കണം. ചോദ്യംചെയ്യപ്പെടാനാവാത്ത ഭീകരാവസ്ഥ. ചെത്ത് തൊഴിലാളികൾ കള്ള് ചെത്താൻ പോകുന്നതിന് മുമ്പ് ഷാപ്പ് അടിച്ചുവാരി വൃത്തിയാക്കണം. മുതലാളിമാർ പറയുന്ന മറ്റ് പുറം പണികളും ചെയ്യണം, അനുസരിച്ചില്ലെങ്കിൽ ക്രൂര മർദ്ദനങ്ങൾ ഏൽക്കേണ്ടിവരും. ഷാപ്പുകളിൽ ഏകീകൃത അളവ് പാത്രമില്ല. മുതലാളി നിശ്ചയിക്കുന്നതാണ് കള്ള് അളവ്. അതുപോലെതന്നെ മുതലാളി തീരുമാനിക്കുന്നത്ര തെങ്ങ് തൊഴിലാളികൾ കയറണം. ഭാര്യമാർക്ക് പീഢനം സാർവ്വത്രികമാണ്. " ചെത്ത്കാരന് " പെണ്ണ് കിട്ടാത്ത സാഹചര്യമാണ് നിലനിന്നിരുന്നത്.

മത്സ്യതൊഴിലാളികൾ കടലിൽപോയി മീൻപിടിച്ചുകൊണ്ടുവന്നാൽ അവന് ജീവിക്കുവാനുള്ള വരുമാനം ലഭിക്കുകയില്ല. വള്ളപങ്ക്, വലപ്പങ്ക്, പള്ളിപ്പങ്ക് എന്ന പേരിൽ നിത്യവരുമാനത്തിന്റെ ഭൂരിഭാഗവും ഇടനിലക്കാർ കവർന്നെടുക്കും. വള്ളവും വലയും സ്വന്തമാക്കുവാനുള്ള അവകാശമില്ല. പള്ളിയിലെ തെമ്മാടിക്കുഴിയിൽ മാത്രം അന്ത്യവിശ്രമം കൊള്ളാൻ വിധിക്കപ്പെട്ട് മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ടവരാണ് മത്സ്യതൊഴിലാളികൾ, തെങ്ങ് കയറ്റ തൊഴിലാളികൾ. റബ്ബർ ഫാക്ടറി തൊഴിലാളികൾ, കന്നിട്ട തൊഴിലാളികൾ അടക്കമുള്ള മഹാഭൂരിപക്ഷം തൊഴിലാളികളുടെയും സ്ഥിതി മറിച്ചായിരുന്നില്ല. അമ്പലപ്പുഴ ചേർത്തല താലൂക്കുകൾ ഏതാനം ഭൂപ്രഭുക്കന്മാരുടെ വകയായിരുന്നു. ഓരോരുത്തർക്കും ഒരു ഗുണ്ടാപടയും ഉണ്ടായിരുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും അവരുടെ അഴിഞ്ഞാട്ടം ആയിരുന്നു. നാട്ടിലെങ്ങും ദീന രോദനങ്ങൾ മുഴങ്ങിയിരുന്ന നിറംകെട്ട കാലഘട്ടം.

അസംതൃപ്തരും പട്ടിണിപാവങ്ങളുമായ തൊഴിലാളികൾ സംഘടിക്കുവാനും, പ്രതിഷേധിക്കുവാനും നിർബന്ധിതരായി. 1922-ൽ ആലപ്പുഴയിൽ കയർ മേഖലയിൽ ഒരു തൊഴിലാളി പ്രസ്ഥാനം രൂപപ്പെട്ടു- തിരുവിതാംകൂർ ലേബർ യൂണിയൻ. പിന്നീട് ലേബർ അസോസിയേഷനായി. 1938-ൽ ലേബർ അസോസിയേഷൻ തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനായി രജിസ്റ്റർ ചെയ്യപ്പെട്ടു. 1938 മുതൽ 1946-വരെ തൊഴിലാളി പ്രക്ഷോഭങ്ങളുടെ വേലിയേറ്റമായിരുന്നു. അതിന്റെ സിരാകേന്ദ്രമായി അമ്പലപ്പുഴ -ചേർത്തല താലൂക്കുകൾ മാറി.

സമര തീ ചൂളയിൽ അകപ്പെട്ട ബ്രിട്ടൻ ഇൻഡ്യയെ ശിഥിലമാക്കുകയെന്ന കുടില തന്ത്രം പുറത്തെടുത്തു. ബ്രിട്ടന്റെ പ്രതിനിധികൾ നാട്ടുരാജക്കന്മാരുമായി അധികാര കൈമാറ്റത്തിനുള്ള രഹസ്യ ചർച്ചകൾ ആരംഭിച്ചു. നാട്ടുരാജാക്കന്മാർക്ക് ഭരണാധികാരം കൈമാറുകയെന്നതായിരുന്നു പദ്ധതി. സ്വന്തം രാജ്യവും ചക്രവർത്തിപദവുമായി നാട്ടുരാജാക്കന്മാർക്ക് വിലസുവാനുള്ള പൂർണ്ണാധികാരം. ആ പ്രലോഭനത്തിൽ അവർ വീഴുകയും ചെയ്തു. തിരുവിതാംകൂറിൽ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ സ്വതന്ത്ര തിരുവിതാംകൂർ പ്രഖ്യാപിച്ചു. അമേരിക്കൻ മോഡൽ ഭരണം കൂടി പ്രഖ്യാപിച്ചപ്പോൾ അതിനെതിരായ പോരാട്ടം ഒഴിവാക്കുവാനാവാത്തതായി തീർന്നു. തൊഴിലാളികളുടെ അവകാശ ആനുകൂല്യങ്ങൾക്കപ്പുറം നാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി തൊഴിലാളികൾ അരയും തലയും മുറുക്കി സമരപാതയിൽ അണിനിരന്നു.

സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ സ്റ്റേറ്റ് കോൺഗ്രസിനായില്ല. പല കോൺഗ്രസ് നേതാക്കളും ഒളിഞ്ഞും തെളിഞ്ഞും രാജാവിന്റെയും, ദിവാന്റെയും കുഴലൂത്തുകാർ ആയിരുന്നു. ഈ സാഹചര്യത്തിൽ തിരുവിതാംകൂറിലെ സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ വിശ്വാസമാർജ്ജിച്ച് അഖില തിരുവിതാംകൂർ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് (എ.റ്റി.റ്റി.യു.സി.) സമരങ്ങളുടെ നെടുനായകത്വത്തിലേക്ക് വളർന്നു



നേതാക്കൾ കൂടിയാലോചിച്ച് ആലപ്പുഴ ടൗണിൽ ആക്ഷൻ കൗൺസിൽ യോഗം വിളിച്ചു ചേർത്തു ടി.പി. പൂന്നൂസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സമരത്തിന്റെ ആവശ്യകതയും തൊഴിലാളികളുടെ പങ്കും വിശദീകരിച്ചുകൊണ്ട് എസ്. കുമാരൻ സംസാരിച്ചു. യോഗത്തിന്റെ തീരുമാന പ്രകാരം 1946 സെപ്തംബർ 15-ന് സംസ്ഥാന വ്യാപകമായി തൊഴിലാളി പണിമുടക്കം പ്രഖ്യാപിച്ചു. നാട് നിശ്ചലമാകുമെന്ന് മനസ്സിലാക്കി പണിമുടക്ക് സമരം പിൻവലിക്കുവാൻ ദിവാന്റെ കർശനമായ ഇടപെടൽ പലതവണയുണ്ടായി. എന്നാൽ തൊഴിലാളികൾ അതിന് പുല്ലുവിലപോലും കൽപ്പിച്ചില്ല. പണിമുടക്ക് സമരം അടിക്കടി കൊടുമ്പിരികൊണ്ടു. ഇരുപത്തിയേഴ് അടിയന്തിര അവശ്യങ്ങളടങ്ങിയ നിവേദനമാണ് ആക്ഷൻ കൗൺസിൽ മുന്നോട്ട് വച്ചത്. സ്വതന്ത്ര തിരുവിതാംകൂർ പാടില്ല, അമേരിക്കൻ മോഡൽ ഉപേക്ഷിക്കുക, പ്രായപൂർത്തി വോട്ടവകാശം നൽകുക, എന്നീ മൂന്ന് രാഷ്ട്രീയ ആവശ്യങ്ങളും നിവേദനത്തിൽ സ്ഥനം പിടിച്ചു. സൂത്രശാലിയായ സർ സി.പി. രാമസ്വാമി തൊഴിലാളി നേതാക്കളെ ഭക്തി വിലാസത്തിലേക്ക് ചർച്ചക്ക് ക്ഷണിച്ചു. കൂലി കൂടുതൽ, നിശ്ചിത ശതമാനം ബോണസ്, അസംബ്ലിയിൽ തൊഴിലാളികൾക്ക് പ്രാതിനിധ്യം അടക്കം ഒട്ടേറെ മോഹന സുന്ദര വാഗ്ദാനങ്ങൾ സർ സി.പി. മുന്നോട്ട് വച്ചു. മഹാനായ- തൊഴിലാളികളുടെ കാണപ്പെട്ട ദൈവം ടി.വി. തോമസ്സ് എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും പാടെ നിരസിക്കുകയും, രാഷ്ട്രീയ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന ധീരമായ നിലപാട് സ്വീകരിക്കുകയും ചെയ്തു.

കാരിരുമ്പിന്റെ മനസ്സുള്ള ആരോഗ്യ ദൃഢഗാത്രനായ ടി.വി. തോമസ്സ് സമ്പന്നതയുടെ മടിത്തട്ടിൽ നിന്നും തൊഴിലാളികളുടെ ഇടയിലേക്ക് ഇറങ്ങിവന്ന വ്യക്തിയാണ്. ഒരു തൊഴിലാളി നേതാവ് എങ്ങനെ ആയിരിക്കണമെന്ന് സ്വജീവിതംകൊണ്ട് കാണിച്ചുതന്ന മഹാൻ. സർ സി.പി.-യുടെ ഭീഷണി ടി.വി.തോമസ്സിനെ തെല്ലും അലോസരനാക്കിയില്ല.

ചേർത്തല-അമ്പലപ്പുഴ താലൂക്കുകളായി നിരവധി തൊഴിലാളി ക്യാമ്പുകൾ രൂപംകൊണ്ടു. അവിടങ്ങളിൽ ആയുധ പരിശീലനവും രാഷ്ട്രീയ വിദ്യാഭ്യാസവും സംഘടിപ്പിച്ചു. വൈകുന്നേരങ്ങളിലും തൊഴിൽ ഇടവേളകളിലും അവർ ക്യാമ്പുകളിൽ തമ്പടിച്ചു. രാഷ്ട്രീയ ചർച്ചകളും സംവാദങ്ങളും കൊണ്ട് ക്യാമ്പ് മുഖരിതമായി. തൊഴിലാളികൾ അലക് ചെത്തിമിനുക്കി വാരികുന്തങ്ങളാക്കിമാറ്റി. ഏത് നിമിഷവും ആക്രമണവും പ്രത്യാക്രമണവും പ്രതീക്ഷിച്ചു. പട്ടാളത്തിനെയും പോലീസിനെയും വിന്ന്യസിപ്പിച്ചുകൊണ്ട് സർ സി.പി. നരനായാട്ട് തുടങ്ങി. 1946 തുലാം 7-ന് പുന്നപ്രയിൽ വെടിവയ്പ്പ് നടന്നു. പുന്നപ്ര-വയലാർ സമരത്തിലെ ആദ്യ വെടിയൊച്ച. തുലാം 9-ന് കാട്ടൂരും മാരാരിക്കുളത്തും, 10-ന് വയലാർ, മേനാശ്ശേരിയിലും ഒളതലയിലും വെടിവയ്പ്പുണ്ടായി. ഉരുക്കും പച്ചമാംസവും തമ്മിൽ ഏറ്റുമുട്ടിയ സമരത്തിൽ തൊഴിലാളി വർഗ്ഗത്തിന്റെ നിശ്ചയദാർഡ്യം ചരിത്രം തങ്കലിപികളാൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.




തിരുവിതാംകൂറിലാകെ എൺപതിൽപരം ട്രേഡ് യൂണിയൻ സംഘടനകൾ പ്രവർത്തിച്ചിരുന്നു. അതിൽ അംഗങ്ങളായ നൂറ് കണക്കിന് തൊഴിലാളികൾ നാടിന്റെ സ്വാതന്ത്ര്യത്തിനും ദിവാൻ ഭരണത്തിനുമെതിരായി സമരമുഖത്ത് നിലയുറപ്പിച്ചവരാണ്. പുന്നപ്ര സമരം നയിച്ചത് തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനാണ്. മാരാരിക്കുളം സമരം നയിച്ചത് മുഹമ്മ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനും, വയലാർ സമരം നയിച്ചതാവട്ടെ ചേർത്തല കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനും. തൊഴിലാളികൾക്കാകെ ദിശാബോധവും ആത്മവിശ്വാസവും വളർത്തികൊണ്ടുവരുന്നതിൽ പൂർവ്വസൂരികളായ നിരവധി നേതാക്കളുടെ സമാനതകളില്ലാത്ത സംഭാവനയുണ്ട്.

തൊഴിലാളി സമരം അടിച്ചമർത്തിയതിനുശേഷം പ്രമാണിമാരുടെ നേതൃത്വത്തിൽ നാടെങ്ങും മർദ്ദനം, കൊള്ള, കൊള്ളിവയ്പ്പ്, ഗുണ്ടായിസം എന്നിവ അഴിഞ്ഞാടി. എങ്ങും ഭീകരാവസ്ഥ. ഈ അവസ്ഥയിൽ തൊഴിലാളി വർഗ്ഗത്തിന്റെ കഥകഴിഞ്ഞു. കമ്മൂണിസത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടു, ട്രേഡ് യൂണിയനുകൾ നാമാവശേഷമായി എന്നിങ്ങനെ പ്രചണ്ടമായ പ്രചാരണം നാടെങ്ങും അലയടിച്ചു. അതെല്ലാം അതിജീവിച്ച് തൊഴിലാളി വർഗ്ഗവും കമ്മ്യൂണിസ്റ്റ് പാർട്ടിയും ഉണർത്തെഴുന്നേറ്റ ചരിത്രമാണ് തുടർന്നുള്ള കേരള ചരിത്രം.

നാടിന്റെ സ്വാതന്ത്ര്യം കോർപ്പറേറ്റുകൾക്ക് അടിയറവ് വയ്ക്കുന്ന, തൊഴിലാളികൾക്കാകെ ദുരിതം വിതയ്ക്കുന്ന കേന്ദ്ര ഭരണകൂടത്തിനെതിരെ രണ്ടാം പുന്നപ്ര-വയലാർ സമരത്തിന്റെ അനിവാര്യതയാണ് കാലഘട്ടം ആവശ്യപ്പെടുന്നത്. കാധിപതിയായ സർ സി.പി. രാമസ്വാമി അയ്യർ സമരം ചെയ്യുന്നവരുമായി ചർച്ച ചെയ്യുവാൻ സന്നദ്ധനായെങ്കിൽ, അഭിനവ സർ സി.പി. നരേന്ദ്ര മോദി നാടിന്റെ അന്നദാതാക്കളായ കർഷകരും, ഇതര തൊഴിലാളികളുമായി ചർച്ചയ്ക്ക് പോലും തയ്യാറാകാത്ത രാഷ്ട്രീയ സാഹചര്യമാണ് നിലനിൽക്കുന്നത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലുമുള്ള തൊഴിലാളികൾക്ക് ദുരിതം സമ്മാനിക്കുന്ന സംഘപരിവാർ ശക്തികൾക്കെതിരെ പോരാട്ടം ശക്തിപ്പെടുത്തുവാനുള്ള ആർജ്ജവവും വഴികാട്ടിയുമാണ് പുന്നപ്ര-വയലാർ സമരം. ആ സമരത്തിന്റെ 75-ാം വാർഷികാചരണത്തിൽ കാലഘട്ടം നമ്മളോട് ആവശ്യപ്പെടുന്നത് ജീവിക്കാനായി പോരാടുക; പോരാട്ടങ്ങളിലൂടെ ജീവിക്കുകഎന്നതാണ്.

# ചെ ഗുവേരയുടെ ജീവിത കഥ, പോരാട്ടത്തിന്റേയും



**ഇക്കഴിഞ്ഞ ഒക്ടോബർ 9 വിപ്ലവ നായകനായിരുന്ന ചെ ഗുവേര യുടെ 54–ാമത് രക്തസാക്ഷി ദിനമായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ അന്നേ ദിവസം ഒരു അന്തർദേശീയ സിമ്പോസിയം സംഘടിപ്പിക്കുകയുണ്ടായി. ലോക മെമ്പാടുമുള്ള എൺപതോളം ട്രേഡ് യൂണിയൻ നേതാക്കൾ പങ്കെടുത്ത ആ സിമ്പോസിയത്തിൽ ഇൻഡ്യയിൽ നിന്ന് എ.ഐ.ടി.യു.സി. ജനറൽ സെക്രട്ടറി സ.അമർജീത് കൗറും പങ്കെടുത്തു. പ്രസ്തുത സിമ്പോസിയത്തിൽ ലോക ടേഡ് യൂണിയൻ ഫെഡറേഷൻ ജനറൽ സെക്രട്ടറി സ.ജോർജ് മാവ്റിക്കോസ് നടത്തിയ ആമുഖ പ്രഭാഷണമാണ് ഇതോടൊപ്പം.**

വിപ്ലവ പ്രസ്ഥാനങ്ങൾ പ്രാദേശിക തലത്തിലും ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുമുള്ള മഹാന്മാരായ പോരാളികളെ സംഭാവന ചെയ്തിട്ടുണ്ട്. അവരുടെ തിളക്കമാർന്ന ജീവിതവും പ്രവർത്തനങ്ങളും ഭാവി തലമുറക്ക് എന്നും മാതൃകയുമാരിക്കും. ഓരോ രാജ്യത്തിനും അവരുടേതായ വീര നായകരും ജനകീയ നേതാക്കളും രക്തസാക്ഷികളുമുണ്ട്. അവരെ സാമൂഹിക നവോത്ഥാനത്തിന്റേയും സാമൂഹിക വിപ്ലവത്തിന്റേയും പ്രതീകകങ്ങളായി നാമെല്ലാം കരുതുന്നു. അന്താരാഷ്ട്ര തലത്തിലും സ്ഥിതി വ്യത്യസ്ഥമല്ല. തൊഴിലാളികൾക്കിടയിലും തങ്ങളുടെ പ്രവർത്തനങ്ങളാൽ വ്യത്യസ്ഥരായ നിരവധി മഹദ് വ്യക്തികളുണ്ട്. അത്തരമൊരു വ്യക്തിത്വത്തിനുടമയാണ് ലോകമെമ്പാടുമുള്ള ജനങ്ങൾ അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഏണസ്റ്റ് ചെ ഗുവേര എന്ന ജനകീയ വിപ്ലവ നായകൻ.

മഹാനായ ചെ ഗുവേരയുടെ 54–ാമത് ചരമ ദിനമായ ഒക്ടോബർ 9–ന് അദ്ദേഹത്തിന്റെ ജീവിതത്തേയും പ്രവർത്തനത്തേയും കുറിച്ചുള്ള ഒരു സിമ്പോസിയം സംഘടിപ്പിക്കാൻ നാം തീരുമാനിച്ചു. വർത്തമാന കാലത്തേക്കും വരുംകാലത്തേക്കുമുള്ള ഒരു ഓർമ്മപ്പെടുത്തലിന്റെ ഭാഗമായാണത് സംഘടിപ്പിച്ചത്. ചരിത്ര പാഠങ്ങൾ നാം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് യുവതലമുറ. കഴിഞ്ഞ കാലത്തെ അനുകൂലവും പ്രതികൂലവുമായ അനുഭവങ്ങൾ നാം എത്രത്തോളം ഉൾക്കൊള്ളുന്നുവോ അത്രത്തോളം ഫലപ്രദമായി തൊഴിലാളികളുടേയും കർഷകരുടേയും അടിച്ചമർത്തപ്പെട്ടവരുടേയും യുവജനങ്ങളുടേയും മോചനത്തിനായി വർഗ്ഗസമരങ്ങൾ ആസൂത്രണം ചെയ്യാനും അവ വിജയകരമായി സംഘടിപ്പിക്കാനും കഴിയും.

ചെ ഗുവേരയുടെ ജീവിതവും മരണവും ഐതിഹാസികമാണ്. ജനങ്ങൾ അദ്ദേഹത്തെ ഒരു വിശുദ്ധനെപ്പോലെ ആരാധിക്കുന്നു. ചിലർ യേശുക്രിസ്തുവിനെ ആരാധിക്കും പോലെ അദ്ദേഹത്തിന്റെ ചിത്രത്തിന് മുന്നിൽ മെഴുകുതിരികൾ കത്തിക്കുന്നു. ഒരു മാർക്സിസ്റ്റിനെ ക്രിസ്തുവിനെപ്പോലെ ആരാധിക്കുന്നത് വിരോധാഭാസമായി തോന്നം. പക്ഷേ സാധാരണക്കാരായ ഗ്രാമീണർക്ക് വൈരുദ്ധ്യാത്മക ഭൗതിക വാദം എന്താണെന്ന് അറിയില്ലല്ലോ. പക്ഷേ അവർക്കെല്ലാം ഒരു കാര്യം വ്യക്തമായിരുന്നു. തങ്ങൾക്ക് മെച്ചപ്പെട്ട ഒരു ജീവിതം ലഭിക്കുന്നതിന് വേണ്ടിയാണ്, തങ്ങളുടെ ദുരിതങ്ങൾക്ക് അറുതി വരുത്തുന്നതിന് വേണ്ടിയാണ് "ചെ" ജീവിച്ചതും ജീവൻ ബലിയർപ്പിച്ചതെന്നുമുള്ള സഹജ ബോധം അവർക്കുണ്ടായിരുന്നു. അതിനാലാണ് അവർക്കറിയാവുന്ന രീതിയിൽ അവർ അദ്ദേഹത്തെ ആരാധിച്ചത്.

"ചെ" എന്നറിയപ്പെടുന്ന ഏണസ്റ്റോ ഗുവേര ഡി ലാ സെർന തന്റെ ജീവിത കാലം മുഴുവൻ പോരാടുകയായിരുന്നു. ചൂഷണമില്ലാത്ത ഒരു സാമൂഹിക സാമ്പത്തിക സംവിധാനത്തിൽ മാത്രമേ മാനവരാശിക്ക് യഥാർത്ഥ മോചനം കൈവരിക്കാനാവൂ എന്ന് വളരെ നേരത്തേ തന്നെ അദ്ദേഹം മനസ്സിലാക്കിയിരുന്നു. യുണൈറ്റഡ് ഫ്രൂട്ട് കമ്പനിയുടെ താൽപര്യ പ്രകാരം അമേരിക്കയാൽ അട്ടിമറിക്കപ്പെട്ട വിപ്ലവവുമായി ബന്ധപ്പെട്ട് 1954–ൽ ഗ്വാട്ടിമാലയിൽ താമസിച്ച ഒമ്പത് മാസക്കാലത്തെ അനുഭവത്തിൽ നിന്നും സാമ്പത്തികമായി ശക്തരായ ബഹുരാഷ്ട്ര കുത്തകകളുടേയും മൂലധന ശക്തികളുടേയും കൈകളിലാണ് യഥാർത്ഥ അധികാരം കേന്ദ്രീകരിച്ചിരിക്കുന്നതെന്ന സത്യം അദ്ദേഹത്തിന് മനസ്സിലായി. ഈ കാലഘട്ടത്തിലാണ് വിപ്ലവ ചിന്തകൾ അദ്ദേഹത്തിന്റെ മനസ്സിൽ മൂർത്ത രൂപം പ്രാപിക്കുന്നത്. ക്യൂബൻ പ്രവാസികളെ കണ്ടുമുട്ടുന്നതും അവരുമായി ചേർന്ന് പ്രവർത്തിക്കുന്നതും ഗറില്ല യുദ്ധതന്ത്രങ്ങളിൽ വൈദഗ്ദ്ധ്യം നേടുന്നതും ആ കാലത്താണ്.

ഏകാധിപത്യത്തിനെതിരേ പൊരുതുന്ന ക്യൂബൻ വിപ്ലവകാരികളുമായി ചേരാൻ അർജന്റീനക്കാരനാണെ ങ്കിലും ചെ ഗുവേര തീരുമാനിക്കുകയായിരുന്നു. മിക്കവാറും എല്ലാ ലാറ്റിനമേരിക്കൻ രാജ്യങ്ങളും സന്ദർശിച്ച അദ്ദേഹം അവിടങ്ങളിൽ നിലനിന്നിരുന്ന സാമൂഹ്യ അസമത്വങ്ങളും, ദാരിദ്ര്യവും അനാഥത്വവും അമേരിക്കൻ സാമ്രാജ്യത്വവും അവരുടെ ഭൃത്യരും ചേർന്ന നടത്തുന്ന കൊള്ളയും മറ്റും നേരിൽ കണ്ട് മനസ്സിലാക്കി. ഈ അവസ്ഥ മാറ്റിയെടു ക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. സാമൂഹികവും ചരിത്രപരവുമായ ആ മുഹൂർത്തത്തിൽ അതിന് പറ്റിയ അന്തരീക്ഷ മായിരുന്നു ക്യൂബയിൽ നിലനിന്നിരുന്നത്. അങ്ങിനെ ചെ ഗുവേര ഒരു ക്യൂബക്കാരനായി മാറി. പിന്നീട് അദ്ദേഹം കോഗോക്കാരനും ബൊളിവീയക്കാരനും ഏറ്റവുമൊടുവിൽ സാർവ്വദേശീയക്കാരനുമായി മാറി.

ക്യൂബൻ വിപ്ലവത്തിന്റെ സൈദ്ധാന്തിക ധാരകൾ ചെഗുവേരയുടെ

ചിന്തയിൽ നിന്നും ഉടലെടുത്തതായിരുന്നു. അതിലേറ്റവും പ്രധാനം സായുധ വിപ്ലവം തന്നെയായിരുന്നു. ചെ ഗുവേര ഒരിക്കലും കൈവിടാത്ത മൂന്ന് നിലപാടുകൾ തന്റെ ആദ്യ പുസ്തകത്തിൽ അദ്ദേഹം വിവരിക്കുന്നുണ്ട്. സൈന്യത്തിനെതിരായ പോരാട്ടത്തിൽ ജനകീയ ശക്തികൾക്ക് വിജയം കൈവരിക്കാനാവുമെന്നും വിപ്ലവത്തിന്റെ ജ്വാലകൾ കൊളുത്തുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കാൻ "ആവശ്യമായ പക്വത ആർജ്ജി"ക്കുന്നത് വരെ കാത്തിരിക്കണമെന്നത് തെറ്റായ ധാരണയാണെന്നും അവികസിത രാജ്യങ്ങളിലെ പ്രധാന വിപ്ലവ മേഖല ഗ്രാമാന്തരങ്ങളായിരിക്കുമെന്നുമാണ് ആ മൂന്ന് സൈദ്ധാന്തിക നിലപാടുകൾ.

ബോധപൂർവ്വവും സംഘടിതവുമായ പ്രവർത്തനങ്ങൾക്ക് സാമൂഹികവും മാനുഷികവുമായ യാഥാർത്ഥ്യ ങ്ങളെ രൂപപ്പെടുത്തുവാൻ കഴിയുമെന്ന് അദ്ദഹം ഉറച്ച് വിശ്വസിച്ചിരുന്നു. മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പിൻബലത്താലുള്ള കൂട്ടായ പ്രവർത്തനം സാമൂഹ്യ ബന്ധങ്ങൾ കീഴ്മേൽ മാറ്റി മറിക്കാൻ കഴിയുന്ന ശക്തികളെ സൃഷ്ടിക്കുവാൻ കഴിയുമെന്നും അദ്ദേഹം വിശ്വസിച്ചു. ഈ ദർശനത്താൽ പ്രചോദിതനായ ചെ ഗുവേര കോംഗോയിലും പിന്നീട് ബൊളീവിയയിലും പോരാട്ടങ്ങൾ സംഘടിപ്പിച്ചു. ഒടുവിൽ ബൊളീവിയയിൽ വച്ച് അദ്ദേഹം വധിക്കപ്പെട്ടു.

ഈദൃശ പ്രവർത്തനങ്ങളാലാണ് അദ്ദേഹത്തെ ഏതെങ്കിലും ഒരു രാജ്യത്തെ നേതാവായി മാത്രം കരുതാനാവാത്തത്. അദ്ദേഹം അർജന്റീനക്കാരനായിരുന്നു. കോംഗോക്കാരനായിരുന്നു. ബോളീവിയക്കാരനായിരുന്നു. ലാറ്റിനമേരിക്കക്കാരനായിരുന്നു. ആഫ്രിക്കക്കാരനായിരുന്നു. ഏഷ്യാക്കാരനായിരുന്നു. എല്ലാറ്റിനുമുപരി സാർവ്വദേശീയനായിരുന്നു; അന്താരാഷ്ട്ര വാദിയായിരുന്നു. "അന്തർദേശീയത പുലർത്തേണ്ടത് തൊഴിലാളി വർഗ്ഗത്തിന്റെ കടമയാണ്; അത് വിപ്ലവത്തിന്റെ ആവശ്യകതയാണ്" എന്നാണ് അദ്ദേഹം പറഞ്ഞത്. ഇൻഡോ-ചൈന ദ്വീപുകളിലെ വിപ്ലവത്തെ അദ്ദേഹം അഭിനന്ദിച്ചു. "രണ്ടും മൂന്നുമല്ല, അനവധി വിയറ്റ്നാമുകളെ സൃഷ്ടിക്കുക" എന്നാണ് അദ്ദേഹം ഉദ്ബോധിപ്പിച്ചത്.

ചെ ഗുവേരക്ക് അനവധി ഗുണങ്ങളുണ്ടായിരുന്നു. അദ്ദേഹം ഒരു ഡോക്ടറായിരുന്നു. ഫോട്ടോഗ്രാഫറായിരുന്നു. ഗറില്ലയായിരുന്നു. തൊഴിലാളിയായിരുന്നു. ബുദ്ധിജീവിയായിരുന്നു. ഭരണാധികാരിയായിരുന്നു. വിപ്ലവ കമ്മ്യൂണിസ്റ്റായിരുന്നു. ഭർത്താവായിരുന്നു. പിതാവായിരുന്നു. എന്നാൽ എല്ലാറ്റിനുമുപരി അദ്ദേഹം ഒരു മനുഷ്യനായിരുന്നു. ധർമ്മിഷ്ടനായ പരോപകാരിയായിരുന്നു. തികഞ്ഞ ബുദ്ധിയും സംവേദന ക്ഷമതയുമുള്ള നേതാവായിരുന്നു. ഏത് കാലഘട്ടത്തിൽ ജീവിച്ചിരുന്നാലും അദ്ദേഹം വേറിട്ട വ്യക്തിത്വത്തിനുടമയായിരിക്കുകയും സമൂഹത്തെ മികച്ച രീതിയിൽ പരിവർത്തനപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുമായിരുന്നുവെന്ന കാര്യം ഉറപ്പാണ്.

ചെ ഗുവേര നമുക്കറിയാവുന്നത് പോലെ അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ സൃഷ്ടിയാണ്. ഒക്ടോബർ വിപ്ലവവും, പാരീസ് കമ്മ്യൂണും, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുമെല്ലാം ചെ ഗുവേരക്ക് മുമ്പുണ്ടായതാണ്. ചരിത്രത്തിൽ ആദ്യമായി ഈ ലോകത്തെ പരിവർത്തനപ്പെടുത്തുവാൻ കഴിവുള്ള ദർശനമായ മാർക്സിസ്റ്റ് സിദ്ധാന്തം അവതരിപ്പിക്കപ്പെട്ട് കഴിഞ്ഞിരുന്നു. ഇവയെല്ലാം ചെറുപ്പകാലം മുതലേ ചെ ഗുവേരയിൽ വളരെയധികം സ്വാധീനം ചെലുത്തി. ഒരു വശത്ത് ഈ അറിവും ഭൂതകാലാനുഭവങ്ങളെ ഉൾക്കൊള്ളാനും അവയെ വിശകലനം ചെയ്യാനുള്ള കഴിവും മറുവശത്ത് ആ അറിവുകളെ പ്രായോഗിക തലത്തിലെത്തിക്കുന്നതിനുള്ള ബൌദ്ധികമായ കഴിവും ആത്മബലവുമാണ് അദ്ദേഹത്തെ മറ്റുള്ള നേതാക്കളിൽ നിന്നും വ്യത്യസ്തനാക്കുന്നത്.

മരണാനന്തരം ചെ ഗുവേര അമരത്വം കൈവരിച്ചു. വിപ്ലവത്തിന്റേയും അന്തർദേശീയതയുടേയും ശാശ്വത പ്രതീകമായി. ലോകത്തിന്റെ ഏത് കോണിലുമുള്ള ജനങ്ങൾക്ക് തിരിച്ചറിയാവുന്ന സാർവ്വദേശീയ മുഖമായി.

ഒരു റൊമാന്റിക് വിപ്ലവകാരിയായി ചെ ഗുവേരയെ ചിത്രീകരിക്കാൻ ചില പാശ്ചാത്യ രാജ്യങ്ങൾ ശ്രമിച്ചു. പക്ഷേ ചെ ഗുവേര ഒരിക്കലും അങ്ങിനെയായിരുന്നില്ല. സാമ്രാജ്യത്വത്തിനും കോളോണിയലിസത്തിനും എതിരായ ഉൾക്കാഴ്ചയോടെ പ്രായോഗിക തത്വങ്ങളിൽ ഉറച്ച് നിന്ന പോരാളിയായിരുന്നു അദ്ദേഹം. "സമാധാനപരമായ മാർഗ്ഗ ങ്ങളിലൂടെ സോഷ്യലിസ്റ്റ് ആധിപത്യം സ്ഥാപിക്കാൻ കഴിയുമോ ഇല്ലയോ" എന്ന് ചോദ്യത്തിന് "മിക്കപ്പോഴും അത് അസാദ്ധ്യമാണ്" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

മുറിവുകൾ, പട്ടിണി, ഉറക്കമില്ലായ്മ, ഗറില്ല യുദ്ധമുണ്ടാക്കിയ ബുദ്ധിമുട്ടുകൾ, വിട്ടുമാറാത്ത ആസ്മ, സി.ഐ.എ.ചാരന്മാരാൽ വധിക്കപ്പെട്ട സഖാക്കളുടെ വിയോഗം, ഏകാന്തത ഇതൊക്കെയായിട്ടും ചെ ഗുവേര സ്വതസിദ്ധമായ ഉത്സാഹത്തോടെയും അഭിമാനത്തോടെയും ശത്രുക്കൾക്ക് പേടി സ്വപ്നം സമ്മാനിച്ചു കൊണ്ട് നിലകൊണ്ടിരുന്നു. ജീവനുള്ള ചെ ഗുവേരയേയും ജീവനില്ലാത്ത ചെ ഗുവേരയേയും ശത്രുക്കൾ ഒരുപോലെ ഭയപ്പെട്ടു.

ശത്രുക്കളാൽ പീഡിപ്പിക്കപ്പെട്ട് അവശനായി കിടക്കുന്ന ചെ ഗുവേരയുടെ നേർക്ക് വെടിയുതിർക്കാൻ നിയുക്ത നായ മരിയോ ടെറാൻ എന്ന പട്ടാളക്കാരൻ പക്ഷേ പേടിച്ച് വിറക്കുകയായിരുന്നു. അപ്പോഴും ചെ ഗുവേര അയാളുടേ നേരേ നോക്കി പറഞ്ഞു "ഭീരൂ, വെടിയുതിർക്കൂ, നിങ്ങൾ കൊല്ലാൻ പോകുന്നത് ഒരു മനുഷ്യനെയാണ്".

കേട്ടറിവിന്റെ അടിസ്ഥാനത്തിൽ ചെഗുവേരയുടെ അന്ത്യ നിമിഷങ്ങളെക്കുറിച്ച് ഫിഡൽ കാസ്ട്രോ ഇങ്ങനെ സ്മരിക്കുന്നു. "പിന്നീട് അമിതമായി മദ്യപിച്ച അയാൾ (മരിയോ ടെറാൻ) വിറക്കുന്ന കരങ്ങളോടെ താനെന്താണ് ചെയ്യുന്നതെന്ന ബോധം പോലുമില്ലാതെ തോക്കുയർത്തി ചെ ഗുവേരയുടെ ഇടതു ചെന്നിയിലേക്ക് വെടി വക്കുകയായിരുന്നു. ആ സമയം തന്നെ ഫെലിക്സ് റാമോസ് എന്ന സി.ഐ.എ. ഏജന്റ് ചെ ഗുവേരയുടെ ഹൃദയം ലക്ഷ്യമാക്കിയും വെടിയുതിർക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കണ്ണുകൾ അടഞ്ഞിരുന്നില്ല. തോക്കിൻ കുഴലുകൾ തനിക്ക് നേരേ ഉയർന്നു വന്നപ്പോഴും ആ കണ്ണുകൾ താഴ്ന്നിരുന്നില്ല."

അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങിയിരുന്നുവെന്നും അവ വല്ലാതെ ആകർഷിക്കുന്നവയുമായിരുന്നുവെന്നും ചെ ഗുവേരക്ക് നേരേ വെടിവച്ച ടെറാൻ പിന്നീട് പറയുകയുണ്ടായി. "അദ്ദേഹം ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന് ജീവനുണ്ടെന്ന് തോന്നി", ഒരു കന്യാസ്ത്രീ പറഞ്ഞു. "അദ്ദേഹം ക്രിസ്തുവിനെപ്പോലെയാണ്" എന്ന് പറഞ്ഞ് മറ്റൊരു സ്ത്രീ വിലപിക്കുന്നുണ്ടായിരുന്നു. അങ്ങിനെ ചെ ഗുവേര അനശ്വരരായ വീര നായകരുടെ ഗണത്തിൽ ചെന്നു ചേർന്നു.

ചെ ഗുവേരയുടെ മരണത്തിന് ആറു മാസം കഴിഞ്ഞാണ് ആർബർട്ട് കോർദയുടെ പ്രശസ്തമായ "ഗറില്ലേറോ ഹീറോയിക്കൊ" (വീരനായ ഗറില്ല) എന്ന ചെ ഗുവേരയുടെ ഫോട്ടോ പതിച്ച പോസ്റ്റർ പുറത്തിറങ്ങിയത്. ആ പോസ്റ്ററിന്റെ രണ്ട് ലക്ഷം കോപ്പികളാണ് വിറ്റഴിഞ്ഞത്. ക്യൂബൻ സർക്കാരിന്റെ കൈകളിലെത്തിച്ചേരുന്നതിന് മുമ്പ് ആയുധങ്ങളും വെടിക്കോപ്പുകളുമായി എത്തിയ ഫ്രഞ്ച് കപ്പലായ 'ലാ കൂ

ബ്രേ'യെ ഹവാന തുറമുഖത്ത് വച്ച് സി.ഐ.എ. ഏജന്റുമാർ 1960 മാർച്ച് 5-ന് തകർക്കുകയുണ്ടായി. അതിൽ മരണമടഞ്ഞവരുടെ ശവസംസ്ക്കാര വേളയിലാണ് ആർബർട്ട് കോർദ ആ ഫോട്ടോയെടുത്തത്. ആ ഫോട്ടോക്ക് പ്രതിഫലമോ അത് വിറ്റുകിട്ടിയതിൽ നിന്നുള്ള വിഹിതമോ അദ്ദേഹം ആവശ്യപ്പെട്ടില്ല. താനെടുത്തെ ചിത്രത്തിലൂടെ ചെ ഗുവേരയുടെ ആശയങ്ങളും ആദർശങ്ങളും ലോകമെമ്പാടും പരക്കുന്നതിൽ അദ്ദേഹം അഭിമാനം കൊണ്ടിരുന്നു. എന്നാൽ സ്മിർനോഫ് കമ്പനി തങ്ങളുടെ വോഡ്ക്കയുടെ പരസ്യത്തിന് ആ ചിത്രം ഉപയോഗിച്ചപ്പോൾ കോർദ പൊട്ടിത്തെറിച്ചു. ലഹരി വസ്തുക്കളോട് ഒരു വിധ ആഭിമുഖ്യവുമില്ലാതിരുന്ന ചെ ഗുവേരയുടെ ചിത്രം മദ്യക്കച്ചവടത്തിന്റെ പരസ്യത്തിന് ഉപയോഗിച്ചത് അദ്ദേഹത്തോടുള്ള തികഞ്ഞ അനാദരവായി കോർദ കരുതി. ലണ്ടൻ ഹൈക്കോടതി അനുവദിച്ച നഷ്ട പരിഹാരമായ 50000 ഡോളർ ക്യൂബൻ സർക്കാരിന്റെ ദേശീയ ആരോഗ്യ പദ്ധതിക്കായി സംഭാവന നൽകുകയാണ് കോർദ ചെയ്തത്.

ചെ ഗുവേരയുടെ ജീവിതകഥ നമ്മുടെ കാലത്തെ യഥാർത്ഥ മനുഷ്യന്റെ ജീവിതകഥയാണ്. "മാനവരാശിയുടെ നിത്യ വസന്തത്തിനായി അദ്ദേഹം തന്റെ ജീവൻ ബലിയർപ്പിച്ചു"വെന്ന് ജീൻ പോൾ സാർത്ര് എഴുതി. "ചരിത്രം ഇന്നുവരെ ദർശിച്ചിട്ടില്ലാത്ത സമഗ്രതയുടേയും ധൈര്യത്തിന്റേയും നിസ്വാർത്ഥതയുടേയും അപൂർവങ്ങളിൽ അപൂർവമായ ഉദാഹരണമാണ് ചെ ഗുവേര. തന്റെ ഏറ്റവും കടുത്ത പ്രത്യയ ശാസ്ത്ര ശത്രുക്കൾ പോലും ചെ ഗുവേരയെ ബഹുമാനിച്ചിരുന്നു. അദ്ദേഹത്തിന്റെ മരണം സമകാലിക യാഥാർത്ഥ്യങ്ങളെ ഓർമ്മിപ്പിക്കുന്നു. ചെ ഗുവേര സാധാരണക്കാർക്കും പാവപ്പെട്ടവരുക്കും വേണ്ടി ജീവിച്ചു. അവർക്ക് വേണ്ടി മരണം വരിച്ചു. അദ്ദേഹം ഒരു മാതൃകാ മനുഷ്യനാണ്. മാർക്സിസം-ലെനിനിസത്തിന്റെ ആശയങ്ങൾ പൂർണ്ണമായും അദ്ദേഹം ഉൾക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ അഹങ്കാരമുണ്ടായിരുന്നില്ല. പ്രവർത്തികളിൽ അനീതി ഉണ്ടായിരുന്നില്ല. ആരേയും മടികൂടാതെ, വേണ്ടി വന്നാൽ സ്വന്തം ചോര ചിന്തിയിട്ടാണെങ്കിൽപ്പോലും, സഹായിക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു", ഫിഡൽ കാസ്ട്രോ ഓർമ്മിക്കുന്നു.

ചെഗുവേരയുടെ ജീവിതവും പ്രവർത്തനങ്ങളും വിലയിരുത്തുകയും അദ്ദേഹത്തിന്റെ മഹത്വവും സവിശേഷതകളും പഠിക്കുന്നതും ട്രേഡ് യൂണിയൻ പ്രവർത്തകർക്ക് എന്നും പ്രചോദനമേകും. അദ്ദേഹത്തിന്റെ സവിശേഷതകളെ നമുക്കിങ്ങനെ ക്രോഡീകരിക്കാം.

1. വിപ്ലവത്തിൽ ഉറച്ച വിശ്വാസമുള്ള ജനനായകനായിരുന്നു ചെ ഗുവേര. ആ അചഞ്ചലമായ വിശ്വാസം അദ്ദേഹത്തെ പോരാട്ടങ്ങളിൽ ധീരനാക്കി. മരണത്തിന് മുന്നിൽ നിർഭയനാക്കി.
2. അനീതി, ചൂഷണം, മുതലാളിത്തം എന്നിവയെ അദ്ദേഹം വെറുത്തു. സാമ്രാജ്യത്വത്തോടും സാമ്രാജ്യത്വ ഇടപെടുകളോടും അദ്ദേഹത്തിന് കടുത്ത അവജ്ഞയായിരുന്നു.
3. അദ്ദേഹം അന്താരാഷ്ട്ര വാദിയായിരുന്നു. ഈ ഭൂഗോളത്തെ മുഴുവൻ ഒന്നായി കാണുവാനും അന്താരാഷ്ട്ര തലത്തിലുള്ള ലക്ഷ്യങ്ങൾക്ക് അദ്ദേഹം മുൻഗണന നൽകുകയും ചെയ്തു.
4. തികച്ചും ലളിത ജീവിതം നയിച്ച നേതാവായിരുന്നു അദ്ദേഹം. സാധാരണക്കാരേയും തൊഴിലാളികളേയും പിന്നോക്കക്കാരേയും അദ്ദേഹം അങ്ങേയറ്റം സ്നേഹിച്ചു. അവരിലൊരുവനാണ് താനുമെന്ന ബോധം അദ്ദേഹത്തിനുണ്ടായിരുന്നു.
5. സൈദ്ധാന്തികവും രാഷ്ട്രീയപരവുമായ ഉന്നത നിലവാരം അദ്ദേഹം പുലർത്തിയിരുന്നു. മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ പഠിക്കുകയും പഠിച്ച അറിവ് പരിപോഷിപ്പിക്കുകയും അവയെ സൃഷ്ടിപരമായി സ്വാംശീകരിക്കുകയും ചെയ്തു.
6. കർമ്മ രംഗത്തെ തികഞ്ഞ വിപ്ലവകാരിയായിരുന്നു ചെ ഗുവേര. തറ്റെ വിശ്വാസങ്ങളിൽ നിന്നും തത്വങ്ങളിൽ നിന്നും കടുകിട വ്യതിചലിക്കാതെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തിയും ഒന്നായിരുന്നു.
7. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിനും വ്യക്തിഗത മേൽക്കോയ്മക്കും അദ്ദേഹം എതിരായിരുന്നു. തന്നോടോപ്പമുള്ള സഖാക്കളെ തന്നെപ്പോലെ കരുതി. സ്നേഹവും കരുതലും നൽകി അദ്ദേഹം അവരുടെ വിശ്വാസവും ആദരവും നേടിയെടുക്കുന്നതിൽ വിജയിച്ചു.
8. അർപ്പണ ബോധവും മനഃസാക്ഷിയുമുള്ള വിപ്ലവകാരിയായിരുന്നു അദ്ദേഹം. തന്റെ ശാരീരികവും മാനസിക വുമായ എല്ലാ ശക്തിയും ജനങ്ങളുടെ വിമോചനത്തിനായുള്ള പോരാട്ടങ്ങൾക്കായി അദ്ദേഹം സമർപ്പിച്ചു.

സുഹൃത്തുക്കളെ,

തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിലെ അംഗങ്ങളെല്ലാവരും ചെഗുവേരയുടെ ജീവിത സന്ദേശം പഠിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. പ്രത്യേകിച്ച് യുവ തലമുറയിലെ പ്രവർത്തകർ. അവർ നമ്മുടെ ഭൂതകാല ചരിത്രം അറിഞ്ഞിരിക്കണം. നമ്മുടെ രക്തസാക്ഷികളുടെ ജീവിത കഥ അറിഞ്ഞിരിക്കണം.

അത്യന്തം ബുദ്ധിമുട്ടേറിയ കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. നമുക്ക് മുന്നിൽ പ്രതിബന്ധങ്ങളും അപകടങ്ങളും ചതിക്കുഴികളും ഏറെയുണ്ട്. അന്താരാഷ്ട്ര ബൂർഷ്വാസി ട്രേഡ് യൂണിയനുകളെ ആക്രമിക്കുകയാണ്. ട്രേഡ് യൂണിയൻ സ്വാതന്ത്ര്യത്തേയും തൊഴിലാളികളുടെ അവകാശങ്ങളേയും അത് നിരന്തരം ആക്രമിക്കുന്നു. (ഐ.എൽ.ഒ പോലുള്ള) അന്താരാഷ്ട്ര സംഘടനകളാകട്ടെ അവരുടെ ചുമതലകളും കർത്തവ്യങ്ങളും നേരാംവണ്ണം നിർവ്വഹിക്കുന്നില്ല. ആ സാഹചര്യങ്ങളിൽ വർഗ്ഗ സമരങ്ങളിലാണ് തൊഴിലാളിയുടെ പ്രതീക്ഷ. അന്താരാഷ്ട്ര ഐക്യ ദാർഢ്യത്തോടെയും വർഗ്ഗസമരത്തിലൂടേയും ത്യാഗ സന്നദ്ധതയിലൂടേയും വിജയം കൈവരിക്കാനാവുമെന്നാണ് ചെ ഗുവേര നമ്മെ പഠിപ്പിച്ചത്.

ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ഇന്ന് ഈ ഭൂഗോളത്തിന്റെ ഓരോ മുക്കിലും മൂലയിലും സജീവമാണ്. അഞ്ച് ഭൂഖണ്ഡങ്ങളിലെ 133 രാജ്യങ്ങളിൽ ലോക ട്രേഡ് യൂണിയൻ പ്രവർത്തിക്കുന്നു. 105 ദശലക്ഷം അംഗങ്ങളുള്ള സംഘടനക്ക് നിരവധി മേഖല, പ്രാദേശിക കേന്ദ്രങ്ങളുണ്ട്. വിപ്ലവാത്മകവും, വർഗ്ഗാധിഷ്ഠിതവും സത്യസന്ധവുമായ സംഘടനയാണത്. അത് ഇതിനകം വളരെ ദൂരം സഞ്ചരിച്ചു കഴിഞ്ഞു. ഇനിയുമേറെ ദൂരം അതിന് താണ്ടേതുണ്ട്.

ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ തൊഴിലാളികളെ ശാക്തീകരിക്കുന്നു. അന്താരാഷ്ട്രതയെ ദൃഢീകരിക്കുന്നു. വർഗ്ഗ സമരങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. മുതലാളിത്തത്തിനെതിരേ യുദ്ധം ചെയ്യുന്നു. സാമ്രാജ്യത്വത്തിനും യുദ്ധങ്ങൾക്കുമെതിരെ സന്ധിയില്ലാ സമരം ചെയ്യുന്നു. ഈ പോരാട്ടങ്ങൾ അന്തിമ വിജയം കൈവരിക്കും വരെ നാം തുടരും. തീർച്ചയായും അന്തിമ വിജയം നമ്മുടേത് തന്നെയാണ്.

മരണത്തിലും ചെ ഗുവേര വിജയിക്കുകയായിരുന്നു. അദ്ദേഹം നീണാൾ വാഴട്ടെ.

# ദാരിദ്ര്യത്തിനെതിരായ പോരാട്ടം

## (ഒക്ടോബർ 17 – അന്താരാഷ്ട്ര ദാരിദ്ര്യനിർമ്മാർജ്ജന ദിനം. പ്രസ്തുത ദിനത്തോടനുബന്ധിച്ച് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ പുറപ്പെടുവിച്ച പ്രസ്താവന)

**ദാ**രിദ്ര്യം എവിടെയാണെങ്കിലും അത് പുരോഗതിക്ക് വെല്ലുവിളിയുയർത്തും- ദാരിദ്ര്യത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചു കൊണ്ട് ലോക ട്രേഡ് യൂണിയൻ ഫെഡറേഷന്റെ പ്രസിദ്ധമായ ഫിലഡൽഫിയ കൺവെൻഷൻ പ്രസ്താവനയാണിത്.

ആഗോളസമ്പത്തിന്റെ പകുതിയും ഒരു ശതമാനം വരുന്ന സമ്പന്നരുടെ പക്കലാണ്. 11 ട്രില്യൻ വരുന്ന ആ സമ്പത്ത് ലോകത്തെ പകുതി ജനങ്ങളുടെ പക്കലുള്ള സമ്പത്തിന്റെ 65 ഇരട്ടി വരും. ബാക്കി പകുതിയുടെ കൈവശമുള്ള സമ്പത്തിന് തുല്യമായ തുക ലോകത്തെ ഏറ്റവും വലിയ സമ്പന്നരായ 85 പേരുടെ കൈവശമുണ്ട്. ആഗോള ജനസംഖ്യയുടെ 70 ശതമാനവും വസിക്കുന്നത് കഴിഞ്ഞ മൂന്ന് ദശകങ്ങളായി അസമത്വം വർദ്ധിച്ചു കൊണ്ടിരിക്കുന്ന രാഷ്ട്രങ്ങളിലാണ്. 2008-ലെ സാമ്പത്തിക മാന്ദ്യത്തിന് ശേഷം അമേരിക്ക കൈവരിച്ച വളർച്ചയുടെ 95 ശതമാനവും കയ്യടക്കിയത് അവിടുത്തെ ഒരു ശതമാനം വരുന്ന ശതകോടീശ്വരന്മാരാണ്. 24 രാജ്യങ്ങളിലെ ഒരു ശതമാനം വരുന്ന അതി സമ്പന്നർ അവരുടെ വരുമാനം വർദ്ധിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ലോകത്താകമാനം പോഷകാഹാരക്കുറവിനാൽ മാത്രം 115 ദശലക്ഷം കുട്ടികൾ പ്രതിവർഷം മരണമടയുന്നു.

ഏതാനും വർഷങ്ങൾക്ക് മുമ്പ് വെളിപ്പെടുത്തിയ ഈ കണക്കുകളിൽ ഒരു വ്യത്യാസവും ഉണ്ടായിട്ടില്ല. മുതലാളിത്ത രാജ്യങ്ങളിൽ അസമത്വം വർദ്ധിക്കുന്നു. ദാരിദ്ര്യവും ദുരിതങ്ങളും അനുഭവിക്കുന്നവരുടെ എണ്ണം നാൾക്കു നാൾ വർദ്ധിച്ചു വരുന്നു.

പല രാജ്യങ്ങളിലും കുത്തകകളാണ് നിയമങ്ങൾ നിർണ്ണയിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ വെറും നോക്കുകുത്തികളായി ഭവിച്ചിരിക്കുന്നു. അധികാരം കയ്യാളുന്നത് സർക്കാരുകളല്ല; മറിച്ച് ബഹുരാഷ്ട്ര കുത്തകകളും കോർപ്പറേറ്റ് ഭീമന്മാരുമാണ്.

ലോകത്തെ പകുതിയോളം തൊഴിലാളികൾക്ക് തങ്ങളുടേയും തങ്ങളുടെ കുടുംബങ്ങളുടേയും പട്ടിണിയകറ്റാൻ അത്യാവശ്യം വേണ്ട 2 ഡോളർ പോലും ദിവസേന നേടാൻ കഴിയുന്നില്ലന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ പഠനം വെളിപ്പെടുത്തുന്നു. ധനികരുടെ ആർത്തി നിറവേറ്റപ്പെടുകയും ദരിദ്രരുടെ ആവശ്യങ്ങൾ നിരാകരിക്കപ്പെടുകയുമാണ്. മുതലാളിത്ത വ്യവസ്ഥയിലധിഷ്ഠിതമായ വികസന നയങ്ങളുടെ പരിണിത ഫലമാണിത്

വലിയ പ്രതിസന്ധികൾ ഗുരുത



ര പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. സാമ്പത്തിക മാന്ദ്യം ഒറ്റപ്പെടുത്തലുകൾക്കും ദേശീയതാ വാദത്തിനും ഫാസിസത്തിനും വഴിമരുന്നിട്ടു. കോവിഡ് മഹാമാരി ദരിദ്രരും ഇടത്തരക്കാരുമായ തൊഴിലാളികളെ നിത്യദാരിദ്ര്യത്തിലാക്കി. അവരുടെ ഉപജീവനമാർഗ്ഗങ്ങൾ അടച്ചു.

അവസരത്തിനൊത്ത് ഉയർന്ന് പ്രവർത്തിക്കാത്ത സർക്കാരുകളും ധ്രുവീകരിക്കപ്പെട്ട സമൂഹങ്ങളും ദുർബ്ബലമായ രാഷ്ട്രീയ നേതൃത്വങ്ങളുമെല്ലാം ചേർന്ന് പല രാജ്യങ്ങളേയും അവിടുത്തെ സമ്പദ് വ്യവസ്ഥയേയും തകർത്തു. അതിന്റെ ഫലമായി അവിടങ്ങളിൽ ദാരിദ്ര്യം വർദ്ധിച്ചു. അതേ സമയം കുത്തകകൾ കനത്ത ലാഭം കൊയ്തു.

കോവിഡ് മഹാമാരിയും വളർന്ന് വരുന്ന വലതുപക്ഷ ജനകീയതയും സ്വേഛാധിപത്യ പ്രവണതകളുമെല്ലാം കൂടിച്ചേർന്ന് ലോകത്തെ പ്രശ്നങ്ങൾ വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നു. തൊഴിൽ രഹിതരുടെ എണ്ണം ദശലക്ഷക്കണക്കിനാണ്. അനവധി പേർ പോഷകാഹാരക്കുറവ് നേരിടുന്നു. പല രാജ്യങ്ങളിലേയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും പരിപാടികളും കടലാസിൽ മാത്രം ഒതുങ്ങുന്നു. ഭക്ഷ്യ സുരക്ഷ, വരുമാന സുരക്ഷ, സാമൂഹ്യ പരിരക്ഷ, സുസ്ഥിര വികസനം എന്നിവ എല്ലാവർക്കും ഉറപ്പ് വരുത്തുകയാണ് ഇന്നത്തെ ആവശ്യം.

തൊഴിലാളികൾ, യുവ ജനങ്ങൾ, കുടിയേറ്റക്കാർ, അസംഘടിത മേഖലയിലെ തൊഴിലാളികൾ തുടങ്ങിയ സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായ ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ നിറവേറുവാനും അവകാശങ്ങളും അംഗീകരിക്കപ്പെടാനും വർഗ്ഗാധിഷ്ഠിത പോരാട്ടങ്ങളല്ലാതെ മറ്റ് പോംവഴികളില്ലന്ന് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ആവർത്തിച്ച് പ്രഖ്യാപിക്കുന്നു.

കാലാവസ്ഥാ വ്യതിയാനം ആഗോള പ്രതിസന്ധിയായി മാറിയിരിക്കുന്നു. കാലാവസ്ഥ പ്രതിസന്ധിയെ നേരിടുന്നതിൽ പരാജയപ്പെട്ടത് കാരണം രാജ്യങ്ങളും സമൂഹങ്ങളും തമ്മിലുള്ള അസമത്വം വർദ്ധിക്കുന്നു. ഭക്ഷ്യ സുരക്ഷ അവതാളത്തിലാകുന്നു. ജലവിതരണം തടസ്സപ്പെടുന്നു. ദശലക്ഷക്കണക്കായ തൊഴിലാളികളുടെ ഉപജീവന മാർഗ്ഗങ്ങളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. അങ്ങിനെയാണ് കാലാവസ്ഥ വ്യതിയാനം തൊഴിലാളികളുടേയും സമൂഹത്തിന്റേയും പ്രശ്നമായി മാറുന്നത്. ആ പ്രശ്നത്തിനറുതി വരുത്താനുള്ള യത്നങ്ങളിൽ സാധ്യമാകുന്നടത്തെല്ലാം പുരോഗമന സാമൂഹ്യ പ്രസ്ഥാനങ്ങളുമായി തൊഴിലാളി വർഗ്ഗം സഹകരിച്ച് പ്രവർത്തിക്കണം.

കുടിയേറ്റ തൊഴിലാളികളെ സൃഷ്ടിക്കുന്നത് മുതലാളിത്ത വ്യവസ്ഥയാണ്. ഭരണകൂടങ്ങളും തൊഴിൽ ബന്ധങ്ങളും കുടിയേറ്റ തൊഴിലാളികളെ കൂടുതൽ ദുർബ്ബലരാക്കുന്നു. ഈ തൊഴിലാളികളെ സംരക്ഷിക്കുന്നതിൽ തൊഴിലാളി സംഘടനകൾ സുപ്രധാന പങ്ക് വഹിക്കണം.

ലോകത്തെ പകുതിയോളം രാജ്യങ്ങളിൽ സമ്പൂർണ്ണ ജനാധിപത്യം നിലവിലില്ല. തൊഴിലാളികൾക്ക് സംഘടിക്കാനുള്ള സ്വാതന്ത്ര്യമില്ല. കൂട്ടായ വിലപേശാനുള്ള അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്നു. ദാരിദ്ര്യം വർദ്ധിക്കുന്നതിനുള്ള വഴികളാണിതെല്ലം. എന്നാൽ ബന്ധപ്പെട്ട സർക്കാരുകൾ ആരായുന്നത് പ്രശ്ന പരിഹാര മാർഗ്ഗങ്ങളല്ല. മറിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഇത്തരം പിന്തിരിപ്പൻ സർക്കാരുകൾക്കെതിരേ ജനങ്ങളെ അണിനിരത്തേണ്ടതും പോരാടേണ്ടതും അനിവാര്യമാണ്. ആ കർത്തവ്യം നിറവേറ്റുന്നതിൽ തൊഴിലാളി വർഗ്ഗം മുൻപന്തിയിലുണ്ടാവണം.

ദാരിദ്ര്യത്തിനെതിരായ പോരാട്ടം ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ തുടരുകയാണ്. ദരിദ്രരുടേയും തൊഴിലാളി വർഗ്ഗത്തിന്റേയും ആവശ്യങ്ങൾ നിറവേറ്റേണ്ടതായുണ്ട്. ദാരിദ്യത്തെ ഈ ലോകത്ത് നിന്ന് തുടച്ച് നീക്കുന്നതിനും ദാരിദ്ര്യം സൃഷ്ടിക്കുന്നതിനും അത് നിലനിർത്തുന്നതിനും ഉതകുന്ന നയങ്ങൾ രൂപീകരിക്കുന്ന ഭരണ കൂടങ്ങളെ അധികാരത്തിൽ നിന്ന് നിഷ്ക്കാസിതരാക്കാനുമുള്ള പോരാട്ടത്തിൽ അണിചേരാൻ ലോകമെമ്പാടുമുള്ള തൊഴിലാളികളോടും സാധാരണ ജനങ്ങളോടും ലോക ട്രേഡ് യൂണിയൻ അഭ്യർത്ഥിക്കുന്നു.

ദാരിദ്ര്യം ഈ ഭൂമുഖത്ത് നിന്ന് നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുവാനും അത് നടപ്പാക്കുന്നതിന് നേതൃത്വം നൽകാനും ഐക്യരാഷ്ട്ര സഭയോടും അന്താരാഷ്ട്ര തൊഴിൽ സംഘടനയോടും ഞങ്ങൾ ആവശ്യപ്പെടുന്നു.

○



# ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ (WFTU) സ്ഥാപകദിനാചരണം




കൊല്ലം




ആലപ്പുഴ




കോട്ടയം




പാലക്കാട്




പത്തനംതിട്ട




തിരുവനന്തപുരം




വയനാട്

# ഒക്ടോബർ 31 - AITUC സ്ഥാപകദിനം



## സഖാവ് ഗുരുദാസ് ദാസ് ഗുപ്ത ദിനം